IV സബ്മിഷൻ

(1) കേരള ലോട്ടറിയുടെ വ്യാജ വിപണനം

ശ്രീ. സുമേഷ് അച്ചുതൻ: സർ, കേരളത്തിലെ രണ്ടുലക്ഷത്തിലധികം വരുന്ന ഭിന്നശേഷിക്കാർ ഉൾപ്പെടെയുള്ള സാധാരണക്കാരുടെ ഉപജീവന മാർഗമാണ് കേരള ലോട്ടറി. എന്റെ നിയോജകമണ്ഡലം തമിഴ്നാടുമായി അതിർത്തി പങ്കിടുന്ന പ്രദേശമാണ്. അവിടെ ലോട്ടറി കച്ചവടം വളരെ സജീവമായി നടക്കുന്ന മേഖലയാണ്; കാരണം തമിഴ്നാട്ടിൽ ലോട്ടറി നിരോധിച്ചിരിക്കുന്നതിനാൽ, അവിടെനിന്നുള്ള ആളുകൾ ലോട്ടറി വാങ്ങാനായി മാത്രം എന്റെ നിയോജകമണ്ഡലത്തിൽ വരികയും ലോട്ടറി ടിക്കറ്റ് വാങ്ങി മടങ്ങുകയും ചെയ്യാറുണ്ട്. ആയിരത്തിലധികം ലോട്ടറിക്കടകൾ എന്റെ നിയോജകമണ്ഡലത്തിലുണ്ട്. അതിൽ ഒരു കടയിൽ കയറിയാൽ അഞ്ച് മുതൽ പത്തും പതിനഞ്ചും വരെ ഏജന്റുമാരുടെ ഫോൺ നമ്പറുകൾ പതിപ്പിച്ചിരിക്കുന്നത് കാണാം. അത്രയധികം കച്ചവടം നടക്കുന്നൊരു പ്രദേശമാണിത്. അയ്യായിരത്തോളം ആളുകൾക്കാണ് ഈ കച്ചവടത്തിലൂടെ തൊഴിൽ ലഭിക്കുന്നത്. തമിഴ്നാട്ടിൽനിന്നും ലോട്ടറി വാങ്ങാൻ സ്ഥിരമായി

Submission

വരുന്ന ആളുകൾക്ക് ദൂരക്കൂടുതൽ കാരണം വരാൻ ബുദ്ധിമുട്ടായപ്പോൾ ടിക്കറ്റുകളുടെ പടം വാട്സാപ്പിൽ അയച്ചുതന്നാൽ പണം ഓൺലൈനായി നൽകാമെന്ന് ഏജന്റുമാരോട് ആവശ്യപ്പെടുകയും തുടർന്ന് ഇത് ഓൺലൈൻ ഇടപാടായാണ് ആദ്യം തുടങ്ങിയത്. 2011-ലെ കേരള പേപ്പർ ലോട്ടറീസ് (റെഗുലേഷൻ) അമെന്റ്മെന്റ് റൂൾസിലെ സെക്ഷൻ 6(2)-ൽ ടിക്കറ്റുകൾ ഓൺലൈനായി വിൽക്കാൻ പാടില്ലെന്നും ഫിസിക്കൽ ടിക്കറ്റുകൾ മാത്രമെ വിൽക്കാവൂ എന്ന് വ്യവസ്ഥ ചെയ്യുന്നുണ്ട്. ആദ്യഘട്ടത്തിൽ ഒരു സിങ്ങിൾ ലോട്ടറി ഓൺലൈനായി അയച്ചു നൽകിയിരുന്നവർ, ഒരു ടിക്കറ്റ് കാണിച്ചുകൊണ്ട് 12 എണ്ണം (ഒരു സീരീസിലെ 12 ടിക്കറ്റുകളാണുള്ളത്) ഉണ്ടെന്ന് പറഞ്ഞ് പന്ത്രണ്ടിന്റെയും പണം വാങ്ങുന്ന സ്ഥിതിയുണ്ടായി. ഒരു ടിക്കറ്റ് തന്നെ പത്തും ഇരുപതും മുപ്പതും പേർക്ക് വിൽക്കുന്ന രീതിയിലേക്ക് കാര്യങ്ങൾ പോയി. ലാഭക്കൊതി മൂത്ത ചില ഏജന്റുമാർ എ.ഐ. സാങ്കേതികവിദ്യയുടെ സഹായത്തോടെ ടിക്കറ്റ് നമ്പറുകൾ തിരുത്തി വിൽക്കാനും ആരംഭിച്ചു.

മി. സ്പീക്കർ: യെസ്.....യെസ്.....

ശ്രീ. സുമേഷ് അച്ചുതൻ: സർ, നമ്മുടെ ഖജനാവിനുണ്ടാകുന്ന നഷ്ടം ചൂണ്ടിക്കാണിക്കുന്ന വിഷയമായതിനാൽ അല്പസമയം കൂടി അനുവദിക്കണം. സാമൂഹ്യമാധ്യമങ്ങളിലൂടെ പരസ്യം നൽകി ആ പ്രദേശത്ത് ഇതൊരു സമാന്തര വ്യവസായമായി മാറിയിരിക്കുകയാണ്. ചെറിയ സമ്മാനങ്ങളാണ് അടിക്കുന്നതെങ്കിൽ അവർ അപ്പോൾത്തന്നെ സമ്മാനത്തുക ഓൺലൈനായി നൽകും. എന്നാൽ വലിയ തുക സമ്മാനമായി ലഭിച്ചാൽ, ടിക്കറ്റിന്റെ പടം അയച്ചുകൊടുക്കുകയും ഫോൺ സ്വിച്ച് ഓഫ് ചെയ്യുകയും ഫോൺ നശിപ്പിച്ച് ഐഡന്റിറ്റി ഇല്ലാതാക്കുകയും ചെയ്യും. ഐ.ടി. മേഖലയിലുള്ളർ ജോലി രാജിവച്ച് ഇത്തരം വ്യാജ ലോട്ടറി കച്ചവടം നടത്തുന്നത് അവിടെ സർവസാധാരണമാണ്. ദിവസം 50 ലക്ഷം രൂപയിലധികം കച്ചവടം നടത്തുന്ന ചില ഏജന്റുമാർ വരെയുണ്ടെന്നാണ് അറിയാൻ കഴിഞ്ഞത്. ഈ സർക്കാർ വന്നതിനുശേഷം നമ്മുടെ ആഭ്യന്തര വകുപ്പും പൊലീസും ശക്തമായ ഇടപെടലുകൾ നടത്തിയതിലൂടെ പലയിടത്തും റെയ്ഡ് നടത്തുകയുണ്ടായി. ഓരോ കടകളിൽനിന്നും മുപ്പതും നാൽപതും ഫോണുകളാണ് റെയ്ഡിൽ പിടിച്ചെടുത്തത്. ഇതൊരു വൻ തട്ടിപ്പായി

Submission

നമ്മുടെ നാട്ടിൽ നടന്നുവരികയാണ്. പൊലീസിന്റെ കർശന ഇടപെടൽ വന്നപ്പോൾ അവിടെയുള്ള വ്യാജ ലോട്ടറി ഇടപാടുകൾ അവിടെ അവസാനിപ്പിച്ചുവെങ്കിലും അതിർത്തിയിലെ പ്രദേശങ്ങളിൽ നിന്നും പാലക്കാട് ജില്ലയിലെ മറ്റ് പല പ്രദേശത്തേക്കും ജില്ലയ്ക്ക് പുറത്തുള്ള പ്രദേശങ്ങളിലേക്കും മാറ്റിയിട്ടുണ്ട്. വീടുകൾ വാടകയ്ക്കെടുത്ത് പത്തോ പതിനഞ്ചോ ആളുകൾ മുപ്പതോളം ഫോണുകളുമായിരുന്ന് ഓൺലൈൻ വഴി തട്ടിപ്പ് നടത്തുകയാണ്. ഇതുമൂലം സർക്കാരിന് വരുമാനനഷ്ടം ഉണ്ടാകുന്നു എന്നുമാത്രമല്ല, കേരള ലോട്ടറിയുടെ വിശ്വാസ്യത കൂടി നഷ്ടപ്പെടുകയാണ്. ഇതിൽ വലിയ ക്രമസമാധാന പ്രശ്നം കൂടിയുണ്ട്. സമ്മാനമടിച്ചെന്ന് കരുതി വിളിക്കുമ്പോൾ ഫോൺ സ്വിച്ച് ഓഫാണെന്ന് പറയും. ഇതരസംസ്ഥാനക്കാർക്ക് ഇവിടെ വന്ന് പരാതി നൽകാനും കഴിയില്ല; അതിനാൽ അവർ നേരിട്ടെത്തി സംഘർഷങ്ങളും പ്രശ്നങ്ങളും ഉണ്ടാക്കുന്ന സ്ഥിതിവിശേഷവുമുണ്ട്. ഇത് അടിയന്തരമായി നിയന്ത്രിക്കേണ്ടതാണ്. മാറുന്ന കാലഘട്ടത്തിൽ ഓൺലൈൻ ഇടപാടുകൾ എത്രത്തോളം തടയാനാകുമെന്ന് അറിയില്ലെങ്കിലും എന്റെ ഒരു നിർദേശം; അത്

ശരിയാണോ തെറ്റാണോ എന്ന് അറിയില്ല. അത് സർക്കാർ പരിശോധിക്കണം. ലോട്ടറി വിൽക്കുമ്പോൾ ടിക്കറ്റിന്റെ മുൻവശത്തുതന്നെ വാങ്ങുന്ന ആളുടെ പേരും ഏജന്റിന്റെ നമ്പറും കൂടി നോട്ട് ചെയ്തിട്ടാണ് ലോട്ടറി വിൽക്കുന്നതെങ്കിൽ ഓൺലൈനായി കൊടുത്താലും ഒരു പരിധിവരെ ഈ തട്ടിപ്പ് തടയാനാകും. ഈ വിഷയം വളരെ ഗൗരവമായി പരിഗണിക്കണമെന്ന് അഭ്യർഥിക്കുന്നു.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം സബ്മിഷൻ നോട്ടീസിലൂടെ സഭയിൽ ഉന്നയിച്ച വിഷയം വളരെ ഗൗരവത്തോടുകൂടിയാണ് സർക്കാർ കാണുന്നത്. കേരള പേപ്പർ ലോട്ടറിയുടെ മറവിൽ സോഷ്യൽ മീഡിയയും ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സാങ്കേതികവിദ്യ ഉപയോഗിച്ച് നടത്തുന്ന വ്യാജ ലോട്ടറി നിർമ്മാണവും വില്പനയും, ഒരേ ടിക്കറ്റ് തന്നെ നിരവധി ആളുകൾക്ക് അനധികൃതമായി സാമൂഹ്യമാധ്യമങ്ങൾ വഴി വില്പന നടത്തുന്നതുമൂലവും സംസ്ഥാന ഖജനാവിലുണ്ടാകുന്നത് വലിയ സാമ്പത്തിക നഷ്ടമാണ്. പൊതുജനങ്ങൾക്കും ലോട്ടറി തൊഴിലാളികൾക്കും ഉണ്ടാക്കുന്ന

കഷ്ടനഷ്ടങ്ങൾ തുടങ്ങി ലോട്ടറി മേഖലയുമായി ബന്ധപ്പെട്ട് ഒരുപാട് പ്രശ്നങ്ങൾ ഇത് ഉണ്ടാക്കുകയാണ്. ഈ തട്ടിപ്പ് വലിയൊരു ലോബിയായി, വലിയൊരു ക്രൈമായി മാറിയിരിക്കുകയാണ്. പ്രത്യേകിച്ച് പാലക്കാട് പോലുള്ള ജില്ലകളിലാണ് ഇത്തരം സംഭവങ്ങൾ വ്യാപകമായി കണ്ടുവരുന്നത്. ഇതിനെതിരെ പൊലീസ്, ലോട്ടറി വകുപ്പുകൾ കർശന നടപടികളാണ് സ്വീകരിച്ചുവരുന്നത്. ലോട്ടറീസ് (റെഗുലേഷൻ) ആക്ട് അനുസരിച്ച് ഇത്തരത്തിലുള്ള വ്യാജ പ്രവൃത്തികളിൽ ഏർപ്പെടുന്നത് രണ്ടുവർഷം വരെ തടവുശിക്ഷ ലഭിക്കാവുന്ന വലിയ ക്രിമിനൽ കുറ്റമാണ്. വ്യാപകമായി വ്യാജ ലോട്ടറി അച്ചടിച്ചു വിൽക്കുകയും എ.ഐ. ഉപയോഗിച്ച് ഒറിജിനലാണെന്ന് തോന്നിപ്പിക്കും വിധം ആളുകളെ കബളിപ്പിക്കുകയും ചെറിയ സമ്മാനങ്ങൾ നൽകുകയും വലിയ തുകകൾ സമ്മാനമായി ലഭിക്കുമ്പോൾ ഫോൺ സ്വിച്ച് ഓഫ് ചെയ്ത് പോകുകയും ചെയ്യുന്ന വലിയൊരു തട്ടിപ്പാണ് നടത്തുന്നത്. ഇത്തരം തട്ടിപ്പുകാരെ മുഴുവൻ നിയമത്തിന് മുന്നിൽ കൊണ്ടുവരാനുള്ള കർശനമായ നടപടികൾ സർക്കാർ സ്വീകരിക്കും. വലിയ നഷ്ടം സർക്കാരിന്റെ ഖജനാവിന് ഇതുമൂലം

ഉണ്ടാകുന്നുണ്ട്.

(2) പൂഞ്ഞാർ പാക്കേജ് പ്രഖ്യാപിക്കൽ

ശ്രീ. സെബാസ്റ്റ്യൻ എം. ജെ.: സർ, കഴിഞ്ഞ ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ രണ്ടുതവണയുണ്ടായ ഉരുൾപൊട്ടൽമൂലം പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നാലുപേർ മരണപ്പെടുകയും ഇരുപതോളം വീടുകൾക്ക് പൂർണ്ണമായും നാശനഷ്ടം സംഭവിക്കുകയും ചെയ്തു. കൂടാതെ, തൊള്ളായിരത്തോളം കടകളിലെ സാധനങ്ങൾ വെള്ളം കയറി പൂർണ്ണമായി നശിച്ചുപോയിട്ടുണ്ട്. ഇതോടൊപ്പം നിരവധി റോഡുകൾക്കും പാലങ്ങൾക്കും ഗുരുതരമായ നാശനഷ്ടങ്ങൾ സംഭവിച്ചതിനാൽ യാത്രാക്ലേശം ഗുരുതരമായി വരുന്നൊരു സാഹചര്യമുണ്ട്. ഏറ്റവും കൂടുതൽ വിനോദസഞ്ചാരികൾ ആശ്രയിക്കുന്ന ഈരാറ്റുപേട്ട-പീരുമേട്-വാഗമൺ റോഡ് പൂർണ്ണമായും തകർന്നു. ഒട്ടനവധി പാലങ്ങൾ നാശോന്മുഖമായി നിൽക്കുകയാണ്. അതിനാൽ പൂഞ്ഞാർ നിയോജകമണ്ഡലത്തിനായി ഒരു പ്രത്യേക സാമ്പത്തിക പാക്കേജ് അടിയന്തരമായി പ്രഖ്യാപിക്കാൻ നടപടി സ്വീകരിക്കണമെന്ന് അഭ്യർഥിക്കുന്നു.

Submission

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, കഴിഞ്ഞ ഓഗസ്റ്റ്-സെപ്റ്റംബർ മാസങ്ങളിലുണ്ടായ കനത്ത മഴയിലും വെള്ളപ്പൊക്കത്തിലും സംസ്ഥാനത്താകെ വ്യാപക നാശനഷ്ടങ്ങളുണ്ടായത് നമുക്ക് അറിയാവുന്നതാണ്. കോട്ടയം ജില്ലയിലെ പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ നാലുപേർ മരണപ്പെടുകയും ധാരാളം പ്രയാസങ്ങളുണ്ടാകുകയും ചെയ്തു. ഞാൻ ഇന്നലെ സഭയിൽ സൂചിപ്പിച്ചതുപോലെ, സർക്കാർ മരണമടഞ്ഞവരുടെ ആശ്രിതർക്കുള്ള ധനസഹായം നാല് ലക്ഷം രൂപയിൽനിന്ന് ആറുലക്ഷം രൂപയായി ഉയർത്തി. അതുപോലെ മരണമടഞ്ഞവരുടെ സംസ്കാര ചെലവുകൾക്കായി പതിനായിരം രൂപ അനുവദിച്ചു. പ്രളയം, മണ്ണിടിച്ചിൽ, ഉരുൾപൊട്ടൽമൂലം ചെളി നിറഞ്ഞ വീടുകൾ വൃത്തിയാക്കുന്നതിനായി റേഷൻ കാർഡ് ഒന്നിന് പതിനായിരം രൂപ അനുവദിച്ചു. കൃഷി നാശത്തിനുള്ള ധനസഹായം അന്ന് ഇരുപത്തിയഞ്ച് ശതമാനം വർധിപ്പിച്ചു. വെള്ളം കയറി ദുരിതമനുഭവിക്കുന്ന ഓരോ കുടുംബത്തിനും, ഒരു റേഷൻ കാർഡിന് പ്രതിദിനം മുന്നൂറ് രൂപ വീതം ഏഴ് ദിവസത്തേക്ക് ധനസഹായം അനുവദിച്ചു. പ്രളയം ബാധിച്ച

ഇടത്തരം സ്ഥാപനങ്ങൾക്ക്/കടകൾക്ക് ഉപജീവന വായ്പാ പദ്ധതിയിലുൾപ്പെടുത്തി പതിനായിരം രൂപ വീതം അനുവദിച്ചു. കോട്ടയം ജില്ലയിൽ മാത്രം 51152 വീടുകളിൽ വെള്ളം കയറിയിട്ടുണ്ട്. അവിടെയെല്ലാം പതിനായിരം രൂപ വീതം അനുവദിക്കുകയാണ്. പൂഞ്ഞാർ നിയോജകമണ്ഡലത്തിൽ ഏകദേശം 50 കോടി രൂപയിലധികമുള്ള നാശനഷ്ടങ്ങൾ കണക്കാക്കപ്പെട്ടിട്ടുണ്ട്. പൂഞ്ഞാർ നിയോജകമണ്ഡലത്തിലെ കാലവർഷക്കെടുതി ബാധിത പ്രദേശങ്ങളിൽ കൃഷി, മൃഗസംരക്ഷണം, പൊതുമരാമത്ത്, കെ.എസ്.ഇ.ബി., വാട്ടർ അതോറിറ്റി, മേജർ-മൈനർ ഇറിഗേഷൻസ് എന്നീ ഡിപ്പാർട്ടുമെന്റുകളിലുണ്ടായ നഷ്ടങ്ങൾ കൃത്യമായി കണക്കെടുത്തിട്ടുണ്ട്. അവിടെയെല്ലാം അടിയന്തരമായി പുനരധിവാസ പ്രവർത്തനങ്ങളും അടിസ്ഥാനസൗകര്യ പുന:സ്ഥാപന പ്രവർത്തനങ്ങളും നടപ്പാക്കിവരികയാണ്. തീർച്ചയായും ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ ഇതൊരു സ്പെഷ്യൽ പാക്കേജായി നടപ്പാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കും.

(3) <u>വൈപ്പിൻ നിയോജകമണ്ഡലത്തിലെ ഗതാഗത വികസനം</u>

Submission

ശ്രീ. ടോണി ചമ്മണി: സർ, വൈപ്പിൻ ദ്വീപ് സമൂഹത്തിലെ യാത്രാ ക്ലേശങ്ങൾക്കും ഗതാഗത പ്രശ്നങ്ങൾക്കും പരിഹാരം കാണുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അങ്ങയുടെ ശ്രദ്ധയിൽകൊണ്ടുവന്നത്. പടിഞ്ഞാറ് അറബിക്കടലിനും കിഴക്ക് കൊച്ചി കായലിനുമിടയിലുള്ള ഒരു ബാരിയർ ദ്വീപാണ് വൈപ്പിൻ. ദ്വീപിന്റെ വടക്കേ അറ്റം പെരിയാർ നദിയുടെ അഴിമുഖവും തെക്കേ അറ്റം ഫോർട്ട് കൊച്ചിക്കടുത്തുള്ള കൊച്ചി കായലിന്റെ അഴിമുഖവുമാണ്. ഏകദേശം 27 മീറ്റർ നീളവും ശരാശരി രണ്ടര കിലോമീറ്റർ വീതിയുമുള്ള ഈ ദ്വീപ് വിക്കിപീഡിയയിൽ സെർച്ച് ചെയ്താൽ ലോകത്തെ ജനസാന്ദ്രതയുള്ള ദ്വീപുകളിൽ 58-ാം സ്ഥാനത്താണ്. മാത്രമല്ല, ഏഷ്യയിലെ ഏറ്റവും ജനസാന്ദ്രതയുള്ള ദ്വീപുകൂടിയാണിത്. ആറ് പഞ്ചായത്തുകളിലായി ഏകദേശം രണ്ടര ലക്ഷത്തോളം ജനങ്ങളാണ് ഈ ദ്വീപിൽ തിങ്ങിപ്പാർക്കുന്നത്. തൊഴിൽ, വിദ്യാഭ്യാസം, ചികിത്സ തുടങ്ങി ജീവിതത്തിന്റെ സമസ്ത മേഖലകളിലും വൈപ്പിൻകാർ ആശ്രയിക്കുന്നത് എറണാകുളം മെയിൻലാൻഡിനെയാണ്. അതുകൊണ്ടുതന്നെ

Submission

യാത്രാസൗകര്യം എന്നത് വൈപ്പിന്റെ പ്രഥമ പരിഗണന നൽകേണ്ട ഒന്നാണ്. ഗോശ്രീ പാലങ്ങൾ യാഥാർഥ്യമായതും കാലഘട്ടത്തിന്റെ മാറ്റവും ഉൾക്കൊണ്ട് വൈപ്പിനിൽ വാഹന ഗതാഗതം ഗണ്യമായി വർധിച്ചിട്ടുണ്ട്. മാത്രമല്ല, ഏകദേശം തൊണ്ണൂറ് ശതമാനം നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായ തൃശ്ശൂർ ജില്ലയെയും എറണാകുളം ജില്ലയെയും ബന്ധിപ്പിക്കുന്ന അഴീക്കോട്-മുനമ്പം പാലം തുറന്ന് കൊടുക്കുന്നതോടുകൂടി വൈപ്പിൻ-മുനമ്പം സംസ്ഥാന പാതയിലൂടെയുള്ള യാത്ര വലിയ ഗതാഗതക്കുരുക്ക് സൃഷ്ടിക്കും. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയുടെ സ്വപ്ന പദ്ധതിയാണ് ഓഷ്യനേറിയം. ഓഷ്യനേറിയം വരുന്നത് വൈപ്പിന്റെ തെക്കെ അറ്റത്തുള്ള പുതുവൈപ്പിലാണ്. ടി പദ്ധതികൂടി യാഥാർഥ്യമാകുന്നതോടെ ലക്ഷക്കണക്കിന് ആഭ്യന്തര വിനോദ സഞ്ചാരികൾ ഈ പ്രദേശത്തേക്ക് കടന്നുവരും. തെക്ക് പുതുവൈപ്പിൽ ഓഷ്യനേറിയം കാണാൻ എത്തുന്നവർക്ക്, വടക്ക് ചെറായി, കുഴിപ്പിള്ളി, മുനമ്പം ബീച്ചുകൾ കാണുന്നതിനുമുള്ള ടൂറിസം കോറിഡോറായി ഒരു സമാന്തര റോഡ് അനിവാര്യമാണ്. നിലവിൽ പടിഞ്ഞാറ് തീരദേശ റോഡുണ്ടെങ്കിലും വീതി കുറവുള്ളതിനാലും ചില ഭാഗത്ത് റോഡ് മുറിഞ്ഞ്

കിടക്കുന്നതിനാലും സമാന്തര പാതയായി ഇത് ഉപയോഗിക്കാൻ സാധിക്കാതെ വരും. ഈ സാഹചര്യത്തിൽ സമാന്തര റോഡ് വികസിപ്പിച്ച് വൈപ്പിന് സമഗ്ര ഗതാഗത വികസന പദ്ധതി തയ്യാറാക്കണമെന്നാണ് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, തീരദേശ ഹൈവേയുമായി ബന്ധപ്പെട്ടുള്ള സ്ഥലമെടുപ്പ് നടപടികൾ വൈപ്പിനിൽ ആരംഭിച്ചിട്ടുണ്ട്. അതുമായി ബന്ധപ്പെട്ട നടപടിക്രമങ്ങൾ പൂർത്തിയാകുന്നതനുസരിച്ച് അക്കാര്യത്തിൽ തീരുമാനമെടുക്കുന്നതാണ്. കിഫ്ബി പദ്ധതിയിലുൾപ്പെടുത്തിയാണ് അഴീക്കോട്-മുനമ്പം പാലത്തിന് ഭരണാനുമതി കൊടുത്തിട്ടുള്ളത്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരികയാണ്. എന്നാൽ അതിന്റെ അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാകണമെങ്കിൽ ഭൂമി ഏറ്റെടുക്കേണ്ടതുണ്ട്. പാലം പണി പൂർത്തിയാവുകയാണ്. ഇതാണ് കിഫ്ബി-യുടെ കേസ്. പാലത്തിന്റെ നിർമ്മാണ പ്രവൃത്തികൾ പൂർത്തിയായിവരികയാണ് എന്നാൽ അപ്രോച്ച് റോഡിനുള്ള ഭൂമി ഏറ്റെടുത്തിട്ടില്ല. ഞാൻ കഴിഞ്ഞ ദിവസം അവിടെ

പോയപ്പോൾ പാലത്തിന്റെ പണി പൂർത്തിയാകാൻ ഒന്നോ രണ്ടോ സ്പാനുകൾ മാത്രമേ ബാക്കിയുള്ളൂ. അപ്രോച്ച് റോഡ് നിർമ്മിക്കുന്നതിന് മുനമ്പം ഭാഗത്ത് 30 സെന്റും അഴീക്കോട് ഭാഗത്ത് 80 സെന്റും വേണം. പാലം നിർമ്മാണം പൂർത്തിയായാലും ഭൂമി ഏറ്റെടുത്താൽമാത്രമേ അപ്രോച്ച് റോഡിന്റെ നിർമ്മാണം പൂർത്തിയാക്കാൻ സാധിക്കുകയുള്ളൂ. അത് പൂർത്തിയായിക്കഴിഞ്ഞാൽ കൂടെ ഗതാഗത തിരക്ക് നിയന്ത്രിക്കാൻ കഴിയും. നായരമ്പലം-ഹെർബർട്ട് പാലത്തിന്റെ സാമ്പത്തിക അനുമതിയും 31-10-2016-ൽ കൊടുത്തിട്ടുണ്ട്. 11 വർഷമായി ഭരണാനുമതി ലഭിച്ചിട്ട്. കിഫ്ബി-യുടെ വേറെ വർക്കാണിത്. അതാണ് അവിടത്തെ സ്ഥിതി. വൈപ്പിൻ ദ്വീപസമൂഹങ്ങളുടെ ഗതാഗത വികസനത്തിനും മറ്റുകാര്യങ്ങൾക്കുമായി ധാരാളം പുതിയ കാര്യങ്ങൾ അവിടെ വരുന്നുണ്ട്. നിലവിൽ അതിനോട് ചേർന്നുള്ള ഐലൻഡിൽ ഷിപ്യാർഡിന് 18 ഏക്കർ സ്ഥലം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നതിനുശേഷം വിട്ടുകൊടുത്തിട്ടുണ്ട്. അവിടെ അയ്യായിരം കോടി രൂപയുടെ ഇൻവെസ്റ്റ്മെന്റാണ് ഷിപ്യാർഡ് വിഭാവനം ചെയ്യുന്നത്. അതുപോലെ തൊട്ടപ്പുറത്ത് മറ്റൊരു തുരുത്തിൽ

'ജിഡ' (ഗോശ്രീ ദ്വീപ് വികസന അതോറിറ്റി)-യുമായി ബന്ധപ്പെട്ടുള്ള വികസന പ്രവർത്തനങ്ങൾ വരികയാണ്. എറണാകുളത്തുനിന്നും നിലവിലുള്ള ഗോശ്രീ പാലത്തിന് ഒരു സമാന്തര പാലംകൂടി നിർമ്മിക്കുന്ന കാര്യം സർക്കാരിന്റെ പരിഗണനയിലുണ്ട്. ഇന്ത്യയിലെതന്നെ ആദ്യത്തെ ഓഷ്യനേറിയവും ഇന്റർനാഷണൽ സ്റ്റാൻഡേർഡുള്ള ഒരു മാരിടൈം മ്യൂസിയവും വൈപ്പിനിലാണ് വരുന്നത്. വൈപ്പിൻ ധാരാളം വികസന പ്രവർത്തനങ്ങൾക്ക് സാക്ഷ്യം വഹിക്കാൻ പോവുകയാണ്. അതിനാൽ തീർച്ചയായും അവിടെയുള്ള കണക്ടിവിറ്റിയുടെ കാര്യത്തിൽ സർക്കാർ പ്രത്യേകമായി ശ്രദ്ധിക്കും.

(4) ശ്രീകാര്യം ഫ്ലൈഓവർ നിർമ്മാണം

ശ്രീ. വി. മുരളീധരൻ: സർ, ശ്രീകാര്യം ഫ്ലൈഓവർ നിർമ്മാണത്തിന്റെ മന്ദഗതി സംബന്ധിച്ചാണ് ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ലക്ഷക്കണക്കിന് വാഹനങ്ങൾ കടന്നുപോകുന്ന ഒരു ജംഗ്ഷനാണ് ശ്രീകാര്യം. അതുകൊണ്ടാണ് ശ്രീകാര്യത്ത് NH 166-ൽ തിരുവനന്തപുരം മെട്രോ കോറിഡോറിന്റെ

ഭാഗമായുള്ള ഒരു ഫ്ലൈഓവർ നിർമ്മിക്കണമെന്ന തീരുമാനമെടുത്തുകൊണ്ട് ആ ജോലി കൊച്ചി മെട്രോ റെയിൽ ലിമിറ്റഡിനെ ഏല്പിച്ചത്. അതിനുവേണ്ടി കിഫ്ബി-ൽ നിന്നുള്ള ഫണ്ടിങ്ങോടുകൂടി, 98 കോടി രൂപ ചെലവഴിച്ച് ഭൂമി ഏറ്റെടുക്കുകയും ഏകദേശം 72 കോടി രൂപ ചെലവഴിച്ച് കൺസ്ട്രക്ഷൻ വർക്ക് ഏർപ്പെടുത്തുകയും ചെയ്തിട്ടുണ്ട്. എന്നാൽ അതിന്റെ പ്രശ്നം എന്തെന്നുവച്ചാൽ, Detailed Design Consultancy കൊടുത്ത കരാറുകാരൻ, 2023 ജൂൺ മാസത്തിൽ കൊടുത്തെങ്കിലും മൂന്നുവർഷം കഴിഞ്ഞിട്ടും ഒരു Drawing-ഉം ഉണ്ടായിട്ടില്ല. ഫ്ലൈഓവറിന്റെ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം 06-01-2025-ൽ അന്നത്തെ ബഹുമാനപ്പെട്ട മുഖ്യമന്ത്രി നിർവഹിച്ചതാണ്. പതിനെട്ട് മാസത്തിനകം നിർമ്മാണം പൂർത്തിയാകുമെന്നാണ് പറഞ്ഞിരുന്നത്. നാളിതുവരെ അവിടെ നിർമ്മാണം ആരംഭിച്ചിട്ടില്ല. മാത്രമല്ല, Drawing ഇല്ലാതെ കൺസ്ട്രക്ഷൻ തുടങ്ങാനുള്ള തീരുമാനമെടുക്കുന്നത് കഴിഞ്ഞ സർക്കാരിന്റെ കാലത്തുണ്ടായിട്ടുള്ള വളരെ കുറ്റകരമായ അനാസ്ഥയായിരുന്നുവെന്ന് പറയണം. ഞാൻ ബഹുമാന്യനായ മുഖ്യമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത് അപ്രൂവ്ഡ്

Submission

ഡിസൈനും ഡീറ്റെയിലായിട്ടുള്ള പ്രോജക്ട് പ്ലാനുമില്ലാതെ, ഇത്തരത്തിലുള്ള ഒരു പദ്ധതിയുടെ തുടക്കം കുറിക്കുകയും അതിനുശേഷം അവിടെ വാട്ടറിന്റെ പ്രശ്നവും സർവീസ് റോഡിന്റെ പ്രവൃത്തിയും കൂടാതെ, റോഡ് സൈഡിലുള്ള ശ്രീനാരായണ ഗുരുദേവന്റെയും മഹാത്മാ അയ്യങ്കാളിയുടെയും പ്രതിമകൾ മാറ്റാനുള്ള ശ്രമം, ഇങ്ങനെയുള്ള പല കാര്യങ്ങളിലുമുള്ള കാലതാമസത്തിന്റെയൊക്കെ ഫലമായി കൊച്ചി മെട്രോ റെയിൽ കോർപ്പറേഷനും ഇക്കാര്യത്തിൽ വളരെ, അനാസ്ഥ എന്നുപറയണോ, അതോ മറ്റെന്തെങ്കിലും വാക്ക് ഉപയോഗിക്കണോ എന്ന് അറിയില്ല., ഏതായാലും തിരുവനന്തപുരം മെഡിക്കൽ കോളേജിലേയ്ക്ക്, തിരുവനന്തപുരത്തിന്റെ വടക്ക് ഭാഗത്തുനിന്നും വരുന്ന ആയിരക്കണക്കിന് വാഹനങ്ങൾ, അതോടൊപ്പം തിരുവനന്തപുരം നഗരത്തെ ബന്ധിപ്പിക്കുന്ന പ്രധാനപ്പെട്ട ഒരു ജംഗ്ഷനാണ് ശ്രീകാര്യം. അതിനാൽ അവിടത്തെ മേൽപ്പാലത്തിന്റെ നിർമ്മാണ പ്രവർത്തനം അടിയന്തരമായി, സമയബന്ധിതമായി ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണമെന്നാണ് സബ്മിഷനിലൂടെ സൂചിപ്പിക്കാനുള്ളത്.

Submission

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ഇത് കിഫ്ബിയുടെ മറ്റൊരു ഉദാഹരണമാണ്. അനാസ്ഥയല്ല; കുറ്റകരമായ അനാസ്ഥയാണ്. 2025-ൽ ശ്രീകാര്യം ഫ്ലൈഓവർ നിർമ്മാണ പ്രവർത്തനങ്ങളുടെ ഉദ്ഘാടനം കഴിഞ്ഞു. പക്ഷേ, വ്യക്തമായ പ്ലാനോ ഡിസൈനോ ഇല്ലാതെ എസ്.പി.വി. രൂപീകരിച്ചിരിക്കുകയാണ്. ലക്ഷക്കണക്കിന് രൂപ ശമ്പളം നൽകി അഞ്ഞൂറോളം ഉദ്യോഗസ്ഥരെ അവിടെ നിയമിച്ചിരിക്കുകയാണ്. 2023-ൽ പ്ലാനും ഡിസൈനും തയ്യാറാക്കുന്നതിന് ഡിസൈൻ ഏജൻസിയെ ഏൽപ്പിക്കുകയും 2025-ൽ മുൻ മുഖ്യമന്ത്രി അതിന്റെ നിർമ്മാണ ഉദ്ഘാടനം നടത്തുകയും ചെയ്തെങ്കിലും മൂന്ന് വർഷമായിട്ടും അവിടെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടില്ല. അവിടെ ഫ്ലൈ ഓവർ പദ്ധതി പ്രദേശത്ത് വാട്ടർ അതോറിറ്റി പുതിയതായി സ്ഥാപിച്ച പൈപ്പ് ലൈനുകളെ നിലവിലുള്ള പൈപ്പ് ലൈനുകളുമായി ബന്ധിപ്പിക്കുന്ന കാര്യം, യു.ഡി.എഫ്. സർക്കാർ അധികാരത്തിൽ വന്നതിനുശേഷം അക്കാര്യം വാട്ടർ അതോറിറ്റിയെ അറിയിക്കുകയും ഒക്ടോബർ 30-നകം ആ പ്രവൃത്തികൾ പൂർത്തിയാക്കുമെന്ന് വാട്ടർ അതോറിറ്റിയിൽനിന്ന് അറിയിച്ചിട്ടുണ്ട്.

അതുപോലെ 700 എം.എം. ഡയാമീറ്റർ പൈപ്പുകളുടെ പ്രഷർ ടെസ്റ്റിങ്ങും നടന്നുവരുന്നു. ഈ പ്രവൃത്തിയും ഉടനെ പൂർത്തിയാകുമെന്ന് വാട്ടർ അതോറിറ്റിയിൽനിന്ന് അറിയിച്ചിട്ടുണ്ട്. ഡിസൈനും ത്രുപരേഖകളും തയ്യാറാക്കുന്നതിനായി ഡിസൈൻ ഏജൻസിയെ ഏൽപ്പിച്ചിട്ട് അവർ ചെയ്തില്ല. കെ.എം.ആർ.എൽ. അവരെ നീക്കം ചെയ്ത് പുതിയ ഏജൻസിയെ നിയമിക്കുന്നതിനായുള്ള ടെൻഡർ നടപടികൾ ഇപ്പോൾ സ്വീകരിച്ചിട്ടുണ്ട്. അങ്ങ് പറഞ്ഞതുപോലെ ശ്രീകാര്യം ജങ്ഷനിൽ സ്ഥാപിച്ചിരിക്കുന്ന ശ്രീനാരായണഗുരു മന്ദിരവും അയ്യൻകാളി പ്രതിമയും ആ സ്ഥാനത്തുനിന്ന് മാറ്റി സ്ഥാപിക്കേണ്ടതുണ്ട്. അതിനായി ജില്ലാ കളക്ടറുടെ നേതൃത്വത്തിൽ നടപടി സ്വീകരിച്ചുവരികയാണ്. അത് വേഗത്തിലാക്കണമെന്നുകൂടി അറിയിച്ചിട്ടുണ്ട്. വേഗത്തിലാക്കാൻവേണ്ടി ശ്രമിക്കാം. പക്ഷേ, ഇതൊക്കെ നമ്മുടെ മുമ്പിൽ സ്മാരകങ്ങളായി നിൽക്കുകയാണ്. റൂൾ 50-യുടെ ചർച്ചയിൽ പറഞ്ഞതിന്റെ ബാക്കിയാണ്. ഇങ്ങനെയൊരു നിർമ്മാണ പ്രവർത്തനം ചെയ്തിരുന്നത് പി.ഡബ്ല്യു.ഡി. ആയിരുന്നുവെങ്കിൽ ഇങ്ങനെ സംഭവിക്കില്ലായിരുന്നുവെന്നാണ് എന്റെ അഭിപ്രായം. പി.ഡബ്ല്യു.ഡി.-ക്ക്

ഒരു ചിട്ടയുണ്ട്. 2014-ൽ ഈ സംസ്ഥാനത്തെ മുഴുവൻ പി.ഡബ്ല്യു.ഡി. റോഡുകളും ബി.എം.&ബി.സി. ചെയ്ത ആദ്യത്തെ നിയോജകമണ്ഡലം എന്റെ നിയോജകമണ്ഡലമായ പറവൂരാണ്. 63 റോഡുകളും ബി.എം.&ബി.സി. ചെയ്തത് പി.ഡബ്ല്യു.ഡി. ആണ്. സിസ്റ്റമാറ്റിക്കായി വളരെ ഭംഗിയായും വൃത്തിയായും ചെയ്യുന്ന ഒരു ഏജൻസിയുണ്ട്. ആ ഏജൻസിയുടെ കൈയിൽനിന്ന് ഇതുമാറ്റി മറ്റൊരു ഏജൻസിക്ക് നൽകിയിട്ട് എത്ര വർഷമായി? ഇത്രയും വർഷം കഴിയുമ്പോൾ ഇനി ഈ റേറ്റിന് വർക്ക് നടത്തുകയില്ല. ഈ കാര്യങ്ങൾ ചെയ്യുകൊടുത്തില്ലെങ്കിൽ ഇതിന്റെ കോൺട്രാക്ടർ റിവൈസ്ഡ് എസ്റ്റിമേറ്റ് ആവശ്യപ്പെടും. കോടികൾ വീണ്ടും നൽകേണ്ടി വരും. കാരണം കോൺട്രാക്ടറുമായുള്ള എഗ്രിമെന്റ് അനുസരിച്ച് നമ്മൾ സൈറ്റ് ട്രാൻസ്ഫർ ചെയ്യ കൊടുക്കണം. ആ സൈറ്റ് ട്രാൻസ്ഫർ ചെയ്യുകൊടുത്തില്ലെങ്കിൽ അവർക്ക് റിവൈസ്ഡ് എസ്റ്റിമേറ്റ് ചോദിക്കാനും ആർബിട്രേഷന് പോകാനുമുള്ള അനുവാദമാണ്. കോടികൾ കൂടി വീണ്ടും കൊടുക്കേണ്ടി വരും. കൃത്യകരമായ അനാസ്ഥയാണ്. ഞാൻ വീണ്ടും ആവർത്തിച്ചുപറയുകയാണ് അതുകൊണ്ട് കോടികൾ കൂടി ഖജനാവിൽനിന്ന്

നഷ്ടപ്പെടുന്ന സ്ഥിതിയാണ്. എന്തായാലും പരമാവധി വേഗത്തിലാക്കാൻ ശ്രമിക്കുന്നതാണ്.

(5) കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേക്ക് വെഹിക്കിൾ ഓവർ പാസ് നിർമ്മാണം

ശ്രീ. ഗോവിന്ദൻ പള്ളിക്കാപ്പിൽ: സർ, നിലവിൽ പ്രവൃത്തി നടന്നുകൊണ്ടിരിക്കുന്ന ദേശീയപാത 66-ൽനിന്നും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്കുള്ള പ്രധാന പ്രവേശന വഴിയിൽ നിലനിൽക്കുന്ന ഗതാഗത പ്രശ്നം ചൂണ്ടിക്കാണിക്കാനാണ് ഞാൻ ഈ സബ്മിഷൻ ഉന്നയിക്കുന്നത്. ദേശീയപാത നവീകരണം ജില്ലാ ആശുപത്രിയിലേയ്ക്കുള്ള സുഗമമായ പാതയെ ഇല്ലാതാക്കും. കാസർഗോഡ് ജില്ലയിൽ ഏറ്റവും പ്രധാനപ്പെട്ട ആതുര ശുശ്രൂഷ കേന്ദ്രമാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി. ആ ജില്ലാ ആശുപത്രിയിലേക്ക് അത്യാസന്ന നിലയിലുള്ള രോഗികളുമായി ആംബുലൻസോ മറ്റ് വാഹനങ്ങളോ എത്തണമെങ്കിൽ രണ്ട് കിലോമീറ്റർ ദൂരെ പോയി ചുറ്റി സഞ്ചരിച്ചുവന്ന് ജില്ലാ ആശുപത്രിയിലേക്ക് എത്തേണ്ട ഒരു സാഹചര്യമാണ് നിലവിൽ കാഞ്ഞങ്ങാട് ഉള്ളത്. അത് നാഷണൽ ഹൈവേ അതോറിറ്റിയോട് നിരവധി തവണ ജനപ്രതിനിധികളും മറ്റെല്ലാവരും

ഉന്നയിച്ചതാണ്. കാസർഗോഡ് ജില്ലാ ആശുപത്രിയിലെ സൂപ്രണ്ട് 2024-ൽതന്നെ ഈ വിഷയം നാഷണൽ ഹൈവേ അതോറിറ്റിയുടെയും കാസർഗോഡ് കളക്ടറുടെയും ശ്രദ്ധയിൽപ്പെടുത്തിയതാണ്. കാസർഗോഡ് ജില്ലാ കളക്ടർ ആ സ്ഥലം സന്ദർശിച്ച് ഇതുമായി ബന്ധപ്പെട്ട പ്രശ്നം പരിഹരിക്കാനാവശ്യമായ നിർദ്ദേശവും നൽകിയതാണ്. എന്നാൽ പരിഹാരമുണ്ടാക്കാൻ നാഷണൽ ഹൈവേ അതോറിറ്റി തയ്യാറായില്ല എന്നതാണ് വസ്തുത. ഏറ്റവും അവസാനം, ഈ വിഷയം ജില്ലയിലെ ജനങ്ങളുടെ മൊത്തം പ്രശ്നമായതുകൊണ്ട് കാസർഗോഡ് ജില്ലാ വികസന സമിതി ഒരു പ്രമേയം അംഗീകരിച്ച് നൽകുകയുണ്ടായി. കാസർഗോഡ് ജില്ലയിലെ ബഹുമാനപ്പെട്ട എം.പി.-യും എം.എൽ.എ.-മാരും പങ്കെടുത്ത ആ യോഗം അങ്ങനെയൊരു പ്രമേയം പാസ്സാക്കി നൽകുകയുണ്ടായി. എന്നിട്ടും പരിഹാരമുണ്ടാക്കാൻ ബന്ധപ്പെട്ട അധികാരികൾ തയ്യാറായിട്ടില്ല. അത്യാസന്നനിലയിലുള്ള രോഗികൾ ഉൾപ്പെടെ നൂറുകണക്കിന് ആളുകൾ എത്തുന്ന ഒരു ആശുപത്രിയിലേക്ക് കൃത്യമായ വഴി കൊടുക്കുന്നില്ലെങ്കിൽ പിന്നെന്തിന് റോഡ് വികസനമെന്ന നിലയിലാണ് അവിടെയുള്ള ജനങ്ങൾ

ഇപ്പോൾ പറയുന്നത്. അതുകൊണ്ട് ദേശീയപാത 66-ൽനിന്നും കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിയിലേയ്ക്ക് വെഹിക്കിൾ ഓവർ പാസ് നിർമ്മിക്കുന്നതിനാവശ്യമായ നടപടിയുണ്ടാകണമെന്നാണ് സബ്മിഷനിലൂടെ ഉന്നയിക്കാനുള്ളത്.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ദേശീയപാത 66-ന്റെ ചെങ്ങള-നീലേശ്വരം റീച്ചിലാണ് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രി സ്ഥിതിചെയ്യുന്നത്. കൺസഷൻ എഗ്രിമെന്റ് അനുസരിച്ച് കാഞ്ഞങ്ങാട് ജില്ലാ ആശുപത്രിക്കായി ഒരു വെഹിക്കിൾ അണ്ടർ പാസും ഒരു ഫുട്ട് ഓവർ ബ്രിഡ്ജും അനുവദിച്ച് നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. അതുകൂടാതെ പൊതുജനങ്ങളുടെ ആവശ്യപ്രകാരം പുതിയ എൽ.വി.യു.പി. സ്കോപ് വ്യതിയാനം (Change of scope) വഴി അംഗീകരിച്ച് ആ സ്ഥലത്ത് നിർമ്മാണം പൂർത്തീകരിച്ചിട്ടുണ്ട്. ഇത് സർക്കാരിന്റെ ശ്രദ്ധയിൽപ്പെട്ടതിനെ തുടർന്ന് സർക്കാർ നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ടു. പക്ഷെ, ഓവർ പാസ് നിർമ്മിക്കുന്നതിന് പ്രധാന പാതയ്ക്കും സർവീസ് റോഡിനും ഇടയിൽ കുറഞ്ഞത് ആറ് മീറ്റർ ക്ലിയറൻസ്

ആവശ്യമാണെന്നാണ് അവർ അറിയിച്ചത്. അതിനാൽ നിലവിലെ ഈ സ്ഥല സാഹചര്യമനുസരിച്ച് ഈ സ്ഥലത്ത് ഓവർ പാസ് നിർമ്മിക്കുന്നത് പ്രായോഗികമല്ലെന്നാണ് ദേശീയപാത അതോറിറ്റി അറിയിച്ചിട്ടുള്ളത്. ബഹുമാനപ്പെട്ട അംഗം ഇവിടെ സബ്മിഷൻ ഉന്നയിച്ച സാഹചര്യത്തിൽ ഒരു പ്രാവശ്യംകൂടി നാഷണൽ ഹൈവേ അതോറിറ്റിയുമായി ബന്ധപ്പെട്ട് മറ്റ് സാധ്യതകൾ കൂടി, ഈ ആശുപത്രിയിലേക്ക് ഓവർ പാസ് നിർമ്മിക്കുന്നതിനുള്ള സാധ്യതകൾ കൂടി പരിശോധിച്ച് പരമാവധി സമ്മർദം ചെലുത്താമെന്ന് സർക്കാരിന്റെ ഭാഗത്തുനിന്ന് അങ്ങയെ അറിയിക്കുന്നു.

(6) ബാലരാമപുരം റെയിൽവേ മേൽപ്പാലം നിർമ്മാണം

ശ്രീ. എം. വിൻസെന്റ്: സർ, ബാലരാമപുരത്തെയും കാട്ടാക്കടയെയും ബന്ധിപ്പിക്കുന്ന റോഡിൽ തേമ്പാമുട്ടം ഭാഗത്ത് റെയിൽവേ ഓവർബ്രിഡ്ജ് നിർമ്മിക്കണമെന്ന് 2018-ൽ ആവശ്യപ്പെടുകയും 2018-ൽ അതിന് ഭരണാനുമതി ലഭിക്കുകയുമുണ്ടായി. റെയിൽവേ ക്രോസ് അടയ്ക്കുന്നതുകൊണ്ട് വാഹനങ്ങളുടെ നീണ്ടനിര കാരണം ജനങ്ങൾക്ക് വളരെയേറെ ബുദ്ധിമുട്ടാണ് ഉണ്ടാകുന്നത്. ആംബുലൻസുകൾ വരെ അതിൽപ്പെട്ടുപോകുന്ന ഒരു

സാഹചര്യമുണ്ട്. 2018-ൽ ഇതിന്റെ ഭരണാനുമതി ലഭിച്ചതിനുശേഷം ജി.എ.ഡി. (General Arrangement Draft) റെയിൽവേക്ക് കൊടുത്തു. അതിനുശേഷം റെയിൽവേ പറഞ്ഞത് വിഴിഞ്ഞം തുറമുഖത്തെ റെയിൽവേ ശൃംഖലയുമായി ബന്ധിപ്പിക്കുന്നതുകൊണ്ട് ഇത് കൊങ്കൺ റെയിൽവേ കോർപ്പറേഷൻ ലിമിറ്റഡുമായി ബന്ധപ്പെട്ട് ജി.എ.ഡി. അവർക്ക് സമർപ്പിക്കണമെന്ന് പറഞ്ഞു. അങ്ങനെ 02-09-2019-ൽ ജി.എ.ഡി. സമർപ്പിച്ചു. അവർ തിരുത്തലുകൾ വരുത്തിത്തരാൻവേണ്ടി 2023-ൽ കൊടുത്തു. വീണ്ടും 2023-ൽ തിരുത്തൽ വരുത്തി സമർപ്പിച്ചു. 05-01-2024-ൽ വീണ്ടും സമർപ്പിച്ചു. എന്നാൽ 2024 ഏപ്രിൽ 10-ലെ കത്തിൽ റെയിൽവേ യാർഡിന്റെ നവീകരണ പ്രവർത്തനങ്ങളുടെ പദ്ധതി റിപ്പോർട്ട് അന്തിമമായതിനുശേഷം മാത്രമേ ജി.എ.ഡി. പരിഗണിക്കാൻ കഴിയുകയുള്ളുവെന്നുപറഞ്ഞു. അതിനുശേഷം 08-10-2024-ൽ ആർ.ബി.ഡി.സി.കെ. (Roads & Bridges Development Corporation of Kerala)-യുടെ എറണാകുളം ഓഫീസിൽ വച്ച് റെയിൽവേ ഉദ്യോഗസ്ഥരുമായി ചർച്ച നടത്തി. അതിനുശേഷം വീണ്ടും

സമർപ്പിക്കുന്നതിനുവേണ്ടി 11-12-2024-ൽ റെയിൽവേയിൽനിന്നും കത്ത് ലഭിച്ചു. കത്ത് തിരുത്തലുകൾ വരുത്തി 17-01-2025-ൽ വീണ്ടും സമർപ്പിച്ചു. 17-09-2025-ൽ വീണ്ടും തിരുത്തലുകൾ വരുത്തുന്നതിന് തിരിച്ചയച്ചു. ഇങ്ങനെ തിരുത്തലുകൾ വരുത്തി അവസാനം 11-01-2026-ൽ വീണ്ടും സമർപ്പിക്കുകയും 29-04-2026-ന് ഡി.പി.ആർ. പ്രിപ്പറേഷനും ലാൻഡ് അക്വിസിഷനും വേണ്ടിയിട്ടുള്ള ഇൻ പ്രിൻസിപ്പൽ അപ്രൂവൽ ലഭിക്കുകയും ചെയ്തു. തുടർന്ന് കൺസൾട്ടൻസി സ്ഥാപനമായ റൈറ്റ്സ് (RITES)-നെ നിയോഗിക്കുകയും റൈറ്റ്സ് ഡ്രാഫ്റ്റ് ഡി.പി.ആർ. (Detailed Project Report) തയ്യാറാക്കി ആർ.ബി.ഡി.സി.കെ.-യ്ക്ക് സമർപ്പിക്കുകയും ആർ.ബി.ഡി.സി.കെ. ഫൈനൽ തിരുത്തലുകൾ വരുത്തി സമർപ്പിക്കുകയും ചെയ്തു. എട്ട് വർഷമായിട്ടും നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ കഴിഞ്ഞിട്ടില്ല. അതുകൊണ്ട് അടിയന്തരമായി ഡി.പി.ആർ. അപ്രൂവ് ചെയ്ത് ഫിനാൻഷ്യൽ സാങ്ഷൻ നൽകി നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാനുള്ള നടപടി സ്വീകരിക്കണം.

മുഖ്യമന്ത്രി (ശ്രീ. വി. ഡി. സതീശൻ): സർ, ബഹുമാനപ്പെട്ട അംഗം

ഇവിടെ സൂചിപ്പിച്ചതുപോലെ ഇത് തിരുത്തി തിരുത്തിക്കൊണ്ടിരിക്കുകയാണ്. ഇതെന്താണെന്ന് മനസ്സിലാകുന്നില്ല. 19-04-2018-ൽ ഭരണാനുമതി നൽകിയതാണ്. ഇപ്പോഴും ഡി.പി.ആർ. ഇല്ല. ഡി.പി.ആർ. ഇല്ലാതെ എങ്ങനെയാണ് ഭരണാനുമതി നൽകുന്നത്? ഒരു പ്രോജക്ടിന് അഡ്മിനിസ്ട്രേറ്റീവ് സാങ്ഷൻ നൽകുന്നത് ഡി.പി.ആർ. പരിശോധിച്ചതിനുശേഷമല്ലേ; അതിനുശേഷമാണ് അതിന്റെ ടി.എസ്. (Technical Sanction) കൊടുക്കുന്നത്. എ.എസ്. (Administrative Sanction)-ഉം ടി.എസ്. (Technical Sanction)-ഉം നൽകിയതിനുശേഷമാണ് വർക്ക് ടെൻഡർ ചെയ്യുന്നത്. ഇങ്ങനെയാണ് പ്രോസസ്സ് നടക്കുന്നത്. ഇതെല്ലാം കഴിഞ്ഞിട്ടാണോ ഡി.പി.ആർ. തയ്യാറാക്കുന്നത്? എന്നിട്ടിങ്ങനെ അങ്ങോട്ടും ഇങ്ങോട്ടും കത്ത് അയച്ചുകൊണ്ടിരിക്കുകയാണ്. ഏറ്റവും അവസാനത്തെ പൊസിഷൻ ഞാൻ പറയാം. കൺസൾട്ടന്റായ റൈറ്റ്സ് 23-10-2026-ൽ തയ്യാറാക്കി നൽകിയ ഡ്രാഫ്റ്റ് ഡി.പി.ആർ. തിരുത്തൽ ആവശ്യപ്പെട്ട് 24-10-2026-ൽതന്നെ റൈറ്റ്സിന് തിരിച്ച് നൽകിയിട്ടുണ്ട്. റൈറ്റ്സിൽനിന്ന് അന്തിമ ഡി.പി.ആർ.

സമർപ്പിക്കുന്ന മുറയ്ക്ക് സാമ്പത്തികാനുമതിയ്ക്കായി പ്രൊപ്പോസൽ സമർപ്പിക്കുന്നതാണ്. അതാണ് നിലവിലെ സ്ഥിതി.

മി. സ്പീക്കർ: ഇന്ന് 24 സബ്മിഷനുകളാണുള്ളത്. പലരും നേരത്തെ പോകണമെന്ന് പറഞ്ഞുകൊണ്ടുള്ള റിക്വസ്റ്റ് നൽകുന്നുണ്ട്. അതുകൊണ്ട് ഓർഡറിനകത്ത് മാറ്റം വേണമെന്നാണ് പൊതുവെ അഭിപ്രായപ്പെടുന്നത്. പക്ഷേ, എനിക്ക് പറയാനുള്ളത് അംഗങ്ങളെല്ലാവരും ഒരു വാചകത്തിൽ സബ്മിഷൻ ഉന്നയിക്കണം. മന്ത്രിയും മറുപടി പറയുക. ദീർഘമായ മറുപടിയാണെങ്കിൽ മേശപ്പുറത്ത് വയ്ക്കുക. അങ്ങനെ സമയം ചുരുക്കിപോയാൽ എല്ലാവർക്കും ഗുണകരമായി തീരും. ഇപ്പോൾ ഒരു യോഗത്തിൽ പങ്കെടുക്കേണ്ടതുള്ളതുകൊണ്ട് പൊതുമരാമത്ത് വകുപ്പുമന്ത്രി ശ്രീ. പി. കെ. ബഷീർ മറുപടി പറയേണ്ട 21, 22 എന്നീ രണ്ട് സബ്മിഷനുകളും അതോടൊപ്പം ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി ശ്രീ. റോജി എം. ജോൺ മറുപടി പറയേണ്ട 19-ാമത്തെ സബ്മിഷനും കൂടി ചേർത്ത് മൂന്നെണ്ണം ഇപ്പോൾ എടുക്കുകയാണ്. ഇനി ദയവായി ഓർഡർ തെറ്റിക്കാൻ വേണ്ടി ആരും പറയരുത്. എല്ലാ അംഗങ്ങളും

സഹകരിക്കുകയാണെങ്കിൽ വേഗത്തിൽ നമുക്ക് അവസാനിപ്പിക്കാവുന്നതാണ്.

(7) അഴിയൂർ വെങ്ങളം റീച്ച് നിർമ്മാണം

ശ്രീമതി കെ. കെ. രമ: ശ്രദ്ധക്ഷണിക്കലിന് നോട്ടീസ് നൽകിയ വിഷയമാണ്. അത്യന്തം ഗുരുതരമായ വിഷയമായതിനാൽ രണ്ട് മിനിട്ട് സമയം അനുവദിക്കണം.

മി. സ്പീക്കർ: അതിന് വേറൊരു അവസരം നൽകാം.

ശ്രീമതി കെ. കെ. രമ: ദേശീയപാത 66-ന്റെ വികസനത്തിന്റെ ഭാഗമായി അഴിയൂർ-വെങ്ങളം റീച്ചിൽ വടകര മണ്ഡലം അനുഭവിക്കുന്ന ഏറ്റവും രൂക്ഷമായ ഗതാഗത കുരുക്കും അവിടുത്തെ യാത്രാപ്രശ്നങ്ങളുമുണ്ട്. വടകര മണ്ഡലത്തിലൂടെ യാത്ര ചെയ്യുന്ന ഏതൊരാളും വലിയ പ്രയാസം അനുഭവിക്കുന്നത് ഫേസ്ബുക്ക് പോസ്റ്റുകളിലൊക്കെ വന്നത് നാം കണ്ടിട്ടുള്ളതാണ്; അത്ര ഗുരുതരമാണ് അവിടത്തെ വിഷയം. 2021-ൽ പണി ആരംഭിച്ച് 2024-ൽ പൂർത്തിയാക്കുമെന്ന് പറഞ്ഞതാണ്. 2025 വരെ അത് ദീർഘിപ്പിച്ചു. 2028-ൽ പൂർത്തിയാക്കുമെന്ന് പ്രതീക്ഷിക്കുന്നു എന്നാണ്

പറയുന്നത്. അവിടെ ശ്രുക്ഷമായ ഗതാഗതക്കുരുക്കാണ് അനുഭവപ്പെടുന്നത്. പണി അൻപത് ശതമാനംപോലും പൂർത്തിയായിട്ടില്ല. പല സ്ഥലത്തും അടിപ്പാതകൾ ഇല്ലാത്തതിന്റെ പ്രയാസം നേരിടുകയാണ്. പ്രധാനപ്പെട്ട ഹാർബർ ആയ ചോമ്പാൽ ഹാർബറിലേക്ക് അടിപ്പാതയില്ല. അവിടെനിന്നും മീൻ കയറ്റിപ്പോകുന്ന വാഹനങ്ങൾ എങ്ങനെയാണ് പോകേണ്ടതെന്ന് ഒരു ഐഡിയയും ഇല്ല. ഫയർ സ്റ്റേഷനിലേക്ക് വാഹനങ്ങൾ പോകുന്നതിന് അവിടെ സംവിധാനങ്ങൾ ഇല്ല. അങ്ങനെ പ്രധാനപ്പെട്ട സ്ഥലങ്ങളിൽ അടിപ്പാതയോ മേൽപ്പാലമോ ഇല്ലാത്തതിന്റെ ബുദ്ധിമുട്ട് നേരിടുകയാണ്. ഡ്രെയിനേജ് സംവിധാനമില്ലാത്തതിനാൽ വടകരയിലെ കച്ചവടക്കാർ വലിയ ദുരിതം അനുഭവിക്കുകയാണ്. ഒരു മഴ പെയ്താൽ വെള്ളം പൊങ്ങിയിട്ട് മുഴുവൻ കച്ചവട സ്ഥാപനങ്ങളും ബുദ്ധിമുട്ടിലാവുകയാണ്. എൻ.എച്ച്.66-ന്റെ വികസനത്തിന്റെ ഭാഗമായി നൂറിലധികം കച്ചവടസ്ഥാപനങ്ങൾ പൂട്ടിപ്പോകുന്ന സാഹചര്യമുണ്ടായി. പലർക്കും വലിയ നാശനഷ്ടങ്ങൾ ഉണ്ടാവുകയാണ്. ഇതൊക്കെ ശ്രദ്ധയിൽപ്പെടുത്തിയിട്ടും ഒരു പരിഹാരവുമുണ്ടാകുന്നില്ല. കഴിഞ്ഞ സർക്കാരിന്റെ കാലത്തും ഇക്കാര്യം

സഭയിൽ അവതരിപ്പിച്ചതാണ്. ബഹുമാനപ്പെട്ട പൊതുമരാമത്ത് വകുപ്പുമന്ത്രി അടിയന്തരമായി ഈ വിഷയത്തിൽ ഇടപെട്ട് പരിഹാരമുണ്ടാക്കണമെന്നാണ് അഭ്യർഥിക്കാനുള്ളത്. അങ്ങ് ഇടപെട്ടാൽ ഈ പ്രശ്നത്തിന് പരിഹാരമുണ്ടാകും. ഞങ്ങൾക്ക് ഈ ദുരിതവുമായി മുന്നോട്ടുപോകാൻ സാധിക്കില്ല. വടകര നിയോജക മണ്ഡലം അത്രയേറെ പ്രയാസങ്ങൾ അനുഭവിക്കുകയാണ്. ഇത് ആരോട് പറയണം? ആർക്കും ഒരു ഐഡിയയും ഇല്ല. ബന്ധപ്പെട്ട ഉദ്യോഗസ്ഥന്മാർക്ക് യാതൊരു ഉത്തരവാദിത്വവുമില്ല. എൻ.എച്ച്.എ.ഐ.-യിലെ ഉദ്യോഗസ്ഥരോട് പറയുമ്പോൾ അവർ ഒരു നടപടിയും സ്വീകരിക്കുന്നില്ല. അവിടെയുള്ള വീടുകളിലേക്കും സഞ്ചാരയോഗ്യമായ വഴിയില്ല. എത്രയേറെ ദുരിതമാണ് അഞ്ചാറ് വർഷമായി ഒരു പ്രദേശത്തെ ജനങ്ങൾ അനുഭവിക്കുന്നത്. മഴ പെയ്താൽ നിൽക്കാൻ കഴിയുന്നില്ല; വീടുകളിലേക്ക് പോകാനുള്ള സൗകര്യങ്ങളില്ല, ദുരിതം നേരിടുകയാണ്. ഇതൊക്കെ ആരോടാണ് പറയേണ്ടത്. ഈ വിഷയം വളരെ ഗൗരവമുള്ളതായതുകൊണ്ടാണ് ഇവിടെ അവതരിപ്പിക്കുന്നത്. ഈ പ്രശ്നത്തിന് ഒരു പരിഹാരം ഉണ്ടാകേണ്ടതുണ്ട്.

വാഹനത്തിൽ എം.എൽ.എ. ബോർഡ് വച്ച് പോകാൻ കഴിയാത്ത അവസ്ഥയാണ് അവിടെയുള്ളത്. ഞാൻ റോഡിൽക്കൂടി എം.എൽ.എ. ബോർഡ് വയ്ക്കാതെ യാത്ര ചെയ്യുകയാണ്. ജനങ്ങൾ ഈ പ്രശ്നങ്ങൾ പറയുമ്പോൾ അത് പരിഹരിച്ചുകൊടുക്കാൻ സാധിക്കുന്നില്ല. അത്രയേറെ ശ്രുക്ഷമായ ഈ വിഷയത്തിൽ അടിയന്തരമായൊരു പരിഹാരം ഗവൺമെന്റിന്റെ ഭാഗത്തുനിന്നും ഉണ്ടാകണമെന്ന് അഭ്യർഥിക്കുന്നു.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീമതി കെ.കെ. രമ അവതരിപ്പിച്ച വിഷയം വളരെ ഗൗരവമുള്ളതാണ്. കണ്ണൂരിലേക്ക് പോകണമെങ്കിൽ വടകര എത്തുമ്പോൾ രണ്ട് മണിക്കൂർ ബ്ലോക്കിൽ നിൽക്കേണ്ടിവരുന്ന അവസ്ഥയുണ്ട്. വർക്ക് എടുത്ത കരാറുകാരൻ വലിയ കമ്പനിയായ അദാനി ഗ്രൂപ്പ് ആയിരുന്നു. അവർ വർക്ക് സബ് കൊടുത്ത എങ്കിലും കോൺട്രാക്ടർ അത് വേണ്ട രീതിയിൽ ചെയ്യാതെ ടെർമിനേറ്റ് ചെയ്യുകയുണ്ടായി. രണ്ടാമത് വീണ്ടുമൊരു കമ്പനിയെടുത്തെങ്കിലും അതും ടെർമിനേറ്റ് ചെയ്തു. നിലവിൽ ആ വർക്ക് ഗൾഫാർ കമ്പനി എടുത്തിട്ടുണ്ട്. അവരുടെ എഗ്രിമെന്റ് കാലാവധി 2028

മാർച്ച് 31 വരെയാണ്. അവർ ഇപ്പോൾ വർക്ക് തുടങ്ങിയിട്ടുണ്ട്. എസ്റ്റിമേറ്റിലും ഡിസൈനിങ്ങിലുമൊക്കെ ഒരുപാട് മാറ്റങ്ങൾ വന്നതുകൊണ്ടാണ് അവിടെ ഇത്തരത്തിലുള്ള പ്രശ്നങ്ങൾ ഉണ്ടായത്. അവിടത്തെ സർവീസ് റോഡിലും വടകര ടൗണിലും പ്രശ്നങ്ങളുണ്ട്. ചോമ്പാലിലെ അടിപ്പാതയുടെ പ്രശ്നമെന്താണെന്നാൽ, അവിടെനിന്ന് 200 മീറ്റർ ദൂരത്തിൽ ഒരു അടിപ്പാതയുണ്ട്. 200 മീറ്റർ സമീപത്തായി അടിപ്പാത ഉള്ളതുകൊണ്ട് ഇനി മറ്റൊരു അടിപ്പാത അവിടെ നിർമ്മിക്കാൻ കഴിയില്ലെന്നാണ് എൻ.എച്ച്.എ.ഐ. പറയുന്നത്. ഏതായാലും ബന്ധപ്പെട്ട ഉദ്യോഗസ്ഥരുമായി യോഗം ചേർന്ന് പ്രശ്നം പരിഹരിക്കാൻ ശ്രമിക്കാം. ടെയിനേജ് നിർമ്മാണത്തിനുള്ള പണം എൻ.എച്ച്.എ.ഐ. ഡെപ്പോസിറ്റ് ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. അത് ലോക്കൽ ബോഡിസിൽ ഡെപ്പോസിറ്റ് ചെയ്ത് ടെയിനേജിന്റെ എസ്റ്റിമേറ്റ് അതത് പഞ്ചായത്തുകൾക്ക്/മുനിസിപ്പാലിറ്റികൾക്ക് കൊടുത്താൽ അതിന്റെ വർക്ക് അറേഞ്ച് ചെയ്യാൻ സാധിക്കും. കളക്ടറുടെ അക്കൗണ്ടിലേക്ക് പണം ഡെപ്പോസിറ്റ് ചെയ്യാമെന്ന് അറിയിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട എം.എൽ.എ.

സൂചിപ്പിച്ച ഈ പ്രശ്നം ഗൗരവമായി പരിശോധിച്ച് ആവശ്യമായ നടപടികൾ സ്വീകരിക്കുന്നതാണ്.

ദേശീയപാത നിർമ്മാണത്തിലെ അപാകത

(8) ശ്രീമതി ഒ. എസ്. അംബിക: സർ, ആറ്റിങ്ങലിൽ മാമം മുതൽ കല്ലമ്പലം വരെയുള്ള ദേശീയ പാതയിൽ അപകടം നിത്യസംഭവമായി മാറിയിരിക്കുന്നു. പുതിയ എൻ.എച്ച്.-66 ബൈപാസ് മാമത്തുനിന്ന് ആരംഭിച്ച് കല്ലമ്പലം ആഴാംകോണത്ത് അവസാനിക്കുന്നു. മാമം നിത്യവും അപകടം സംഭവിക്കുന്ന മേഖലയായി മാറിയിരിക്കുന്നു. പട്ടണത്തിൽ ദേശീയപാത നാലുവരി പാതയായപ്പോൾ യൂട്ടിലിറ്റി കേബിളുകളും പൈപ്പുകളും സ്ഥാപിച്ച ഇന്റർലോക്ക് പാകിയ ഭാഗം നവീകരിക്കുന്നത് ഒഴിവാക്കുകയുണ്ടായി. ഇപ്പോൾ ടാർ ചെയ്ത ഭാഗം എട്ട് മുതൽ പത്ത് സെന്റീമീറ്റർ വരെ ഉയർന്നു. ഒരു വശത്തെ രണ്ടുവരി ഗതാഗതം ഒരു വരിയായി ചുരുങ്ങി. ട്രാഫിക് ബ്ലോക്ക് പതിവായി മാറി. ഫുഡ്പാത്ത് മീഡിയനും ഡിവൈഡറും റോഡ് നിരപ്പിലായതിനാൽ വാഹനങ്ങൾ അതിലൂടെ കടന്നുപോകുന്നത് കാൽനടയാത്രക്കാർക്ക് ബുദ്ധിമുട്ട് ഉണ്ടാക്കുന്നു.

ടാർ നിരപ്പുയർന്നതിനാൽ ഇരുചക്രവാഹന യാത്രക്കാർ വശങ്ങളിൽ മറിഞ്ഞുവീഴുന്നതും പതിവായിരിക്കുകയാണ്. ഐറിഷ് ചെയ്ത് സൈഡ് ഉയർത്തുന്നതിനുവേണ്ടിയുള്ള സബ്മിഷനാണ് ആറ്റിങ്ങലിലെ എന്റെ വോട്ടർമാർക്കുവേണ്ടി ഞാൻ അവതരിപ്പിക്കുന്നത്.

പൊതുമരാമത്ത് വകുപ്പുമന്ത്രി (ശ്രീ. പി. കെ. ബഷീർ): സർ, ബഹുമാനപ്പെട്ട അംഗം ശ്രീ. ഒ. എസ്. അംബിക സൂചിപ്പിച്ച കാര്യത്തിൽ അവിടെ ആദ്യ ഘട്ടത്തിൽ ഇരുപത് കോടി എൺപത് ലക്ഷം രൂപയ്ക്ക് റോഡിന്റെ നിർമ്മാണ പ്രവൃത്തികൾ നടന്നു. അതുകഴിഞ്ഞപ്പോഴാണ് പിന്നീട് റോഡിന് റീടാറിങ് പൂർത്തിയായത്. പക്ഷേ റീടാറിങ് പ്രവൃത്തിമൂലം റോഡ് ഉയർന്നു. അപ്പോഴാണ് അപകടസാധ്യത ഉണ്ടായതും ഡ്രെയിനേജിന്റെ പ്രശ്നങ്ങൾ ഉണ്ടായതും. ഞാൻ മന്ത്രിയായതിനുശേഷം ഡൽഹിയിൽ പോയപ്പോൾ ഇതുപോലെയുള്ള ചെറിയ ചെറിയ വിഷയങ്ങൾ സൂചിപ്പിച്ചിരുന്നു. അങ്ങനെ 3 കോടി 85 ലക്ഷം രൂപയുടെ എസ്റ്റിമേറ്റിന് എൻ.എച്ച്.എ.ഐ. സാങ്ഷൻ നൽകുകയും ഇപ്പോൾ ടെക്നിക്കൽ സാങ്ഷൻ നൽകുകയും ചെയ്തിട്ടുണ്ട്. അത് ഉടൻതന്നെ ടെൻഡർ ചെയ്ത് നിർമ്മാണ

പ്രവർത്തനങ്ങൾ ആരംഭിക്കുന്നതാണ്.

(9) പോളിടെക്നിക് പരീക്ഷ നടത്തിപ്പിലെ വീഴ്ച

ശ്രീ. സജി ചെറിയാൻ: സർ, സംസ്ഥാനത്തെ പോളിടെക്നിക് കോളേജുകളിലെ ഡിപ്ലോമ മൂന്നാം സെമസ്റ്റർ പരീക്ഷയുടെ ചോദ്യപേപ്പർ ചോർന്നതാണ് വിഷയം. അതീവ സുരക്ഷിതമായി നടത്തപ്പെടുന്ന പരീക്ഷയുടെ ചോദ്യപേപ്പർ സ്ഥാപനങ്ങളുടെ ഇ-മെയിലിലേക്ക് അയച്ചുകൊടുത്തതോടെയാണ് പരീക്ഷ നടത്തിപ്പിലെ ഗുരുതരമായ വീഴ്ച സംഭവിച്ചത്. ചോദ്യചോർച്ചയ്ക്കെതിരെ രക്ഷിതാക്കളും വിദ്യാർഥികളും പരാതികളുമായി രംഗത്തെത്തിയിട്ടുണ്ട്. സംസ്ഥാനത്തെ പതിനായിരത്തിലേറെ വിദ്യാർഥികളുടെ ജീവിത സ്വപ്നങ്ങൾ സർക്കാർ കരിഞ്ചന്തയിലെത്തിച്ചുവെന്ന സംശയമാണയരുന്നത്. രഹസ്യ സ്വഭാവത്തിൽ കൈമാറേണ്ട ചോദ്യപേപ്പർ അയച്ചത് ന്യൂറിഅൻപത്തിയഞ്ചോളം സ്ഥാപനങ്ങളുടെ ഇ-മെയിലിലേക്കാണ്. പരിചയ സമ്പന്നരായ ജീവനക്കാരെ സ്ഥലം മാറ്റിയത് തിരിച്ചടിയായിട്ടുണ്ട്. ഇതിന്റെ വസ്തുത സംബന്ധിച്ച് ഗവൺമെന്റ് പരിശോധിച്ചിട്ടുണ്ടോ;

ഇക്കാര്യത്തിൽ എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ?

ഉന്നത വിദ്യാഭ്യാസ വകുപ്പുമന്ത്രി (ശ്രീ. റോജി എം. ജോൺ): സർ, ഇവിടെ പരാമർശിച്ചതുപോലുള്ള ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ല. സംസ്ഥാനത്തെ പോളിടെക്നിക്കുകളിലെ ഡിപ്ലോമ പരീക്ഷയുടെ ചോദ്യപേപ്പറുകൾ സാധാരണ നിലയിൽ സ്ഥാപനങ്ങൾക്ക് കൈമാറുന്നത് സ്റ്റേറ്റ് ബോർഡ് ഓഫ് ടെക്നിക്കൽ എഡ്യൂക്കേഷൻ പോർട്ടൽ (SBTE portal) മുഖേനയാണ്. പരീക്ഷ ആരംഭിക്കുന്നതിന് ഒരു മണിക്കൂർ മുൻപാണ് ഇത്തരത്തിൽ ചോദ്യപേപ്പർ നൽകുന്നതും സ്ഥാപനങ്ങൾ അവ യഥാക്രമം ഡൗൺലോഡ് ചെയ്തെടുക്കുന്നതും. പോർട്ടലിന് എന്തെങ്കിലും സാങ്കേതികപ്രശ്നം സംഭവിക്കുന്ന പക്ഷം പരീക്ഷ മുടക്കം കൂടാതെ നടത്തുന്നതിനായി ചോദ്യപേപ്പർ ഔദ്യോഗിക ഇ-മെയിലിലേക്ക് അയയ്ക്കുന്ന സംവിധാനം മുൻകാലങ്ങളിലും അവലംബിച്ചുവന്നിരുന്നു. 2019 ഏപ്രിൽ, മേയ് മാസങ്ങളിൽ നടത്തിയ പരീക്ഷകളിലും 2022 ഫെബ്രുവരി മാസത്തിൽ നടത്തിയ പരീക്ഷകളിലും 2024 ഏപ്രിൽ മാസത്തിൽ നടത്തിയ പരീക്ഷകളിലും എസ്.ബി.റ്റി.ഇ. പോർട്ടലിൽ ഉണ്ടായ

സാങ്കേതിക തകരാർ കാരണം ഇപ്പോൾ ഉണ്ടായതുപോലെ സമാനമായ രീതിയിൽ ചോദ്യപേപ്പറുകൾ ബന്ധപ്പെട്ട സ്ഥാപനങ്ങളുടെ ഔദ്യോഗിക ഇ-മെയിലിലേക്ക് അയച്ചുനൽകിയിട്ടുണ്ട്. ഇത് നിരവധി തവണ മുൻകാലങ്ങളിലും ഉണ്ടായിട്ടുള്ളതാണ്. അത് മാത്രമാണ് ഇപ്പോൾ നടന്നിരിക്കുന്നത്. വിശദമായ മറുപടി മേശപ്പുറത്ത് വയ്ക്കുന്നു+.

അത്തരത്തിലൊരു ചോദ്യപേപ്പർ ചോർച്ചയുണ്ടായിട്ടില്ല. മുൻകാലങ്ങളിൽ അവലംബിച്ചുവരുന്ന അതേരീതി തന്നെ, പോർട്ടലിലെ സാങ്കേതിക തകരാർ ഉണ്ടായപ്പോൾ മെയിൽ വഴി കൊടുക്കുന്ന ഒരു രീതി മാത്രമാണ് ചെയ്തിരിക്കുന്നത്. അത്തരത്തിലൊരു ചോദ്യപേപ്പർ ചോർച്ച ഉണ്ടായിട്ടില്ല. അങ്ങനെയൊരു ആശങ്കയും വേണ്ട.

(10) <u>മണലൂർ ഫയർ സ്റ്റേഷൻ</u>

<u>പ്രൊഫ. സി. രവീന്ദ്രനാഥ്:</u> സർ, കേരളത്തിലെ ഏറ്റവും വലിയ മണ്ഡലങ്ങളിലൊന്നാണ് പത്ത് പഞ്ചായത്തുകൾ അടങ്ങുന്ന മണലൂർ നിയോജകമണ്ഡലം. അവിടെ സമുദ്രനിരപ്പിനുതാഴെ ഒൻപതിനായിരം ഏക്കർ കോൾ നിലങ്ങൾ പലപ്പോഴും കടൽപോലെ കിടക്കുന്ന അവസ്ഥ

+ അനുബന്ധമായി ചേർത്തിട്ടുണ്ട്.

കാണാം. അതുപോലെ മറുഭാഗത്ത് വാടാനപ്പള്ളിയിൽ കടലേറ്റം അതിരൂക്ഷമാണ്; അവിടെ ജീവിതംതന്നെ ദുസ്സഹമാണ്. വളരെ വ്യത്യസ്തമായ പ്രശ്നങ്ങളാണ് എന്നർഥം. അതുപോലെ ഇടുങ്ങിയ രണ്ട് സ്ട്രെറ്റ് ഹൈവേകളാണ് അവിടെയുള്ളത്. അതിൽ ഗതാഗത പ്രശ്നങ്ങളുമുണ്ട്. അവിടെ ഉപ്പുവെള്ളം നിയന്ത്രിക്കുന്ന രണ്ട് വലിയ റെഗുലേറ്റർ കം ബ്രിഡ്ജുകളുണ്ട്. വെള്ളപ്പൊക്കം, കടലേറ്റം, ദുരന്തങ്ങൾ എന്നിവ ഉണ്ടാകുമ്പോൾ രക്ഷാപ്രവർത്തനം വളരെ ദുഷ്കരമാണ്. ഇപ്പോൾ ഞങ്ങൾ ആശ്രയിക്കുന്നത് തൃശ്ശൂർ നഗരത്തെയാണ്. അതുകൊണ്ട് തികച്ചും ഒറ്റപ്പെട്ട വലിയ മണ്ഡലത്തിൽ ഇതിനെല്ലാം പറ്റുന്ന രീതിയിലുള്ള റെസ്ക്യൂ ആൻഡ് ഫയർ സ്റ്റേഷൻ അനുവദിക്കണമെന്ന് വിനീതമായി അഭ്യർഥിക്കുന്നു.

ആഭ്യന്തര-വിജിലൻസ്, കയർ വകുപ്പുമന്ത്രി (ശ്രീ. രമേശ് ചെന്നിത്തല): സർ, മുൻമന്ത്രിയും എം.എൽ.എ.-യുമായ പ്രൊഫ. സി. രവീന്ദ്രനാഥിന്റെ നിയോജകമണ്ഡലത്തിലെ ഏറ്റവും പ്രധാനപ്പെട്ട ഒരാവശ്യമാണ് ഉന്നയിച്ചിരിക്കുന്നത്. ഇത്രയുംകാലമായിട്ടും മണലൂരിൽ ഫയർസ്റ്റേഷൻ സ്ഥാപിച്ചിട്ടില്ലെന്ന വാർത്ത എന്നെ അത്ഭുതപ്പെടുത്തുകയാണ്. പത്ത്

പഞ്ചായത്തുകളുൾപ്പെട്ടതും വലിയ ഭൂവിസ്തൃതിയുള്ളതുമായ നിയോജകമണ്ഡലമാണ് മണലൂർ. 2019-ൽ പുതിയ ഫയർ ആൻഡ് റെസ്ക്യൂ സ്റ്റേഷൻ ആരംഭിക്കുന്നതിനായി സർക്കാർ സമർപ്പിച്ച മുൻഗണനാപട്ടികയിൽ മണലൂരിനെ പതിനാറാമതായി ഉൾപ്പെടുത്തിയിരുന്നെങ്കിലും പ്രസ്തുത സ്റ്റേഷൻ ആരംഭിക്കുന്നതിന് സർക്കാരിന്റെ അനുമതി ലഭിച്ചില്ല. തൃശ്ശൂർ ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ടൊരു നിയോജകമണ്ഡലമാണ്. മണലൂർ. ഗ്രാമപഞ്ചായത്തുകളും നഗരസഭയും ഉൾപ്പെടുന്ന ഈ പ്രദേശത്ത് ജനസാന്ദ്രതയേറിയ നിരവധി പ്രദേശങ്ങളും പ്രധാനപ്പെട്ട റോഡുകളും വ്യാപാര സ്ഥാപനങ്ങളും വ്യവസായ-വിദ്യാഭ്യാസ സ്ഥാപനങ്ങളും ഉൾപ്പെടുന്നു. ഇവിടെ ഒരു ഫയർസ്റ്റേഷൻ വേണമെന്ന ആവശ്യം തികച്ചും ന്യായമാണ്. അഗ്നിബാധകൾ, ദേശീയ പാതയിൽ ഉണ്ടാകുന്ന നിരന്തര അപകടങ്ങൾ തുടങ്ങിയ അടിയന്തര സാഹചര്യങ്ങൾ നേരിടുന്നതിന് ഗുരുവായൂർ, നാട്ടിക, തൃശ്ശൂർ ഫയർ സ്റ്റേഷനുകളെയാണ് ആശ്രയിക്കുന്നത്. എന്നാൽ ദൂരെയുള്ള നിലയങ്ങളിൽ നിന്നും ഫയർ യൂണിറ്റുകൾ പുറപ്പെടുമ്പോൾ പലപ്പോഴും ട്രാഫിക് തടസ്സങ്ങൾ

നേരിടുന്നുണ്ട്. പല നിയോജകമണ്ഡലങ്ങളിലും ഫയർ സ്റ്റേഷന്റെ ആവശ്യകതയുണ്ടെന്ന് മനസ്സിലാക്കിയ സാഹചര്യത്തിൽ ഇതിനായി ഒരു മുൻഗണനാപട്ടിക തയ്യാറാക്കുകയാണ്. ടി മുൻഗണനാപട്ടികയിൽ മണലൂരിനെ ഉൾപ്പെടുത്തി അവിടെയൊരു ഫയർസ്റ്റേഷൻ യാഥാർഥ്യമാക്കാനുള്ള നടപടി സ്വീകരിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്.

(11) കനാൽ പുനർ നിർമ്മാണം

ശ്രീ. കെ. എൻ. ബാലഗോപാൽ: സർ, മൂന്നുനാല് മണ്ഡലങ്ങളെ ബാധിക്കുന്ന കനാലുകൾ തകർന്ന പ്രശ്നമാണിത്. കൊട്ടാരക്കര നിയോജകമണ്ഡലത്തിൽപ്പെട്ട വെളിയം പഞ്ചായത്തിൽ കെ.ഐ.പി.-യുടെ ഊത്തുർ ബ്രാഞ്ച് കനാലുണ്ട്. അവിടെ ചെപ്പാറ എന്ന സ്ഥലത്ത് കുറച്ചുനാൾ മുമ്പ് കനാൽ തകർന്നതിനെത്തുടർന്ന് അവിടെ വൻ അപകടം ഉണ്ടാകുകയും കാറും ഓട്ടോറിക്ഷയും ഒലിച്ചുപോവുകയുമുണ്ടായി. വേനൽ കാലത്ത് കല്ലട കനാലിലൂടെ വെള്ളം തുറന്നുവിടുന്നതുവഴി കൊട്ടാരക്കര മുൻസിപ്പാലിറ്റി, ഉമ്മന്നൂർ, വെളിയം, പൂയപ്പള്ളി, മീയണ്ണൂർ, നെടുമ്പന, ആദിച്ചനല്ലൂർ, പരവൂർ

തുടങ്ങിയ നാട്ടിൻപ്രദേശങ്ങളിലെയും നഗരപ്രദേശങ്ങളിലെയും ശുദ്ധജലക്ഷാമത്തിന് വലിയ പരിഹാരമായിരുന്നു. ഏകദേശം 90 കിലോ മീറ്റർ നീളമുള്ളൊരു കനാലാണിത്. നിരവധി മണ്ഡലങ്ങളെ ബാധിക്കുന്ന ടി കനാൽ തകർന്നിട്ട് നാളിതുവരെ നിർമ്മാണം ആരംഭിച്ചിട്ടില്ല. ഇതിന്റെ പുനർനിർമ്മാണത്തിനായി രണ്ടരക്കോടി രൂപയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയിട്ടുണ്ടെങ്കിലും വീണ്ടും ഇൻവെസ്റ്റിഗേഷൻ നടപടികളുമായി നീണ്ടുപോകുകയാണ്. അടുത്ത വരൾച്ചയ്ക്ക് മുമ്പെങ്കിലും ടി കനാൽ പുനർനിർമ്മിച്ചില്ലെങ്കിൽ കുടിവെള്ളത്തിന് വലിയ ക്ഷാമമുണ്ടാകും. ടി കനാൽ അടിയന്തരമായി നിർമ്മിക്കാനുള്ള നടപടി സ്വീകരിക്കണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ജലവിഭവ-ഭവനനിർമ്മാണ വകുപ്പുമന്ത്രി (ശ്രീ. മോൻസ് ജോസഫ്): സർ, കല്ലട ജലസേചന പദ്ധതിയുടെ ഊരുർ ഗ്രാമപഞ്ചായത്തിലെ കനാലിൽ 9,500 മീറ്ററിനുസമീപമുള്ള ചെയിനേജ് തകർച്ചയുണ്ടായതുമായി ബന്ധപ്പെട്ട വിഷയമാണിത്. മുൻ ധനകാര്യ മന്ത്രിയായിരുന്ന അദ്ദേഹം ചൂണ്ടിക്കാണിച്ച പ്രശ്നം അടിയന്തരമായി പരിഹരിക്കേണ്ടതായിട്ടുണ്ട്.

കൊട്ടാരക്കര, ചാത്തന്നൂർ, കുണ്ടറ, ചടയമംഗലം നിയോജകമണ്ഡലങ്ങളിലെ വിവിധ പ്രദേശങ്ങൾക്ക് പ്രയോജനപ്പെടുന്ന ഊത്തുർ ബ്രാഞ്ച് കനാലിന്റെ ശൃംഖലയ്ക്ക് 92 കിലോമീറ്റർ ദൈർഘ്യമുണ്ട്. ഇതിനിടയിൽ ഇത്തരം പ്രശ്നങ്ങൾ ഉണ്ടാകുമ്പോൾ സാമ്പത്തിക ബുദ്ധിമുട്ടുകൾ കാരണം അവ സമയബന്ധിതമായി പരിഹരിക്കാൻ കഴിയാതെ വരുന്നുണ്ട്. എങ്കിലും, ഇക്കാര്യത്തിൽ പ്രത്യേക മുൻഗണന നൽകി അടിയന്തരമായി നിർമ്മാണ പ്രവർത്തനങ്ങൾ നടത്തുന്നതിനുള്ള സാഹചര്യമുണ്ടാക്കും. 2026 മാർച്ച് 12-ന് കനാലിലൂടെ ജലവിതരണം ആരംഭിച്ചിരുന്നു. മാർച്ച് 15-ന് വൈകുന്നേരം 7 മണിയോടെ വെളിയം ഗ്രാമപഞ്ചായത്തിലെ ഓടനാവട്ടം വില്ലേജിൽ കനാലിന്റെ വലതുകരയിലെ ബണ്ട് റോഡിൽ വിള്ളൽ രൂപപ്പെടുകയും തുടർന്ന് തകർച്ചയുണ്ടാകുകയും ചെയ്തത്. കനാൽ പുനർനിർമ്മാണത്തിന് ആവശ്യമായ പ്രാഥമിക പരിശോധനകളും സർവെ നപടികളും നടത്തിയിട്ടുണ്ട്. ജിയോളജിക്കൽ സർവെ ഓഫ് ഇന്ത്യയുടെ വിദഗ്ധസംഘം സ്ഥലം സന്ദർശിച്ച് സാങ്കേതിക റിപ്പോർട്ട് തയ്യാറാക്കി സമർപ്പിച്ചിട്ടുണ്ട്. റവന്യൂ സർവെ വിഭാഗം കനാൽ

ഭൂമി അളന്ന് അതിർത്തിക്കല്ലുകൾ സ്ഥാപിക്കുകയും പീച്ചിയിലെ കേരള എഞ്ചിനീയറിങ് റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട് മുഖേന സ്ഥലത്തിന്റെ ഭൂപ്രകൃതി സർവെ പൂർത്തിയാക്കുകയും ചെയ്തിട്ടുണ്ട്. നിർമ്മാണ പ്രവർത്തനങ്ങൾ നടപ്പാക്കുന്നതിന് മുന്നോടിയായുള്ള സോയിൽ ടെസ്റ്റ് നടത്തുന്നതിനായുള്ള ആറു ലക്ഷം രൂപയുടെ സാമ്പത്തികാനുമതി അടിയന്തരമായി നൽകിയിട്ടുണ്ട്. ഇതിനുള്ള ടെൻഡർ നടപടികൾ പൂർത്തിയാക്കി കരാറുകാർക്ക് സെലക്ഷൽ നോട്ടീസ് നൽകിയിട്ടുണ്ട്. തകർന്ന കനാൽ ഭാഗവും ബണ്ടും പുനർനിർമിക്കുന്നതിനായി 2.50 കോടി രൂപയുടെ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി സർക്കാരിലേയ്ക്ക് സമർപ്പിച്ചിട്ടുണ്ട്. ഇതിന് ഭരണാനുമതി നൽകിയിട്ടില്ല. ടി പ്രവൃത്തിക്ക് എത്രയും പെട്ടെന്ന് ഭരണാനുമതി നൽകുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണ്. അടുത്ത ജലവിതരണ സീസണിൽ കനാലിലൂടെ ജലലഭ്യത ഉറപ്പാക്കേണ്ടതിന്റെ പ്രാധാന്യം അങ്ങ് ചൂണ്ടിക്കാണിച്ചത് ഗവൺമെന്റ് ഉൾക്കൊള്ളുന്നുണ്ട്. ആവശ്യമായ സാങ്കേതിക പരിശോധനകളുടെ അടിസ്ഥാനത്തിൽ സുരക്ഷിതമായ പുനർനിർമ്മാണം സാധ്യമാക്കുന്നതിനും ഭരണാനുമതി

ലഭ്യമാക്കി തുടർനടപടി വേഗത്തിലാക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. കെ.ഐ.പി. ഊത്തുർ ബ്രാഞ്ച് കനാലിന്റെ 9500 മീറ്റർ ചെയിനേജിന് സമീപം തകർന്ന കനാൽ പൂർവസ്ഥിതിയാലാക്കുന്നതിന് ആവശ്യമായ അടിയന്തരനടപടി സ്വീകരിക്കാൻ നിർദേശം കൊടുക്കുന്നതാണ്.

(12) ജീവിതശൈലീരോഗ നിയന്ത്രണം

ശ്രീ. ആര്യാടൻ ഷൗക്കത്ത്: സർ, രോഗങ്ങൾ വരുന്നത് തടയുന്നതിനും രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും കണ്ടെത്തിയ രോഗങ്ങൾ വളരെ വേഗത്തിൽ ചികിത്സിക്കുന്നതിനുമായി സംസ്ഥാന സർക്കാർ 'ഹൃദയരാഗം' പദ്ധതി ആവിഷ്കരിക്കുന്നതിലും പ്രസ്തുത പദ്ധതി എന്റെ നിയോജക മണ്ഡലത്തിൽ നടപ്പാക്കാൻ തീരുമാനിച്ചതിലും വലിയ സന്തോഷമുണ്ട്. അതിൽ രണ്ട് കാര്യങ്ങളാണുള്ളത്; ലോകത്തുള്ള ജീവികളിൽ സ്വന്തം ഭക്ഷണത്തിൽ വിഷം കലർത്തുന്ന ഒരേയൊരു ജീവിയേയുള്ളൂ, അത് മനുഷ്യനാണ്. അസുഖം വരുന്ന വഴികൾ തടയുമ്പോൾ തന്നെ ഇത്തരം വിഷാംശമുള്ള, അതായത്, വെളിച്ചെണ്ണ പച്ചക്കറി, മത്സ്യം

തുടങ്ങി ഏത് രൂപത്തിലാണെങ്കിലും വളരെ വിഷാംശം കലർന്ന ഭക്ഷ്യസാധനങ്ങളാണ് നാം വാങ്ങുന്നത്. അതിനെ കൃത്യമായി പരിശോധന നടത്തി നിയന്ത്രിക്കാനുള്ള സംവിധാനങ്ങൾ ഏർപ്പെടുത്താൻ സാധിക്കുമോ; രണ്ട്, ഹൃദയരാഗം പദ്ധതിയുമായി ബന്ധപ്പെട്ട് രോഗം നേരത്തെ കണ്ടെത്തിയ ആളുകൾക്ക് ആരംഭത്തിൽത്തന്നെ തുടർ ചികിത്സ നൽകുവാനുള്ള സംവിധാനം ഉണ്ടാക്കാൻ സാധിക്കുമോ; കേരളത്തിൽ ജീവിതശൈലി രോഗങ്ങൾ ബാധിച്ചാണ് 70 ശതമാനത്തോളം ആളുകൾ മരണപ്പെടുന്നത്. മാത്രമല്ല കേരളത്തിൽ 35 വയസ്സിന് മുകളിലുള്ള 31.9 ശതമാനം പുരുഷന്മാരും 27.9 ശതമാനം സ്ത്രീകളും ഡയബറ്റിക് പേഷ്യന്റാണ് അല്ലെങ്കിൽ ബി.പി. ഉള്ളവരാണെന്നാണ് എൻ.എഫ്.എച്ച്.എസ്-ന്റെ സർവെയിൽ പറയുന്നത്. അതുകൊണ്ടുതന്നെ ഈ പദ്ധതി വളരെ അത്യാവശ്യമുള്ള പദ്ധതിയാണ്. അതോടൊപ്പം തന്നെ..

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ</u>: യെസ്..യെസ്...

<u>ശ്രീ. ആര്യാടൻ ഷൗക്കത്ത്</u>: നമ്മുടെ ദേശീയ ശരാശരി വരുന്നത് 20

ശതമാനമാണ്. ഏറ്റവും കൂടുതൽ ആരോഗ്യ ദൈർഘ്യമുള്ള കേരളത്തിൽ, ആരോഗ്യ രംഗത്ത് വളരെയേറെ പ്രസക്തവും പ്രാധാന്യവുമുള്ള പദ്ധതികൾ നടപ്പിലാക്കിയെന്ന് അഭിമാനിക്കുന്ന കേരളത്തിലെ 35 വയസ്സിനുമുകളിലുള്ള ഏകദേശം 31 ശതമാനം ആളുകളും രോഗികളാണെങ്കിൽ ...

മാഡം ഡെപ്യൂട്ടി സ്പീക്കർ: ബഹുമാനപ്പെട്ട അംഗം ചുരുക്കണം.

ശ്രീ. ആര്യാടൻ ഷൗക്കത്ത്: ദേശീയ ശരാശരി കേവലം 20 ശതമാനം മാത്രമാണ്. അതുകൊണ്ട് ഇതിന്റെ തുടർചികിത്സ അതുപോലെ വിഷാംശമുള്ള ഇത്തരം ഭക്ഷണ സാധനങ്ങളെ നിയന്ത്രിക്കാനുള്ള പദ്ധതി ഇതിന്റെ ഭാഗമായി ആവിഷ്കരിക്കാൻ സാധിക്കുമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, സംസ്ഥാനത്ത് ജീവിതശൈലീ രോഗങ്ങൾ വർധിച്ചുവരുന്ന സാഹചര്യത്തിൽ, ഇത്തരം രോഗങ്ങൾ നേരത്തെ കണ്ടെത്തുന്നതിനും സമയബന്ധിതമായി ചികിത്സ ഉറപ്പാക്കുന്നതിനുമായി എൻ.സി.ഡി. ക്ലിനിക്കുകൾ ശക്തിപ്പെടുത്തുന്നതിനും ആരോഗ്യവകുപ്പ് വിവിധ നടപടികൾ

സ്വീകരിച്ചുവരികയാണ്. ജനകീയ ആരോഗ്യ കേന്ദ്രങ്ങൾ മുതൽ മെഡിക്കൽ കോളേജ് വരെയുള്ള ആരോഗ്യ സ്ഥാപനങ്ങളിലൂടെയുള്ള പരിശോധന, ചികിത്സ, മരുന്നുകളുടെ വിതരണം, തുടർപരിചരണം എന്നിവ ഉറപ്പാക്കുന്നതിനുള്ള സംവിധാനങ്ങൾ നിലവിലുണ്ട്. ജീവിതശൈലീ രോഗങ്ങൾ നേരത്തെ കണ്ടെത്തി നിയന്ത്രിക്കുന്നതിന് രോഗ സങ്കീർണ്ണതകൾ കുറയ്ക്കുന്നതിനുമായി 18 വയസ്സിനുമുകളിൽ പ്രായമുള്ള എല്ലാവർക്കും രോഗനിർണ്ണയം നടത്തുന്നതിനാണ് സർക്കാർ 'ഹൃദയരാഗം' പദ്ധതി ആവിഷ്കരിച്ചിരിട്ടുള്ളത്. പ്രാരംഭഘട്ടത്തിൽ നിലമ്പൂർ, ഇടുക്കി, വട്ടിയൂർക്കാവ് നിയോജകമണ്ഡലങ്ങളിൽ പൈലറ്റ് അടിസ്ഥാനത്തിൽ നടപ്പാക്കുന്ന പദ്ധതി ഘട്ടംഘട്ടമായി സംസ്ഥാനത്തൊട്ടാകെ വ്യാപിപ്പിക്കാനാണ് ലക്ഷ്യമിടുന്നത്. രോഗസാധ്യതയുടെ തോതനുസരിച്ച് വ്യക്തികളെ തരംതിരിച്ച് ആവശ്യമായ പരിശോധനകളും ചികിത്സയും ഉറപ്പാക്കുന്നതിനും ഡിജിറ്റൽ ആരോഗ്യ രേഖകളിലൂടെ തുടർപരിചരണം ഏകോപിപ്പിക്കുന്നതിനും പദ്ധതിയിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. വൃക്ക രോഗങ്ങളുടെ പ്രധാന കാരണങ്ങളിൽ ഒന്നായ പ്രമേഹം നേരത്തെ

കണ്ടെത്തി നിയന്ത്രിക്കുന്നതിനും രക്താതിമർദം ഉൾപ്പെടെയുള്ള ജീവിതശൈലീ രോഗങ്ങൾ ഫലപ്രദമായി നിയന്ത്രിക്കുന്നതിനും പ്രത്യേക ശ്രദ്ധ നൽകിവരുന്നു. വൃക്കരോഗ സാധ്യതയുള്ളവരിൽ ആവശ്യമായ പരിശോധനകൾ നടത്തുകയും രോഗം നേരത്തെ കണ്ടെത്തി ചികിത്സ ആരംഭിക്കുകയും ചെയ്യുന്നതിലൂടെ രോഗത്തിന്റെ പുരോഗതിയും തുടർന്നുണ്ടാകുന്ന സങ്കീർണ്ണതകളും കുറയ്ക്കാൻ സാധിക്കും. സംസ്ഥാനത്ത് സർക്കാർ ആശുപത്രികളിൽ നിലവിൽ 112 ഡയാലിസിസ് കേന്ദ്രങ്ങൾ പ്രവർത്തിക്കുന്നുണ്ട്. കൂടാതെ ആശുപത്രികളിൽ ആവർത്തിച്ച് എത്തേണ്ടിവരുന്ന രോഗികളുടെ യാത്രാബുദ്ധിമുട്ടും ചികിത്സയുമായി ബന്ധപ്പെട്ട ചെലവുകളും കുറയ്ക്കുന്നതിനായി അനുയോജ്യരായ രോഗികൾക്ക് വീട്ടിൽവച്ച് തന്നെ ഡയാലിസിസ് നടത്താൻ സഹായിക്കുന്ന സി.എ.പി.ഡി. ചികിത്സാരീതി നടപ്പാക്കിവരുന്നു. ഡയാലിസിസ് സേവനങ്ങളുടെ ലഭ്യത മെച്ചപ്പെടുത്തുന്നതിനും ആവശ്യമായ ഇടങ്ങളിൽ നിലവിലുള്ള സൗകര്യങ്ങൾ ശക്തിപ്പെടുത്തുന്നതിനും പുതിയ യൂണിറ്റുകൾ സ്ഥാപിക്കുന്നതിനും സർക്കാർ നടപടി സ്വീകരിച്ചുവരികയാണ്.

ജീവിതശൈലീരോഗ പ്രതിരോധം, നേരത്തെയുള്ള രോഗനിർണ്ണയം, സമയ ബന്ധിതമായ ചികിത്സ തുടർപരിചരണം, സൗജന്യവും ചെലവു കുറഞ്ഞതുമായി ഡയാലിസിസ് സേവനങ്ങളുടെ ലഭ്യത എന്നിവ ഉറപ്പാക്കുന്നതിനാണ് സർക്കാർ മുൻഗണന നൽകുന്നത്.

(13) താനൂർ താലൂക്ക് സി.എച്ച്.സി.-യിൽ കിടത്തി ചികിത്സ

ശ്രീ. പി. കെ. നവാസ്: സർ, കേരളത്തിലെ താലൂക്ക് ആശുപത്രികളിൽ കിടത്തി ചികിത്സാ സൗകര്യം നിലവിലുണ്ട്. എന്നാൽ, താനൂരിലെ താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ ഇതുവരെ ആരംഭിക്കാൻ സാധിച്ചിട്ടില്ല. കേരളത്തിൽ കിടത്തി ചികിത്സ ആരംഭിക്കാത്ത ഏക താലൂക്ക് ആശുപത്രി താനൂരാണ്. മുമ്പ് സി.എച്ച്.സി. ആയിരുന്നപ്പോൾ അവിടെ കിടത്തി ചികിത്സാ സൗകര്യവും ഡോക്ടർമാരുടെ സേവനങ്ങളും ഉണ്ടായിരുന്നു. നിർഭാഗ്യവശാൽ, കഴിഞ്ഞ മന്ത്രിസഭയുടെ കാലത്ത് ആ നിയോജകമണ്ഡലത്തെ പ്രതിനിധീകരിച്ചിരുന്ന എം.എൽ.എ. മന്ത്രിയായിരിക്കുമ്പോൾത്തന്നെ താലൂക്ക് ആശുപത്രിയായി ഉയർത്തുമെന്ന് പറഞ്ഞ് ബോർഡ് മാറ്റിവച്ചു എന്നല്ലാതെ നിലവിലുണ്ടായിരുന്ന ഐ.പി.

പോലും ഇല്ലാത്തൊരവസ്ഥ നിലവിൽ അവിടെ സംജാതമാണ്. നിലവിൽ ഭൗതിക സാഹചര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും പഴയ കെട്ടിടങ്ങൾ നവീകരിക്കുന്നതിനുമായി കെ.എം.എസ്.സി.എൽ. പ്രത്യേകമായി മെയിന്റനൻസ് ഫണ്ട് അനുവദിക്കുകയും എം.എൽ.എ.-യുടെ ആസ്തി വികസന ഫണ്ടിൽനിന്ന് തുക അനുവദിക്കുകയും ചെയ്തിട്ടുണ്ട്. അതായത് കെട്ടിടങ്ങളും ഭൗതിക സാഹചര്യങ്ങളുമൊക്കെ അവിടെ തയ്യാറാണ്. സ്റ്റാഫ് പാറ്റേൺകൂടി ഉണ്ടെങ്കിൽ കേരളത്തിലെ ഏക കിടത്തി ചികിത്സ ഇല്ലാത്ത ആശുപത്രി എന്ന ചീത്തപേര് താനൂരിൽ നിന്ന് മാറ്റി നിർത്താൻ സാധ്യമാകും. ബഹുമാനപ്പെട്ട മന്ത്രി ഇന്നലെയും ഇന്നുമായി ആരോഗ്യമേഖലയിൽ നടത്തുന്ന ഇടപെടലുകളുടെ ഭാഗമായുള്ള വ്യത്യസ്ത ആശയങ്ങളെക്കുറിച്ച് സഭയിൽ സംസാരിച്ചു. താനൂരിനെ സംബന്ധിച്ച് ഇത് ഏറെക്കാലമായുള്ള ഒരാവശ്യമാണ്. ഒരു പ്രൈവറ്റ് ആശുപത്രിപോലും കൃത്യമായി ഇല്ലാത്തൊരിടമാണ്. ഏകദേശം പത്തൊമ്പതോളം കിലോമീറ്റർ തീരദേശ മേഖലയാണ്. ഇക്കാര്യത്തിൽ അനുഭാവപൂർവമായ ഒരു പരിഗണന ഉണ്ടാകുമോ?

Submission

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, 26-02-2026-ലെ സർക്കാർ ഉത്തരവുപ്രകാരം മലപ്പുറം ജില്ലയിലെ താനൂർ സാമൂഹിക ആരോഗ്യ കേന്ദ്രത്തെ താലൂക്ക് ആസ്ഥാന ആശുപത്രിയായി ഉയർത്തിയിട്ടുണ്ട്. അതിന്റെ ഭാഗമായി 40000 സ്ക്വയർഫീറ്റ് വിസ്തൃതിയുള്ള കെട്ടിടം നിർമ്മിക്കുന്നതിനായി 05-06-2024-ലെ ഉത്തരവുപ്രകാരം 22.38 കോടി രൂപയുടെ പ്ലാൻ ഫണ്ട് അനുവദിച്ചിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഗ്രൗണ്ട് ഫ്ലോറിന്റെ നിർമ്മാണം പൂർത്തീകരിക്കുകയും ഒന്നാം നിലയുടെ നിർമ്മാണ പ്രവൃത്തി നടന്നുവരികയുമാണ്. പ്രസ്തുത കെട്ടിടത്തിന്റെ മൂന്നാംഘട്ട നിർമ്മാണ പ്രവർത്തനങ്ങൾക്കായി നവകേരള വികസന പദ്ധതിയിലുൾപ്പെടുത്തി 28-07-2025-ലെ സർക്കാർ ഉത്തരവുപ്രകാരം ഏഴ് കോടി രൂപ അനുവദിച്ചിട്ടുണ്ട്. ഇതിൽ നാല് കോടി രൂപ നിർമ്മാണ പ്രവർത്തനങ്ങൾക്കും മൂന്ന് കോടി രൂപ മെഡിക്കൽ ഉപകരണങ്ങൾ ലഭ്യമാക്കുന്നതിനുമാണ് അനുവദിച്ചിട്ടുള്ളത്. ആയതുപ്രകാരം P.W.D. മുഖാന്തരം തയ്യാറാക്കിയ പ്രെപ്പോസലിന്മേലുള്ള നടപടികൾ പൂർത്തിയായിവരുന്നു. കൂടാതെ ആശുപത്രി ഉപകരണങ്ങളുടെ പ്രെപ്പോസൽ

തയ്യാറാക്കുന്നതിന് കെ.എം.എസ്.സി.എൽ. മാനേജിങ് ഡയറക്ടർക്കും എൻ.എച്ച്.എം. ബയോമെഡിക്കൽ എഞ്ചിനീയർക്കും നിർദ്ദേശം നൽകിയിട്ടുണ്ട്. താനൂർ താലൂക്ക് ആശുപത്രിയിലെ പഴയ ഒ.പി. കെട്ടിടം അൺഫിറ്റ് ആയതിനാൽ, പണി പൂർത്തിയാകാത്ത പുതിയ കെട്ടിടത്തിന്റെ താഴത്തെ നിലയിലേക്ക് ഒ.പി. മാറ്റിയിട്ടുണ്ട്. പ്രസ്തുത കെട്ടിടത്തിന്റെ ഒന്നാം നിലയുടെയും രണ്ടാംനിലയുടെയും പണി നടക്കുന്നതിനാലും വൈദ്യുതി സുരക്ഷാ പ്രശ്നങ്ങൾ ഉള്ളതിനാലും കിടത്തി ചികിത്സ ആരംഭിക്കുന്നതിനുള്ള സാഹചര്യം ഇപ്പോൾ ഇല്ലെങ്കിലും നിർമ്മാണം പൂർത്തികരിച്ചിട്ടുള്ള ഐസൊലേഷൻ വാർഡിന്റെ അറ്റകുറ്റപ്പണികൾ പൂർത്തിയാകുന്നമുറയ്ക്ക് താനൂർ താലൂക്ക് ആശുപത്രിയിൽ കിടത്തി ചികിത്സ ആരംഭിക്കാൻ സാധിക്കും. ഐസൊലേഷൻ വാർഡിന്റെ അറ്റകുറ്റപ്പണികൾ നടത്തുന്നതിനുള്ള പ്രാഥമിക നടപടികൾ കെ.എം.എസ്.സി.എൽ. ആരംഭിച്ചുകഴിഞ്ഞിട്ടുണ്ട്. ബഹുമാനപ്പെട്ട അംഗത്തിന്റെ ആശങ്ക എത്രയും പെട്ടെന്ന് പൂർണമായും പരിഹരിക്കാൻ കഴിയും.

(14) <u>സർജിക്കൽ ബ്ലോക്ക് നിർമ്മാണത്തിലെ അപാകത</u>

Submission

ശ്രീ. നാട്ടകം സുരേഷ്: സർ, 270 കോടി രൂപ മുടക്കി കോട്ടയം മെഡിക്കൽ കോളേജിൽ നിർമ്മിച്ച പുതിയ സർജിക്കൽ ബ്ലോക്കിന്റെ ഓരോ അറ്റം വീതം അടർന്നുവീണുകൊണ്ടിരിക്കുകയാണ്. കഴിഞ്ഞ ഫെബ്രുവരി മാസത്തിൽ തിരഞ്ഞെടുപ്പിന് മുന്നോടിയായി കൊട്ടിഘോഷിച്ച് അന്നത്തെ മുഖ്യമന്ത്രിയായിരുന്ന ശ്രീ. പിണറായി വിജയൻ ഉദ്ഘാടനം ചെയ്ത ബ്ലോക്കാണ് ഇപ്പോൾ ഓരോ ദിവസവും അടർന്നുവീണുകൊണ്ടിരിക്കുന്നത്. കഴിഞ്ഞ രണ്ടു മാസത്തിനിടയ്ക്ക് രണ്ടു തവണ സീലിങ് അടർന്നുവീണ് ഒരു ഡോക്ടർ ഉൾപ്പെടെയുള്ളവർ തലനാരിഴക്കാണ് അപകടത്തിൽനിന്ന് രക്ഷപ്പെട്ടത്. ഈ കഴിഞ്ഞ ദിവസം വീണ്ടും ഒരു സീലിങ് കൂടി അടർന്നുവീണു. അവിടെ ഇരുന്ന രോഗികളെല്ലാം ഓടി മാറിയതുകൊണ്ടുമാത്രമാണ് അവരുടെ ജീവൻ രക്ഷപ്പെട്ടത്. ജതൻ കൺസ്ട്രക്ഷൻ (Jatan Construction) എന്ന കമ്പനിക്കാണ് ഈ കെട്ടിടത്തിന്റെ നിർമ്മാണ ചുമതല ഏൽപിച്ചിരുന്നത്. ആ കമ്പനി നിർമ്മാണപ്രവൃത്തി മറ്റ് കമ്പനികൾക്ക് സബ് കരാർ കൊടുത്തുവെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളത്. ഈ കെട്ടിട

നിർമ്മാണത്തിൽ വലിയ അപാകതയുണ്ടെന്ന് ചൂണ്ടിക്കാട്ടി, ജില്ലാ കോൺഗ്രസ് കമ്മിറ്റി അധ്യക്ഷൻ എന്ന നിലയിൽ എന്റെ നേതൃത്വത്തിൽ അവിടെ വലിയൊരു സമരപരിപാടി സംഘടിപ്പിച്ചിരുന്നു. ഈ കാര്യങ്ങളെല്ലാം ഞങ്ങൾ ഒരിക്കൽക്കൂടി ഇവിടെ ചൂണ്ടികാണിച്ചിരുന്നു. കഴിഞ്ഞ ഒരു വർഷത്തിനുള്ളിൽ കെടുകാര്യസ്ഥതയും അനാസ്ഥയും മൂലം രണ്ടു മരണമാണ് ആ മെഡിക്കൽ കോളേജിൽ അപകടംമൂലം ഉണ്ടായിട്ടുള്ളത്. ഒന്ന് ബിന്ദു എന്ന പാവപ്പെട്ടൊരു കുടുംബിനി കെട്ടിടത്തിന്റെ ഒരു ഭാഗം അടർന്നുവീണതിനെത്തുടർന്ന് മരണപ്പെടുകയുണ്ടായി. കഴിഞ്ഞ നാല് മാസങ്ങൾക്കുമുമ്പ് ഒരു അന്യസംസ്ഥാന തൊഴിലാളി കെട്ടിടത്തിന്റെ ഒരു ഭാഗം ഇടിഞ്ഞുവീണ് മരണപ്പെടുകയുണ്ടായി. ഇതൊരു തുടർകഥയായി മാറിക്കൊണ്ടിരിക്കുകയാണ്. ഞാൻ കഴിഞ്ഞ ദിവസം ഈ പുതിയ കെട്ടിടത്തിന്റെ എല്ലാ വശങ്ങളും നടന്ന് പരിശോധന നടത്തുകയുണ്ടായി. അവിടെ സീലിങ് ഇനിയും അടർന്നുവീഴുന്ന നിലയിലാണ്. വെള്ളം കെട്ടി നിൽക്കുന്നുമുണ്ട്. ഏത് സമയത്തും സീലിങ് അടർന്നുവീഴാവുന്ന

അവസ്ഥയാണ് അവിടെയുള്ളത്. മഴ പെയ്യുമ്പോൾ കെട്ടിടത്തിന്റെ പല ഭാഗങ്ങളിലും ശക്തമായ ചോർച്ചയുണ്ടാകുന്നു. പ്രധാന ആവശ്യങ്ങൾക്കായി വിനിയോഗിക്കുന്നതിനായി മാറ്റിവച്ചിരിക്കുന്ന താഴത്തെ നിലകളിൽ മുഴുവൻ വെള്ളം ചോർന്നൊലിച്ച് തോടുപോലെ കിടക്കുകയാണ്. ഒരുതരത്തിലും ഉപയോഗിക്കാൻ കഴിയാത്ത നിലയിൽ കിടക്കുകയാണ്. കറങ്ങികൊണ്ടിരിക്കുന്ന ഫാനിന്റെ ലീഫ് തെറിച്ചുവീഴുകയാണ്. ഫാനുകളുടെ ലീഫ് ഇളകിത്തെറിക്കുന്ന അവസ്ഥ സ്ഥിരമായി അവിടെ കാണുകയാണ്. വൈദ്യുത ലൈനുകളിലും പ്ലഗ് പോയിന്റുകളിലും നിന്നുള്ള ഷോർട്ട് സർക്യൂട്ടുകൾമൂലം ജീവനക്കാർക്ക് സ്ഥിരമായി ഷോക്ക് ഏൽക്കുന്ന സംഭവങ്ങളും ഉണ്ടാകുന്നുണ്ട്. സിവിൽ, പ്ലമ്പിങ്, ഇലക്ട്രിക്കൽ എന്നീ മേഖലകളിൽ നടന്ന ജോലികളിൽ കാര്യമായ മോണിറ്ററിങ് നടക്കാത്തതുമൂലം അപാകതകൾ വളരെ വ്യക്തമായി കാണുകയാണ്. പദ്ധതിയുടെ നിർമ്മാണ ചുമതല ഏറ്റെടുത്തിരുന്ന ജതൻ കൺസ്ട്രക്ഷനെ കരിമ്പട്ടികയിൽപ്പെടുത്തേണ്ടതായിട്ടുണ്ട്. ഇതിനെ സംബന്ധിച്ചുള്ള അന്വേഷണം നടത്തണം. കോട്ടയം മെഡിക്കൽ കോളേജ് സർജിക്കൽ

ബ്ലോക്കിന്റെ നിർമ്മാണത്തിലെ സാങ്കേതിക വീഴ്ചകളെക്കുറിച്ച് വിദഗ്ദ സമിതിയെ നിയോഗിച്ച് സമഗ്രവും നിക്ഷ്പക്ഷവുമായ അന്വേഷണം പ്രഖ്യാപിക്കണം. രോഗികളുടെയും ജീവനക്കാരുടെയും ജീവന് ഭീഷണി ഉയർത്തുന്ന ഇലക്ട്രിക്കൽ, സിവിൽ തകരാറുകൾ അടിയന്തരമായി യുദ്ധകാലാടിസ്ഥാനത്തിൽ പരിഹരിക്കാൻ നടപടി സ്വീകരിക്കണം. പൊതുപണം കൊള്ളയടിക്കാനും ജനങ്ങളുടെ ജീവൻ പണയം വയ്ക്കാനും കൂട്ട് നിന്നവർക്കെതിരെ മാതൃകാപരമായ നടപടി സ്വീകരിക്കണം. കഴിഞ്ഞ അഞ്ചുകൊല്ലം അവിടെ പ്രതിനിധീകരിച്ച എം.എൽ.എ. ഇതിന്റെയൊക്കെ പിന്നിലുണ്ടായിരുന്നു. ആ എം.എൽ.എ.-യുടെ ഇടപെടലാണ് ആ മെഡിക്കൽ കോളേജിനെ സമ്പൂർണമായി രാഷ്ട്രീയവൽക്കരിക്കുകയും അഴിമതിയുടെ കേന്ദ്രമാക്കി മാറ്റുകയും ചെയ്തത്. ഇക്കാര്യത്തിൽ കൃത്യമായ അന്വേഷണം നടത്തണമെന്ന് ഈ സബ്മിഷനിലൂടെ ആവശ്യപ്പെടുകയാണ്.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, കോട്ടയം മെഡിക്കൽ കോളേജിലെ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണം

പൂർത്തിയാക്കിയത് നിർവഹണ ഏജൻസിയായ HITES (HLL Infra Tech Services Limited) ആണ്. പണി പൂർത്തിയായ സർജിക്കൽ ബ്ലോക്ക് HITES-ൽ നിന്നും ഹാൻഡ് ഓവർ ചെയ്യ വാങ്ങുന്നതിനായി 06-08-2026-ൽ കിഫ്ബി പ്രോജക്ട് അഡ്വൈസർ ശ്രീ. അനിൽ ജെ.-യുടെ നേതൃത്വത്തിൽ ജോയിന്റ് ഇൻസ്പെക്ഷൻ നടത്തുകയും പ്രസ്തുത ഇൻസ്പെക്ഷനിൽ പ്രിൻസിപ്പൽ, ആശുപത്രി സൂപ്രണ്ട്, ബയോ മെഡിക്കൽ വിഭാഗം, ഹെൽത്ത് സൂപ്പർവൈസർ, ഫയർ ഓഫീസർ, HITES പ്രതിനിധികൾ എന്നിവർ പങ്കെടുക്കുകയും ചെയ്യ. ഈ ജോയിന്റ് ഇൻസ്പെക്ഷനിൽ നിർമ്മാണം പൂർത്തിയായ സർജിക്കൽ ബ്ലോക്കിൽ പലതരത്തിലുള്ള അപാകതകൾ കണ്ടെത്തുകയും ഈ അപാകതകൾ കോട്ടയം മെഡിക്കൽ കോളേജ് ആശുപത്രിയിലെ ബയോ മെഡിക്കൽ എഞ്ചിനീയർ, ടെക്നിക്കൽ അസിസ്റ്റന്റ്, ഹെൽത്ത് സൂപ്പർവൈസർ, ഫയർ ഓഫീസർ എന്നിവരുടെ മേൽനോട്ടത്തിൽ പരിഹരിക്കുന്നതിന് HITES-ന് നിർദ്ദേശം നൽകുകയും ചെയ്യ. ആയവ പരിഹരിച്ചതിനുശേഷം 2026 ഒക്ടോബർ അതായത്, ഈ മാസത്തോടുകൂടി ഒരു ജോയിന്റ് ഇൻസ്പെക്ഷൻ നടത്തി കെട്ടിടം HITES-ൽ നിന്നും

പൂർണമായി ഏറ്റെടുക്കുന്നതിനാണ് തീരുമാനമായതെങ്കിലും പ്രശ്നങ്ങൾ പരിഹരിച്ചതായുള്ള HITES-ന്റെ റിപ്പോർട്ട് ഇതുവരെ ലഭ്യമായിട്ടില്ല. ഈ സാഹചര്യം നിലനിൽക്കെയാണ് 23-10-2026-ന് രാവിലെ പതിനൊന്ന് മണിയോടുകൂടെ പുതിയ സർജിക്കൽ ബ്ലോക്ക് കെട്ടിടത്തിലെ ഒരു ഭാഗത്ത് സീലിങ് യാദൃശ്ചികമായി അടർന്നുവീണത്. എയർഹാൻഡ്ലിങ് യൂണിറ്റ് ഫിൽറ്റർ ചോക്ക് ആയതുകൊണ്ടാണ് ഇത് സംഭവിച്ചത്. ഫിൽറ്റർ മാറ്റി സീലിങ് വയ്ക്കാനുള്ള നടപടികൾ HITES സ്വീകരിച്ചുവരുന്നതായിട്ടാണ് റിപ്പോർട്ട് ചെയ്യപ്പെട്ടിട്ടുള്ളത്. പുതിയ സർജിക്കൽ ബ്ലോക്കിന്റെ നിർമ്മാണത്തിലും മെറ്റീരിയലുകളുടെ ഗുണനിലവാരത്തിലും വീഴ്ച സംഭവിച്ചിട്ടുണ്ടോ എന്നതും കെട്ടിടത്തിലെ എല്ലാ നിലകളിലെ സീലിങ്, ഇലക്ട്രിക്കൽ, പ്ലമ്പിങ് സംവിധാനങ്ങൾ ഉൾപ്പെടെ ജോയിന്റ് ഇൻസ്പെക്ഷനിൽ കണ്ടെത്തിയ അപാകതകൾ ഉടനടി പരിഹരിക്കുന്നതിനും, പരിഹരിക്കുന്നമുറയ്ക്ക് കിഫ്ബി പ്രോജക്ട് അഡ്വൈസറുടെ നേതൃത്വത്തിൽ വിദഗ്ധ സംഘത്തെ അയച്ച് വീണ്ടും നിർമ്മാണ പ്രവൃത്തികൾ പരിശോധിക്കുമെന്നും അറ്റകുറ്റപ്പണികൾ ആവശ്യമായപക്ഷം

അടിയന്തരമായി പൂർത്തിയാക്കുന്നതാണെന്നും ഈ സഭയിൽ ഉറപ്പ് നൽകുന്നു.

(15) നാദാപുരം താലൂക്ക് ആശുപത്രിയിൽ ഡയാലിസ് സെന്ററിന്റെ പ്രവർത്തനം

ശ്രീ. കെ. എം. അഭിജിത്ത്: സർ, ആരോഗ്യ വകുപ്പുമന്ത്രിയായി കായകല്പത്തിൽ തുടങ്ങി എസ്.എം.എ. രോഗബാധിതരായ മനുഷ്യരെ ചേർത്തുപിടിച്ച ആറര ലക്ഷം രൂപയുടെ മരുന്ന് പതിനയ്യായിരം രൂപയ്ക്ക് കൊടുക്കുന്ന സമീപനം വരെ വലിയ പ്രതീക്ഷയോടെയാണ് കേരളത്തിലെ ഓരോ മനുഷ്യരും നോക്കികാണുന്നത്. പ്രത്യേകിച്ച്, കേരളത്തിലെ ആരോഗ്യ മേഖലയെ ശാക്തീകരിക്കുവാൻ സർക്കാരും ആരോഗ്യ വകുപ്പുമന്ത്രി എന്ന നിലയിൽ അങ്ങും എടുക്കുന്ന തീരുമാനങ്ങളെ ഞങ്ങൾ സ്വാഗതം ചെയ്യുകയാണ്. ഒരു ജനപ്രതിനിധി എന്ന രീതിയിൽ, വിവിധ അസുഖങ്ങളുമായി ബന്ധപ്പെട്ട സഹായാഭ്യർഥനയുമായി ദിനംപ്രതി നമ്മുടെ ഓഫീസുകളിലേക്ക് ആളുകൾ കടന്നുവരുന്ന സാഹചര്യമുണ്ട്. ഇവരിൽ അധികവും കിഡ്നി സംബന്ധമായ അസുഖങ്ങൾ ബാധിച്ചവരാണ്. ഒരു വ്യക്തിയുടെ കൗമാരവും യൗവ്വനവും പ്രവാസലോകത്ത് ചെലവഴിച്ച്

നാട്ടിലേക്ക് തിരിച്ചുവരുന്ന പ്രവാസികൾ ഉൾപ്പെടെ പലരും കിഡ്നി സംബന്ധമായ രോഗങ്ങളുമായാണ് തിരിച്ചുവരുന്നത്. നാദാപുരത്ത് പാണക്കാട് സയ്യിദ് മുഹമ്മദലി ശിഹാബ് തങ്ങളുടെ നാമധേയത്തിൽ ഒരു ഡയാലിസിസ് സെന്റർ പ്രവർത്തിക്കുകയാണ്. 240-ലധികം ഡയാലിസിസ് രോഗികളാണ് അവിടെ ചികിത്സയ്ക്ക് വിധേയരാകുന്നത്. തൊട്ടടുത്തുള്ള പെരിങ്ങത്തൂരിൽ ശിഹാബ് തങ്ങളുടെ നാമധേയത്തിൽ ഡയാലിസ് സെന്റർ ആരംഭിക്കുകയാണ്. നിലവിൽ രോഗികളുടെ ബുക്കിങ് നടന്നുവരികയാണ്. തണൽ കേന്ദ്രീകരിച്ച് നിരവധി മനുഷ്യർ ഇത്തരം ഡയാലിസിസ് സംവിധാനങ്ങളെ ആശ്രയിക്കുകയാണ്. ഇത്തരം സംഘടനകളുടെ പ്രവർത്തനങ്ങളെല്ലാം അങ്ങേയറ്റം സ്വാഗതം ചെയ്യുമ്പോൾ തന്നെ 2016-ൽ ഒന്നാം പിണറായി സർക്കാർ നാദാപുരത്ത് ഒരു ഡയാലിസിസ് സെന്റർ അനുവദിച്ചു. തുടർന്ന് 2019-ൽ ഇതിനാവശ്യമായ ആർ.ഒ. (Reverse Osmosis) പ്ലാന്റും ഡയാലിസിസ് മെഷീനുകളും അനുവദിക്കുകയും ചെയ്തു. എന്നാൽ, ഏകദേശം പത്ത് വർഷം പിന്നിട്ടിട്ടും പ്രഖ്യാപനമൊന്നും നടപ്പാകാതെ തുടരുകയാണ്. ഒരു ഭാഗത്ത് അടിസ്ഥാന

സൗകര്യങ്ങൾ വിപുലീകരിക്കുകയും സിവിൽ, ഇലക്ട്രിക് വർക്കുകളും പൂർത്തീകരിച്ചെങ്കിലും നാളിതുവരെ നാദാപുരം താലൂക്ക് ആശുപത്രിയിലെ കിഡ്നി സംബന്ധമായ രോഗികൾ സാന്ത്വനമാകേണ്ട ഡയാലിസിസ് സെന്റർ പ്രവർത്തനം ആരംഭിച്ചിട്ടില്ല. ഇതിന്റെ ഭാഗമായി ഒരുപാട് മനുഷ്യർ ദുരിതം അനുഭവിക്കുകയാണ്. അതിനാൽ അടിയന്തരമായി അവിടെ ഡയാലിസിസ് സെന്ററിന്റെ പ്രവർത്തനം ആരംഭിക്കാൻ നടപടികൾ സ്വീകരിക്കുമോ? ഒരുപാട് മനുഷ്യർ ആശ്രയിക്കുന്ന നാദാപുരം താലൂക്ക് ആശുപത്രിയിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടികൾ സ്വീകരിക്കുന്നുണ്ട്. അവയൊക്കെ പരിഹരിച്ച് പ്രസ്തുത ഡയാലിസിസ് സെന്റർ അടിയന്തരമായി അനുവദിക്കാനും തുറക്കാനുമുള്ള നടപടി സ്വീകരിക്കുമോ?

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (<u>ശ്രീ. കെ. മുരളീധരൻ</u>): സർ, കോഴിക്കോട് ജില്ലയിൽ നാദാപുരം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് ആരംഭിക്കുന്നതിനാവശ്യമായ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനുള്ള പ്രവർത്തങ്ങൾ പൂർത്തിയായിട്ടുണ്ട്.

കിഫ്ബി മുഖേന അനുവദിച്ച 1.57 കോടി രൂപ വിനിയോഗിച്ച് കേരള ഹെൽത്ത് റിസർച്ച് ആന്റ് വെൽഫയർ സൊസൈറ്റി (KHRWS) നിർവ്വഹണ ഏജൻസിയായി കെട്ടിടത്തിന്റെയും അനുബന്ധ സൗകര്യങ്ങളുടെയും നിർമ്മാണം പൂർത്തിയാക്കിയിട്ടുണ്ട്. കൂടാതെ ജലലഭ്യത ഉറപ്പാക്കുന്നതിനായി തൃണേരി ബ്ലോക്ക് പഞ്ചായത്ത് മുഖേന കിണർ നിർമ്മിക്കുകയും പൈപ്പ്ലൈൻ സ്ഥാപിക്കുകയും ചെയ്തിട്ടുണ്ട്. ഡയാലിസിസ് യൂണിറ്റിന്റെ പ്രവർത്തനത്തിനാവശ്യമായ വൈദ്യുതി ലഭ്യമാക്കുന്നതിനായി 250 KV ട്രാൻസ്ഫോർമറും 82.5 KVA ഡീസൽ ജനറേറ്ററും സ്ഥാപിക്കുന്നതിന് തൃണേരി ബ്ലോക്ക് പഞ്ചായത്ത് 2024-2025 വാർഷിക പദ്ധതികളിലായി 73,65,710/- രൂപ അനുവദിച്ചിരുന്നു. പൊതുമരാമത്ത്, ഇലക്ട്രിക്കൽ വിഭാഗം മുഖേന പ്രസ്തുത പ്രവൃത്തികൾ പൂർത്തീകരിക്കുകയും വൈദ്യുതി കണക്ഷൻ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. നാദാപുരം താലൂക്ക് ആശുപത്രിയിൽ പന്ത്രണ്ട് ഡയാലിസിസ് മെഷീനുകൾ സ്ഥാപിക്കുന്നതിന് 28-05-2019-ലെ സർക്കാർ ഉത്തരവുപ്രകാരം ഭരണാനുമതി നൽകിയിട്ടുണ്ട്. ഇതിന്റെ ഭാഗമായി 06-05-2026-ലെ

Submission

വിതരണ ഉത്തരവുപ്രകാരം 10 'നിപ്രോ സർഡിയൽ 55 പ്ലസ്' (Nipro Surdial 55 Plus) ഹീമോ ഡയാലിസിസ് മെഷീനുകൾ വിതരണം ചെയ്ത് സ്ഥാപിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചിരുന്നു. എന്നാൽ വിതരണക്കാരന് ലഭിക്കാനുള്ള കുടിശ്ശിക തുകയുമായി ബന്ധപ്പെട്ട പ്രശ്നങ്ങളും കമ്പനിയുടെ റണ്ണിങ് കോൺട്രാക്ട് അവസാനിച്ചതും കാരണം മെഷീനുകളുടെ വിതരണം ഇതുവരെ പൂർത്തിയായിട്ടില്ല. പുതിയ റണ്ണിങ് കോൺട്രാക്ട് സ്ഥാപിക്കുന്നതിനായി കേരള മെഡിക്കൽ സർവീസസ് കോർപ്പറേഷൻ ലിമിറ്റഡ് (KMSCL) 04-03-2026-ന് ടെൻഡർ വിജ്ഞാപനം പ്രസിദ്ധീകരിച്ചിരുന്നു. തിരഞ്ഞെടുപ്പ് പെരുമാറ്റചട്ടം നിലവിൽ വന്നതിനെത്തുടർന്ന് തുടർനടപടികൾക്ക് കാലതാമസം നേരിട്ടു. തുടർന്ന് സാങ്കേതിക ബിഡുകളുടെ പരിശോധനയും മൂല്യനിർണ്ണയവും ഉപകരണങ്ങളുടെ ഡെമോൺസ്ട്രേഷനും സാമ്പത്തിക ബിഡുകൾ തുറക്കുന്നത് ഉൾപ്പെടെയുള്ള നടപടികൾ പൂർത്തീകരിച്ചിട്ടുണ്ട്. നിലവിൽ റണ്ണിങ് കോൺട്രാക്ട് സ്ഥാപിക്കുന്നതിനുള്ള നടപടികൾ അന്തിമഘട്ടത്തിലാണ്. പുതിയ

ടെൻഡറിൽ പങ്കെടുത്ത വിതരണക്കാരൻ കെ.എം.എസ്.സി.എൽ. മുഖേന നിലവിൽ തീർപ്പാക്കാനുള്ള ഡയാലിസിസ് മെഷീനുകളുടെ വിതരാണാവശ്യങ്ങൾ നിറവേറ്റുന്നതിന് സന്നദ്ധത അറിയിച്ചിട്ടുണ്ട്. അതിനാൽ പുതിയ റണ്ണിങ് കോൺട്രാക്ട് നിലവിൽ വരുന്നതോടെ ആവശ്യമായ ഭരണപരവും സാമ്പത്തികമായിട്ടുള്ള നടപടികൾ പൂർത്തീകരിച്ച് മെഷീനുകൾ വിതരണം ചെയ്യുന്നതിനും സ്ഥാപിക്കുന്നതിനും നടപടി സ്വീകരിക്കുന്നതാണ്. ഡയാലിസിസ് മെഷീനുകളുടെ ആർ.ഒ. പ്ലാന്റ് സ്ഥാപിക്കുന്നതോടെ നാദാപുരം താലൂക്ക് ആശുപത്രിയിലെ ഡയാലിസിസ് യൂണിറ്റ് പ്രവർത്തന സജ്ജമാക്കുന്നതാണ്. ഇതിലേക്ക് ആവശ്യമായ നടപടികൾ സ്വീകരിച്ചുവരുന്നു.

(16) പോസ്റ്റ്മോർട്ടം നടപടികളിൽ സംസ്ഥാന ഏകീകൃത പ്രോട്ടോകോൾ രൂപീകരണം

ശ്രീ. ഫൈസൽ ബാബു: സർ, കേരളം മുഴുവൻ ഒരു ഭരണമാറ്റം കൊതിക്കുന്ന സമയത്ത് ഐക്യജനാധിപത്യ മുന്നണി നടത്തുന്ന ഹോംവർക്കിനെക്കുറിച്ച് പ്രിയങ്കരനായ മുഖ്യമന്ത്രി ശ്രീ. വി.ഡി. സതീശൻ മലയാളികളോട് സംസാരിക്കവെ ഞങ്ങൾ ഹെൽത്ത് കോൺക്ലേവ്

നടത്തുന്നുവെന്നാണ് പറഞ്ഞത്. കേരളത്തെ റി-ഡിഫൈൻ ചെയ്യാനുള്ള ഒരു പ്രക്രിയയിൽ ആരോഗ്യമേഖലയിൽ കൈവയ്ക്കുന്നുവെന്നത് ഇലക്ഷൻ പ്രചാരണ കാലത്തുതന്നെ ഹോംവർക്കുണ്ടായി എന്നതും അത്ഭുകരമായ കാര്യമാണ്. അക്കാര്യത്തിൽ പ്രിയപ്പെട്ട മുഖ്യമന്ത്രിയെ അഭിവാദ്യം ചെയ്യുന്നു. കോഴിക്കോട് മെഡിക്കൽ കോളേജിലെ അസിസ്റ്റന്റ് പ്രൊഫസർ ഡോ. ലവിസ് വസീം മേഘാലയിലെ ഷില്ലോങ് മെഡിക്കൽ കോളേജിൽ നിന്നും വെർച്വൽ ഓട്ടോപ്സി' (Virtual Autopsy)-ൽ പരിശീലനം പൂർത്തിയാക്കി വന്നിട്ടുണ്ട്. പ്രിയപ്പെട്ട ആരോഗ്യ വകുപ്പുമന്ത്രി അങ്ങേക്ക് അഭിവാദ്യം. കേരളത്തിന്റെ ആരോഗ്യരംഗം ലോകത്തിന്റെ ആരോഗ്യ കുതിപ്പിനൊപ്പം കൈകോർത്ത് പോകാനുള്ള ആദ്യത്തെ ചുവടുവയ്പ്പായി എന്ന കാര്യത്തിൽ നമുക്ക് സന്തോഷിക്കാം. മാഡം സ്പീക്കർ ഉൾപ്പെടുന്ന 140 മണ്ഡലങ്ങളിലെ ആളുകൾ അനുഭവിക്കുന്ന പ്രശ്നത്തിലേക്ക് ബഹു. ആരോഗ്യവകുപ്പുമന്ത്രിയുടെ ശ്രദ്ധക്ഷണിക്കുകയാണ്. ഏകീകൃത പ്രോട്ടോകോൾ മുഖേന സ്വാഭാവിക മരണങ്ങളിൽ അനാവശ്യമായ പോസ്റ്റുമോർട്ടം ഒഴിവാക്കേണ്ടതല്ലേ? എന്നാൽ ഇപ്പോൾ സ്വാഭാവിക മരണം

എന്ന ഒന്നില്ല. എല്ലാം അസ്വാഭാവിക മരണങ്ങളാണ്; ‘ Brought Dead’ . കാഷ്വാലിറ്റിയിൽ എത്തുന്നതിന് മുമ്പ് സംഭവിക്കുന്ന ഏതുമരണവും ആ രോഗി എത്രകാലം അനങ്ങാൻ വയ്യാതെ കിടക്കുന്നതാണെങ്കിൽ പോലും ഡോക്ടർ കൊടുക്കുന്ന ഇംപ്രഷൻ പോസ്റ്റുമോർട്ടത്തിലേക്ക് പോകണമെന്നതാണ്. ജനപ്രതിനിധികൾ അനുഭവിക്കുന്ന ഏറ്റവും വലിയ പ്രെഷർ എന്താണെന്നുവച്ചാൽ ഇത് ഒഴിവാക്കി താരാനുള്ള സമ്മർദ്ദത്തിനുവേണ്ടി അവർ നമ്മളെ വിളിക്കുകയാണ്. ഡോക്ടറുടെ മുന്നിൽ വച്ച് നടക്കുന്ന മരണം മാത്രമാണ് ഞങ്ങൾക്ക് ബോധ്യമായ സ്വാഭാവിക മരണം. എത്രയോ കാലമായി അനങ്ങാൻ കഴിയാത്ത ഒരു രോഗി ആശുപത്രിയിൽ ചെന്നാൽ പോലും ഡോക്ടറുടെയും അധികൃതരുടെയും ഇംപ്രഷൻ നിങ്ങൾ വിഷം കൊടുത്ത് കൊന്നതല്ല എന്നതിന് എന്താണ് തെളിവ് എന്ന മട്ടിലാണ് അവർ കാര്യങ്ങൾ അന്വേഷിക്കുന്നത്. എന്റെ മണ്ഡലത്തിൽ പയ്യാനക്കലിൽ 42 വയസ്സുള്ള കബീർ എന്ന തൊഴിലാളി കാർഡിയാക് അറസ്റ്റ് (Cardiac Arrest) വന്നു മരിച്ചു. എല്ലാവർക്കും ബോധ്യമായ ഒരു സ്വാഭാവിക മരണമാണ്. പക്ഷേ, അതുപോലും

പോസ്റ്റുമോർട്ടത്തിലേക്ക് നയിക്കുന്നൊരു സാഹചര്യമുണ്ടായി. കൊലകേസുകളിൽ മൃതദേഹ പരിശോധനയിൽ ഡോക്ടർ നൽകുന്ന പോസ്റ്റുമോർട്ടം സർട്ടിഫിക്കറ്റ് ഒരു തെളിവായി മാറില്ലെന്ന് ബഹുമാനപ്പെട്ട ഹൈക്കോടതി പോലും നിരീക്ഷിച്ച കാര്യം ഞാനിവിടെ പറയാൻ ആഗ്രഹിക്കുകയാണ്. സ്വാമി ശാശ്വതീകാനന്ദയുടെ മരണത്തിന്റെ കാരണം, പോസ്റ്റുമോർട്ടമെല്ലാം കഴിഞ്ഞുവെങ്കിലും....

<u>മാഡം ഡെപ്യൂട്ടി സ്പീക്കർ:</u> കൺക്ലൂട് ചെയ്യൂ.

<u>ശ്രീ. ഫൈസൽ ബാബു</u>: സർ, ഇപ്പോഴും ദുരൂഹത തുടരുകയാണ്. മാഡം എന്റെ ചോദ്യമിതാണ്. സ്വാഭാവിക മരണങ്ങളിൽ ഉണ്ടാകുന്ന അനാവശ്യ പോസ്റ്റുമോർട്ടം ഒഴിവാക്കാൻ DME (Directorate of Medical Education), DHS(Directorate of Health Services), Home Ministry ഈ മൂന്ന് വകുപ്പുകളെയും ഏകോപിപ്പിച്ച് ഒരു ഏകീകൃത പ്രോട്ടോകോൾ ഉണ്ടാകുന്നതിനുള്ള സാധ്യതയുണ്ടോ? ഒരു പ്രദേശത്ത് മരണം സംഭവിച്ചുകഴിഞ്ഞാൽ ജനപ്രതിനിധികളും ബന്ധുകളും ഇൻവൈറ്റിംങ് കൊടുത്തുകഴിഞ്ഞാൽ പോലീസിന്റെ പ്രാഥമിക ഇംപ്രഷനിൽ ഇത്

കൊന്നതല്ലയെന്ന് കണ്ടുകഴിഞ്ഞാൽ ഓപ്ഷൻ ഉണ്ടാകുമോ? സംസ്ഥാനതലത്തിൽ ഒരു ഏകീകൃത പ്രോട്ടോകോളിന്റെ സാധ്യതയെക്കുറിച്ച് ബഹുമാന്യനായ ആരോഗ്യ വകുപ്പുമന്ത്രിയിൽ നിന്നും മറുപടി പ്രതീക്ഷിക്കുന്നു.

ആരോഗ്യ-ദേവസ്വം വകുപ്പുമന്ത്രി (ശ്രീ. കെ. മുരളീധരൻ): സർ, സംസ്ഥാനത്ത് മെഡിക്കോ ലീഗൽ പരിശോധനകളും പോസ്റ്റുമോർട്ടം നടപടികളും ഏകീകൃതമായി നടത്തുന്നതിനായി കേരള മെഡിക്കോ ലീഗൽ കോഡ് (Kerala Medico-Legal Code) നിലവിലുണ്ട്. സർക്കാർ സഹകരണ സ്വകാര്യമേഖലകളിൽ പ്രവർത്തിക്കുന്ന എല്ലാ രജിസ്റ്റേർഡ് മെഡിക്കൽ പ്രാക്ടീഷണർമാർക്കും ഈ കോഡ് ബാധകമാണ്. നിലവിലുള്ള ചട്ടങ്ങൾ പ്രകാരം സ്വാഭാവിക മരണങ്ങളിലും ആശുപത്രിയിൽ ചികിത്സയിലിരിക്കെ അസുഖങ്ങൾ മൂലം സംഭവിക്കുന്ന മരണങ്ങളിലും പോസ്റ്റുമോർട്ടം പരിശോധന നടത്തേണ്ടതില്ല. എന്നാൽ, ആശുപത്രികളിൽ എത്തിച്ചയുടൻ മരിക്കുന്നതും മരിച്ചനിലയിൽ ആശുപത്രികളിൽ എത്തിക്കുന്നതുമായ കേസുകളിൽ അത്യാഹിത വിഭാഗത്തിൽ ജോലി ചെയ്യുന്ന ഡോക്ടർമാർക്ക്

ദേഹപരിശോധനയിലൂടെ മാത്രം മരണകാരണം നിർണ്ണയിക്കാൻ കഴിയില്ല. ഇത്തരം കേസുകൾ നിയമപ്രകാരം പോലീസിനെ അറിയിക്കുകയും മൃതദേഹം മോർച്ചറിയിൽ സൂക്ഷിക്കുകയും ചെയ്യണമെന്നാണ് കേരള മെഡിക്കോ ലീഗൽ കോഡിൽ വ്യവസ്ഥ ചെയ്തിട്ടുള്ളത്. നിലവിലുള്ള നിയമ വ്യവസ്ഥകൾ പ്രകാരം അസ്വാഭാവിക സാഹചര്യങ്ങളിൽ സംഭവിക്കുന്ന മരണങ്ങളിൽ മൃതദേഹം ബന്ധുകൾക്ക് വിട്ടുനൽക്കുന്നത് സംബന്ധിച്ച് അന്തിമ തീരമാനമെടുക്കേണ്ടത് ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനാണ്. അതിനാൽ പോലീസ് അന്വേഷണത്തിൽ ലഭ്യമായ ചികിത്സ രേഖകൾ അടുത്ത ബന്ധുകളുടെയും പഞ്ചായത്ത് പ്രതിനിധികളുടെയും മൊഴിയുടെ അടിസ്ഥാനത്തിൽ മരണം സ്വാഭാവികമാണെന്ന് ബോധ്യപ്പെടുന്ന പക്ഷം പോസ്റ്റുമോർട്ട പരിശോധന കൂടാതെതന്നെ മൃതശരീരം ബന്ധുകൾക്ക് വിട്ടുനൽകാവുന്നതാണ്. മൃതദേഹത്തിൽ ഇൻക്വസ്റ്റ് പരിശോധന നടത്തണമോ പോസ്റ്റുമോർട്ടം നടത്തണമോ എന്ന കാര്യത്തിൽ തീരുമാനമെടുക്കാനുള്ള അധികാരം ബന്ധപ്പെട്ട അന്വേഷണ ഉദ്യോഗസ്ഥനായ പോലീസിലോ, മജിസ്ട്രേറ്റിലോ നിക്ഷിപ്തമാണ്. ഭാരതീയ

ന്യായസംഹിത (BNS), ഭാരതീയ നാഗരിക് സുരക്ഷാ സംഹിത (BNSS), എന്നിവ പ്രകാരമുള്ള നിലവിലെ നിയമ വ്യവസ്ഥകൾ ഇതിന് അടിസ്ഥാനമാണ്. കുറ്റകൃത്യമായി ബന്ധപ്പെട്ട സംശയമില്ലാത്ത സ്വാഭാവിക മരണങ്ങളിൽ അനാവശ്യമായ പോസ്റ്റുമോർട്ടം ഒഴിവാക്കുന്നതിന് വ്യവസ്ഥകൾ നിലവിലുള്ള മെഡിക്കോ ലീഗൽ കോഡിൽ ഉൾപ്പെടുത്തിയിട്ടുണ്ട്. കേരള മെഡിക്കോ ലീഗൽ കോഡ് പ്രകാരം പോസ്റ്റുമോർട്ടം നടത്തുന്നതിനുള്ള സാധാരണ സമയം രാവിലെ ഒൻപത് മണി മുതൽ വൈകുന്നരം അഞ്ച് മണിവരെയാണ്. ഒരു മെഡിക്കോ ലീഗൽ കോഡ് പ്രകാരം പോസ്റ്റുമോർട്ടം പൂർത്തിയാക്കുന്നതിന് കുറഞ്ഞത് ഒരു മണിക്കൂർ ആവശ്യമായതിനാൽ വൈകുന്നേരം നാലുമണിക്കുശേഷം ലഭിക്കുന്ന അപേക്ഷകൾ അന്നേ ദിവസം സ്വീകരിക്കാറില്ല. ലഭിക്കുന്ന അപേക്ഷകൾ ഉടൻ പരിഗണിച്ച് പോസ്റ്റ്മോർട്ടം നടപടികൾ ആരംഭിക്കണമെന്നും നടപടികളാരംഭിക്കുന്നതിൽ ഒരു മണിക്കൂറിൽ കൂടുതൽ സമയമുണ്ടാകരുതെന്നും കോഡിൽ നിഷ്കർഷിച്ചിട്ടുണ്ട്. എന്നാൽ വൻ ദുരന്തങ്ങൾ, ക്രമസമാധാന പ്രശ്നങ്ങൾ തുടങ്ങിയ പ്രത്യേക സാഹചര്യങ്ങളിൽ

നിശ്ചിത സമയപരിധിയ്ക്കുശേഷവും പോസ്റ്റ്മോർട്ടം നടത്തുന്നതിനുള്ള വ്യവസ്ഥകൾ നിലവിലുണ്ട്. 26-10-2015-ലെ സർക്കാർ ഉത്തരവ് പ്രകാരം തിരുവനന്തപുരം, ആലപ്പുഴ, കോട്ടയം, തൃശ്ശൂർ, കോഴിക്കോട് സർക്കാർ മെഡിക്കൽ കോളേജുകളിലും കാസർഗോഡ് ജനറൽ ആശുപത്രിയിലും രാത്രികാല പോസ്റ്റ്മോർട്ടം ഒരു പൈലറ്റ് പദ്ധതിയായി നടപ്പാക്കാൻ സർക്കാർ തീരുമാനിച്ചിരുന്നു. എന്നാൽ ആവശ്യമായ ജീവനക്കാരെയും അടിസ്ഥാന സൗകര്യങ്ങളും ഉറപ്പുവരുത്താതെ ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം സംവിധാനം നടപ്പാക്കുന്നതിന് ജീവനക്കാരെ നിർബന്ധിക്കരുതെന്ന് ആവശ്യപ്പെട്ട് കേരള മെഡിക്കോ ലീഗൽ സൊസൈറ്റി സമർപ്പിച്ച റിട്ട് പെറ്റീഷനിൽ ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 16-12-2021-ന് ഉത്തരവ് പുറപ്പെടുവിക്കുകയുണ്ടായി. പ്രസ്തുത ഉത്തരവിൽ മേൽപ്പറഞ്ഞ സർക്കാർ മെഡിക്കൽ കോളേജുകളിൽ ആവശ്യമായ മെഡിക്കൽ, പാരാ മെഡിക്കൽ ജീവനക്കാരെ നിയമിക്കുകയും അടിസ്ഥാന സൗകര്യങ്ങളൊരുക്കുകയും ചെയ്തുകൊണ്ട് ആറ് മാസത്തിനകം രാത്രികാല പോസ്റ്റ്മോർട്ട സംവിധാനം നടപ്പാക്കാൻ ഉത്തരവായിരുന്നു.

ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ 2021-ലെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ അസ്വാഭാവിക മരണങ്ങൾ റിപ്പോർട്ട് ചെയ്യപ്പെടുന്ന കേസുകൾ സമയബന്ധിതമായി കൈകാര്യം ചെയ്യുന്നതിനുള്ള മാർഗനിർദേശങ്ങൾ ഉൾപ്പെടുത്തി 21-06-2022-ന് സർക്കുലറും പുറപ്പെടുവിച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട കേരള ഹൈക്കോടതിയുടെ ഉത്തരവിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ഉൾപ്പെടെയുള്ള അഞ്ച് സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ട സംവിധാനം ആരംഭിക്കുന്നതിനായി സർക്കാർ നിർദേശങ്ങൾ നൽകിയിരുന്നു. ഇതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത മെഡിക്കൽ കോളേജുകളിൽ ഇരുപത്തിനാല് മണിക്കൂർ പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ സൗകര്യങ്ങൾ ഒരുക്കുന്നതിനായി മെഡിക്കൽ കോളേജ് സൂപ്രണ്ടുമാർ, പ്രിൻസിപ്പൽമാർ, മറ്റ് ബന്ധപ്പെട്ട അധികാരികൾ എന്നിവർ നടപടികൾ സ്വീകരിച്ചുവരികയാണ്. എന്നാൽ സർക്കാർ മെഡിക്കൽ കോളേജുകളിൽ രാത്രികാല പോസ്റ്റ്മോർട്ടം നടത്തുന്നതിനാവശ്യമായ ഫോറൻസിക് മെഡിസിൻ വിദഗ്ധരുടെയും മറ്റ് അവശ്യ ജീവനക്കാരുടെയും കുറവ് ഈ സംവിധാനം നടപ്പാക്കുന്നതിന്

തടസ്സമായി നിൽക്കുന്നു. ഈ സാഹചര്യത്തിൽ രാത്രികാല പോസ്റ്റ്മോർട്ടം ഫലപ്രദമായി നടപ്പാക്കുന്നതിനാവശ്യമായ സ്ഥിരം തസ്തികകൾ സൃഷ്ടിക്കുന്നതിനുള്ള ശിപാർശകൾ പരിശോധിച്ച് തുടർ നടപടികൾ സ്വീകരിക്കുന്നതാണ്.

(17) തിരൂർ മിനി സിവിൽ സ്റ്റേഷന്റെ ശോച്യാവസ്ഥ

ശ്രീ. കുറുക്കോളി മൊയ്തീൻ: സർ, തിരൂരിൽ മിനി സിവിൽ സ്റ്റേഷൻ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന കെട്ടിടം ഇപ്പോൾ വളരെ ശോച്യാവസ്ഥയിലാണുള്ളത്. കേരളത്തിലെ ഏറ്റവും കൂടുതൽ ജനസംഖ്യയുള്ള താലൂക്കുകളിലൊന്നാണ് തിരൂർ. ഏറ്റവും കൂടുതൽ വില്ലേജ് ഓഫീസുകൾ, അതായത് മുപ്പത് വില്ലേജ് ഓഫീസുകൾ ഈ താലൂക്കിനുകീഴിൽ ഉൾക്കൊള്ളുന്നു. ഈ കെട്ടിടം ഇന്ന് വളരെ ദുർബലമായിരിക്കുകയാണ്. അതിന്റെ സിമന്റ് ഷീറ്റുകൾ അടർന്ന് പൊളിഞ്ഞ് ജനങ്ങളുടെമേലെയും ഉദ്യോഗസ്ഥൻമാരുടെ തലയിലേക്കും വീഴുന്നൊരു സാഹചര്യമാണ് ഇപ്പോഴുള്ളത്. ഇത് പുതുക്കിപണിയാൻ അഞ്ചുവർഷമായി ഞാൻ സർക്കാരിന് മുമ്പാകെ നിവേദനവുമായി

നിൽക്കുന്നുണ്ട്. കഴിഞ്ഞ സർക്കാരിന്റെ കാലത്ത് നൂറ് രൂപ ടോക്കൺ മണിയല്ലാതെ ഒന്നും അനുവദിച്ചുതന്നില്ല. ഇവിടെ സൗകര്യമില്ലാത്തതിനാൽ പതിനാല് സർക്കാർ ഓഫീസുകൾ പുറത്ത് പ്രവർത്തിച്ചുകൊണ്ടിരിക്കുകയാണ്. എല്ലാ സർക്കാർ ഓഫീസുകളും ഒന്നിച്ച് ഒരു കുടക്കീഴിൽ കൊണ്ടുവരാവുന്നതരത്തിൽ ആധുനിക സംവിധാനത്തോടുകൂടിയ ഒരു കെട്ടിടം അനിവാര്യമായി വന്നിരിക്കുകയാണ്. അഞ്ചുനില കെട്ടിടമാണ് ഇപ്പോഴുള്ളത്. പ്രായമായവർക്കും ചെറിയ രോഗങ്ങളുള്ള ആളുകൾക്കും അവിടുത്തെ ലിഫ്റ്റ് ഇടയ്ക്കിടയ്ക്ക് രോഗിയായി മാറുന്നതുകൊണ്ട് കോണികൾ കയറി മുകളിലേക്ക് പോകാൻ കഴിയാത്തൊരു സാഹചര്യവും നിലനിൽക്കുന്നുണ്ട്. ഇതിനെല്ലാം പരിഹാരമാകുന്നതരത്തിൽ ആധുനിക സംവിധാനങ്ങളോടുകൂടിയ ഒരു ബഹുനില കെട്ടിടമുണ്ടാക്കി തിരുരിന്റെ മുഖച്ഛായ മാറ്റുവാനും അവിടുത്തെ ഭരണസംവിധാനങ്ങൾ സുഖകരമായി മുന്നോട്ടുകൊണ്ടുപോകാനും ഒരു കെട്ടിടം നിർമ്മിക്കുന്നതിനാവശ്യമായ ഫണ്ട് അനുവദിച്ചുതരണമെന്ന് ആവശ്യപ്പെടുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ ഞാൻ ബഹുമാനപ്പെട്ട

Submission

മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, തിരൂർ മിനി സിവിൽ സ്റ്റേഷൻ കെട്ടിടത്തിന്റെ മുകളിൽനിന്നും കോൺക്രീറ്റ് പാളികൾ അടർന്നുവീഴുകയും സ്ലക്ചറൽ ഭാഗങ്ങളിൽ കമ്പികൾക്ക് തുരുമ്പ് കാണപ്പെടുകയും ചെയ്തിട്ടുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. തുടർന്ന് കെട്ടിടത്തിന്റെ സ്ലക്ചറൽ സ്റ്റെബിലിറ്റി വിദഗ്ധരെ ഉൾപ്പെടുത്തി പരിശോധന നടത്തുകയും മേൽപ്പടി കെട്ടിടത്തിന് കൂടുതൽ ഘടനാപരമായ പരിശോധന ആവശ്യമാണെന്ന് കണ്ടതിനാൽ പരിശോധന നടത്തുന്നതിന് എൻ.ഐ.റ്റി. കാലിക്കറ്റിനെ ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ നിർദിഷ്ട സ്ഥലത്ത് മിനി സിവിൽ സ്റ്റേഷന് പുതിയ ബ്ലോക്ക് നിർമ്മിക്കുന്നതിനും ആവശ്യമായ പ്രൊപ്പോസൽ സമർപ്പിക്കാൻ നിർദ്ദേശിച്ചിട്ടുണ്ട്. അതിന്റെ അടിസ്ഥാനത്തിൽ ആർക്കിടെക്ചറൽ പ്ലാൻ തയ്യാറാക്കുന്നതിന്റെ ഭാഗമായി പുതിയ കെട്ടിടത്തിൽ ഉൾപ്പെടുത്തേണ്ട സർക്കാർ ഓഫീസുകളുടെ മുൻഗണനാക്രമം, വിവിധ ഫ്ലോറുകളിലായി പ്രവർത്തിക്കേണ്ട ഓഫീസുകൾ, അവയ്ക്ക് ആവശ്യമായ സൗകര്യങ്ങൾ, ജീവനക്കാരുടെ എണ്ണം

(ഗസറ്റഡ്/നോൺ ഗസറ്റഡ് തരംതിരിച്ച്) എന്നിവ ഉൾപ്പെടുത്തി പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. എന്നാൽ 01-04-2025-ൽ റിവൈസ്ഡ് എസ്.ഒ.ആർ. (Schedule of Rates) നിലവിൽവന്ന സാഹചര്യത്തിൽ അതനുസരിച്ച് പുതിയ എസ്റ്റിമേറ്റ് തയ്യാറാക്കാൻ പൊതുമരാമത്ത് വകുപ്പിനെ ചുമതലപ്പെടുത്തിയിട്ടുള്ളതും ആയത് ലഭ്യമാകുന്നമുറയ്ക്ക് പൊതുമരാമത്ത് വകുപ്പിനെത്തന്നെ നിർവഹണ ഏജൻസിയാക്കി ബജറ്റ് ലഭ്യതയ്ക്ക് വിധേയമായി പ്രസ്തുത പദ്ധതി യാഥാർഥ്യമാക്കുന്നകാര്യം പരിശോധിക്കുന്നതാണ്. പൊതുമരാമത്ത് വകുപ്പ് ചീഫ് എഞ്ചിനീയർ, കെട്ടിട വിഭാഗം കാര്യാലയത്തിലേക്ക് ഫണ്ട് പ്രൊപ്പോസൽ സമർപ്പിച്ചിട്ടുണ്ട്. ഘടനാപരമായ പരിശോധനനടത്തി ലഭ്യമാക്കുന്ന അന്തിമ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ സ്വീകരിക്കുന്നതാണ്.

(18) <u>ഏലം കർഷകരുടെ പാട്ടം പുതുക്കി നൽകൽ</u>

<u>ശ്രീ. സേനാപതി വേണു</u>: സർ, ഇടുക്കി ജില്ലയിലെ ഒരു വിഭാഗം ഏലം കർഷകർ അനുഭവിക്കുന്ന ഒരു പ്രതിസന്ധി ബഹുമാനപ്പെട്ട സഭയുടെയും ഗവൺമെന്റിന്റെയും ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ

സബ്മിഷൻ അവതരിപ്പിക്കുന്നത്. ഏകദേശം ഇരുപത്തിമൂവായിരം ഹെക്ടർ ഭൂമി ഇടുക്കി ജില്ലയിൽ ഏലം കൃഷിക്കായി പാട്ടത്തിന് നൽകിയിരിക്കുന്നു. കേരളത്തിൽ മറ്റൊരു പ്രദേശത്തുമില്ലാത്ത ഒരു സവിശേഷതയാണിതിനുള്ളത്, ഇരുപത്തിമൂവായിരം ഹെക്ടർ ഭൂമി. ഇത് 1935 മുതൽ പാട്ടത്തിന് നൽകുന്നതാണ്. രാജ്യം സ്വാതന്ത്ര്യം പ്രാപിക്കുന്നതിന് ഒരു വ്യാഴവട്ടക്കാലം മുതൽ രാജവംശ ഭരണകാലം മുതൽ ഇത് പാട്ടത്തിന് നൽകുന്നു. ഇരുപത് വർഷക്കാലമാണ് പാട്ടകാലാവധിയായി തുടരുന്നത്. നിർഭാഗ്യവശാൽ 2024 ഫെബ്രുവരി മാസം മുതൽ പാട്ടം സ്വീകരിക്കുന്നതും പാട്ടം പുതുക്കിക്കൊടുക്കുന്നതും എന്തോ കാരണത്താൽ നിർത്തിയിരിക്കുകയാണ്. കുമളിയിലെ അറുപത്തിയാറ് എന്നുപറയുന്ന സ്ഥലത്താണ് ഈ കാർഡമം സെറ്റിൽമെന്റ് ഓഫീസ്. അവിടെ അന്വേഷിക്കുമ്പോൾ മുകളിൽനിന്നുള്ള ഉത്തരവെന്നാണ് പറയുന്നത്, ഏത് മുകളിൽനിന്നുള്ളതാണ് എന്നുള്ള ഔദ്യോഗികമായ ഒരു കാര്യവുമില്ല. ഇപ്പോൾ പാട്ടം എടുക്കുന്നില്ല, പാട്ടം പുതുക്കിക്കൊടുക്കുന്നില്ല. അത് കൃഷിക്കാർക്ക് വലിയ

ബുദ്ധിമുട്ടുണ്ടാക്കുകയാണ്. നിലവിലെ പാട്ടസംഖ്യ വളരെ കുറവാണ്. ഒരു ഹെക്ടർ ഭൂമിക്ക് ഇരുന്നൂറ്റിയമ്പത് രൂപയാണ് പാട്ടം സ്വീകരിക്കുന്നത്. ഈ കാലഘട്ടത്തിൽ അത് വളരെ കുറഞ്ഞ തുകയാണ് എന്നുള്ള കാര്യത്തിൽ തർക്കമില്ല. ഈ പാട്ടം പുതുക്കിക്കൊടുക്കണം, അതോടൊപ്പം പാട്ടസംഖ്യ കാലോചിതമായി പരിഷ്കരിക്കുകയും ചെയ്യണം എന്നതാണ് എന്റെ ഒന്നാമത്തെ ആവശ്യം. രണ്ടാമത്, ബഹുമാന്യനായ റവന്യൂ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി, അദ്ദേഹം മുൻ ഇടുക്കി കളക്ടറായിരുന്നു, അദ്ദേഹം ഗവൺമെന്റിൽ സമർപ്പിച്ചിരിക്കുന്ന ഒരു നിർദേശ പ്രകാരം പാട്ട കാലാവധി അഞ്ചുവർഷമായി ചുരുക്കാനും പാട്ടസംഖ്യ ഏകദേശം അമ്പതിനായിരം രൂപയോളം ഹെക്ടറിന് ഈടാക്കുന്നതിനുള്ള ഒരു നിർദേശമാണ് അദ്ദേഹത്തിന്റെ ഭാഗത്തുനിന്നുണ്ടായത്. പാട്ട കാലാവധി ഒരുകാരണവശാലും ചുരുക്കരുത്. കാരണം, ഒരു ഏലച്ചെടി നട്ട് അത് പൂർണ്ണ വളർച്ചയിലെത്തി അതിന്റെ വിളവ് പൂർണ്ണമായി എടുക്കുന്നൊരു കാലഘട്ടമാണ് ഇരുപത് വർഷം. അതുകൊണ്ട് ഇരുപത് വർഷത്തെ കാലാവധി നിലനിർത്തുകയും കാലോചിതമായി പാട്ടസംഖ്യ പുതുക്കുകയും

അതോടൊപ്പംതന്നെ പാട്ടം നിർബന്ധമായും പുതുക്കി കൃഷിക്കാർക്ക് അനുവദിച്ചുകൊടുക്കാനുള്ള നടപടി സ്വീകരിച്ച് ആ കൃഷിക്കാരുടെ പ്രശ്നം പരിഹരിക്കണമെന്നുള്ളതാണ് ഈ സബ്മിഷനിലൂടെ ഞാൻ ആവശ്യപ്പെടുന്നത്. ഇടുക്കിയിലെ ഒരുപാട് ഭൂപ്രശ്നങ്ങൾ പരിഹരിക്കുന്നതിനുള്ള നടപടികൾ ഗവൺമെന്റ് സ്വീകരിച്ചു. അതോടൊപ്പം ഈ പാട്ട ഭൂമിയിൽ കൃഷിചെയ്യുന്ന ആളുകളുടെ ഈ പ്രശ്നംകൂടി പരിഹരിക്കണമെന്നതിനാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്.

റവന്യൂ വകുപ്പുമന്ത്രി (ശ്രീ. എ. പി. അനിൽ കുമാർ): സർ, ഇടുക്കി ജില്ലയിൽ ഉടുമ്പൻചോല, ദേവികുളം, ഇടുക്കി, പീരുമേട് എന്നീ താലൂക്കുകളിലായി യഥാക്രമം 17, 4, 05 എന്നിങ്ങനെ മുപ്പത്തിയൊന്ന് വില്ലേജുകളിലായി ആകെ 10770.11 ഹെക്ടർ ഏലത്തോട്ട ഭൂമിയ്ക്കാണ് കുമളിയിൽ പ്രവർത്തിച്ചുവരുന്ന കാർഡമം സെറ്റിൽമെന്റ് ഓഫീസ് മുഖേന ഇരുപത് വർഷ കാലാവധിയിൽ പാട്ടം അനുവദിച്ചുവരുന്നത്. 1961-ലെ റൂൾസ് ഫോർ ലീസ് ഓഫ് ഗവൺമെന്റ് ലാൻഡ്സ് ഫോർ കാർഡമം

കൾട്ടിവേഷൻ എന്ന ചട്ടങ്ങളിലെ വ്യവസ്ഥകൾ പ്രകാരം ഇരുപത് വർഷ കാലാവധി പൂർത്തിയാക്കിയ പാട്ടങ്ങൾ എ.സി.എസ്.ഒ. മുഖേന പുതുക്കിനൽകുകയാണ് ചെയ്തുവന്നിരുന്നത്. എന്നാൽ 08-08-1997-ലെ ബഹുമാനപ്പെട്ട ഹൈക്കോടതിയുടെ ഇടക്കാല ഉത്തരവിനെത്തുടർന്ന് ഇത്തരത്തിൽ കാലാവധി പൂർത്തിയാക്കിയ പാട്ടങ്ങൾ പുതുക്കി നൽകാനാകില്ല. ഏലമലക്കാടുകളിലെ സർക്കാർ ഭൂമിയുടെ പാട്ടവുമായി ബന്ധപ്പെട്ട് തിരുവാങ്കുളം നേച്ചർ ലൗവേർസ് മൂവ്മെന്റ് ബഹുമാനപ്പെട്ട ഹൈക്കോടതിയിൽ ഫയൽ ചെയ്ത ഒ.പി.നമ്പർ.10352/1997 എന്ന കേസിൽ 01-08-2000-ലെ ഇടക്കാല ഉത്തരവ് പ്രകാരം കാർഡമം ഹിൽ റിസർവിൽ പുതിയ പാട്ടങ്ങൾ അനുവദിക്കാനാകില്ലെന്നും എന്നാൽ അനുവദിക്കപ്പെട്ട പാട്ടങ്ങളുടെ കാര്യത്തിൽ യഥാർഥ പാട്ടക്കാരൻതന്നെയാണ് നിലവിലും കൈവശംവച്ചുവരുന്നതെങ്കിൽമാത്രം പാട്ടം പുതുക്കാനും തുടർന്നുള്ള വർഷങ്ങളിലെ പ്രീമിയം, പാട്ടം എന്നിവ ഈടാക്കാവുന്നതാണെന്നും വ്യക്തമാക്കിയിരുന്നു. പ്രസ്തുത ഇടക്കാല ഉത്തരവിലെ നിർദേശപ്രകാരമുള്ള നടപടികളാണ് ഇപ്പോൾ സ്വീകരിച്ചുവരുന്നത്. 1996-ൽ നിശ്ചയിച്ച

നാമമാത്രമായ പാട്ടം, പ്രീമിയം എന്നിവയാണ് പതിറ്റാണ്ടുകൾക്കുശേഷവും പാട്ടക്കാരിൽനിന്നും ഈടാക്കിവരുന്നത് എന്നത് സർക്കാരിന് വലിയ സാമ്പത്തിക നഷ്ടത്തിന് ഇടയാക്കുന്നുണ്ട്. ആകയാൽ ഇവ പരിഷ്കരിക്കുന്നതിനുൾപ്പെടെയുള്ള വിശദമായ ശിപാർശ പരിഗണനയിലാണ്. അസിസ്റ്റന്റ് കാർഡമം സെറ്റിൽമെന്റ് ഓഫീസിൽ നിലനിൽക്കുന്ന പ്രശ്നങ്ങൾ പഠിച്ച് റിപ്പോർട്ട് സമർപ്പിക്കാൻ ചുമതലപ്പെടുത്തിയ അസിസ്റ്റന്റ് കമ്മീഷണറുടെ നേതൃത്വത്തിലുള്ള സംഘം പ്രസ്തുത ഓഫീസിലും ഫീൽഡിലും പരിശോധന നടത്തി സമഗ്രമായ റിപ്പോർട്ട് തയ്യാറാക്കി തുടർ നടപടികൾക്കായി സമർപ്പിച്ചിട്ടുണ്ട്. പാട്ടം, പ്രീമിയം എന്നിവയുടെ നിരക്കുകൾ വർധിപ്പിക്കുന്നതിനുള്ള ശിപാർശകളും ചട്ട ഭേദഗതികൾക്കുള്ള ശിപാർശകളും പരിശോധിച്ചുവരുന്നു. ബഹുമാനപ്പെട്ട അംഗം ശ്രീ. സേനാപതി വേണു ഇവിടെ സൂചിപ്പിച്ച കാര്യങ്ങളിൽ, ഇടുക്കി ജില്ലയിൽ വളരെ വർഷങ്ങളായി നിലനിൽക്കുന്ന ഭൂമി പ്രശ്നങ്ങളിൽ എത്രയുംപെട്ടെന്ന് പരിഹാരം കാണുന്നതിനാവശ്യമായ നടപടികൾ ഗവൺമെന്റിന്റെ ഭാഗത്തുനിന്നുണ്ടാകുമെന്ന് സൂചിപ്പിക്കുകയാണ്.

(19) അധ്യാപകർക്ക് ഗ്രേഡ് അനുവദിക്കുന്നതിലെ തടസം

ശ്രീ. പി. മമ്മിക്കുട്ടി: സർ, നമ്മുടെ സംസ്ഥാനത്തെ പൊതുവിദ്യാഭ്യാസ മേഖലയിലെ ഒരു വിഭാഗം അധ്യാപകർ നേരിടുന്ന ഗൗരവമായ ഒരു പ്രശ്നം ബഹുമാനപ്പെട്ട വിദ്യാഭ്യാസ വകുപ്പുമന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനാണ് ഞാൻ ഈ സബ്മിഷനിലൂടെ ശ്രമിക്കുന്നത്.

2025 സെപ്റ്റംബർ 1 മുതൽ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെ അടിസ്ഥാനത്തിൽ കെ-ടെറ്റ് യോഗ്യതയില്ലാത്ത അധ്യാപകർ...., പ്രൊമോഷനും അപ്പോയിന്റ്മെന്റിനും കെ-ടെറ്റ് ബാധകമാക്കിയ നടപടിയെ അംഗീകരിക്കണം. ആ നടപടി അംഗീകരിക്കുന്നതോടൊപ്പംതന്നെ 8-ഉം 15-ഉം 22-ഉം വർഷങ്ങളായി അധ്യാപന രംഗത്ത് സർവീസിലിരിക്കുന്ന ആളുകൾക്ക് അതത് സമയത്ത് ലഭിക്കേണ്ട ഗ്രേഡ്...., ഗ്രേഡ് എന്നുപറയുന്നത് ഒരു പ്രൊമോഷൻ അല്ല. അതിന്റെ അടിസ്ഥാനത്തിൽ അധ്യാപകർക്കാവശ്യമായ പ്രൊമോഷൻ ലഭിക്കണമെങ്കിൽ കെ-ടെറ്റ് പാസ്സാകണം. അത് ശരിയാണ്. പക്ഷേ ഗ്രേഡുമായി ബന്ധപ്പെട്ട് കഴിഞ്ഞകാലത്തും നിലവിലും കെ-ടെറ്റ് പാസ്സായില്ല എന്ന കാരണം പറഞ്ഞ്

ഗ്രേഡ് അനുവദിക്കുന്നത് താൽക്കാലികമായി നിർത്തിവച്ചിരിക്കുകയാണ്. ഗ്രേഡുമായി ബന്ധപ്പെട്ട വ്യവസ്ഥയും പ്രൊമോഷനുമായി ബന്ധപ്പെട്ട വ്യവസ്ഥയും തമ്മിൽ കൂട്ടിക്കുഴയ്ക്കാതെ പ്രൊമോഷനുമായി ബന്ധപ്പെട്ട ഈ യോഗ്യത നിർബന്ധമാക്കുകയും അതത് കാലഘട്ടങ്ങളിൽ കൊടുത്തിരുന്ന ഗ്രേഡ് കൊടുക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കാൻ കഴിയുമോ എന്നുള്ളതാണ് ബഹുമാന്യനായ മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്താനുള്ളത്. അതോടൊപ്പംതന്നെ ജില്ലകളിൽ പ്രവർത്തിക്കുന്ന ഡയറ്റ് സ്കൂളുകളിലെ അധ്യാപകർക്കും അനധ്യാപകരായ ജീവനക്കാർക്കും രണ്ടുമൂന്ന് മാസമായി ശമ്പളം കിട്ടിയിട്ടില്ലെന്ന പരാതി അവർ പറയുകയുണ്ടായി. ഇക്കാര്യത്തിലും അങ്ങയുടെ ഇടപെടൽ അനിവാര്യമാണെന്നാണ് എനിക്ക് പറയാനുള്ളത്. ബഹുമാനപ്പെട്ട മന്ത്രിയുടെ മറുപടി പ്രതീക്ഷിക്കുന്നു.

പൊതുവിദ്യാഭ്യാസ-ന്യൂനപക്ഷ ക്ഷേമ വകുപ്പുമന്ത്രി (ശ്രീ. എൻ. ഷംസുദ്ദീൻ): സർ, ദേശീയ വിദ്യാഭ്യാസ അവകാശ നിയമത്തിന്റെയും ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ബഹുമാനപ്പെട്ട സുപ്രീം കോടതി വിധിയുടെയും അടിസ്ഥാനത്തിലാണ്

അധ്യാപക ജോലി ചെയ്യുന്നതിന് സ്കൂളുകളിൽ (കേരളത്തിൽ 1 മുതൽ 10 വരെ) കെ-ടെറ്റ് നിർബന്ധമാക്കിയത്. സർവീസിലുള്ളവർ 31-08-2028-ന് മുമ്പായി കെ-ടെറ്റ് യോഗ്യത നേടണമെന്നാണ് വ്യവസ്ഥ. ഞാൻ ചുരുക്കി പറയുകയാണ്. സർവീസ് പ്രശ്നങ്ങളിൽ സുപ്രീം കോടതി വിധി പലവിധത്തിൽ വ്യാഖ്യാനിക്കുന്ന സാഹചര്യമുണ്ടായപ്പോൾ 05-08-2026-ലും 08-10-2026-ലും വകുപ്പ് നടത്തിയ രണ്ട് യോഗങ്ങളുടെ തീരുമാനപ്രകാരം ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷൻ ഫയൽ ചെയ്യുന്നതിനുള്ള നടപടികൾ ഇപ്പോൾ നടന്നുവരുന്നു. ഇവിടെ ബഹുമാനപ്പെട്ട അംഗം സൂചിപ്പിച്ചതുപോലെ ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവയ്ക്ക് ഇത് തടസ്സമല്ല. സ്പഷ്ടീകരണ ഉത്തരവ് സർക്കാർ ഉടൻതന്നെ പുറപ്പെടുവിക്കുന്നതായിരിക്കും. രണ്ട് യോഗങ്ങളുടെ അടിസ്ഥാനത്തിൽ 23-08-2010-നുശേഷം നിയമിതരായ അധ്യാപകരുടെ സവിശേഷ സാഹചര്യം ബഹുമാനപ്പെട്ട സുപ്രീം കോടതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനും 23-08-2010-നുമുമ്പ് നിയമിതരായവർക്ക് കെ-ടെറ്റ് യോഗ്യത നേടാൻ നൽകിയ കാലാവധി 23-08-2010-നുശേഷം

സേവനത്തിൽ പ്രവേശിച്ചവർക്കും ബാധകമാക്കണമെന്നും ആവശ്യപ്പെട്ട് ബഹുമാനപ്പെട്ട സുപ്രീം കോടതിയിൽ ക്ലാരിഫിക്കേഷൻ ആപ്ലിക്കേഷൻ ഫയൽ ചെയ്യുന്നതിന് ഗവൺമെന്റ് തീരുമാനിച്ചിട്ടുണ്ട്. ഇതോടൊപ്പം 01-09-2025-നുമുമ്പ് (അത് ഈ കോടതി വിധി വന്ന ഡേറ്റാണ്) നിയമന അംഗീകാരം ലഭിച്ച അധ്യാപകരുടെ അർഹതപ്പെട്ട ഗ്രേഡ്, ഇൻക്രിമെന്റ് എന്നിവ അനുവദിക്കാനും തീരുമാനം കൈക്കൊണ്ടിട്ടുണ്ട്. ഇതുസംബന്ധിച്ച സ്പഷ്ടീകരണ ഉത്തരവ് സർക്കാർ അടിയന്തരമായി പുറപ്പെടുവിക്കുന്നതാണ്. ടി ഉത്തരവ് പുറപ്പെടുവിക്കുന്നതോടുകൂടി ഗ്രേഡ് അനുവദിക്കുന്നതിന് നിലവിലുള്ള തടസ്സങ്ങൾ പരിഹരിക്കാൻ സാധിക്കുമെന്ന് ബഹുമാനപ്പെട്ട അംഗത്തെ അറിയിക്കുകയാണ്. അതുപോലെതന്നെ ഇവിടെ എഴുതിതന്നിട്ടില്ലെങ്കിലും രണ്ടാമതായി അദ്ദേഹം സൂചിപ്പിച്ചത് ഡയറ്റിലെ(DIET) കാര്യമാണ്. എസ്.എസ്.കെ. ഫണ്ടിന്റെ തടസ്സം കാരണമാണ് ഡയറ്റിലെ ശമ്പളം തടസ്സപ്പെട്ടുനിൽക്കുന്നത്. ഏതായാലും കഴിഞ്ഞ മാസങ്ങളിലെല്ലാം സംസ്ഥാന ഫിനാൻസ് വകുപ്പിന്റെ അംഗീകാരത്തോടുകൂടി നൽകിവരുന്നതാണ്. വൈകാതെ ആ പ്രശ്നം

പരിഹരിക്കുന്നതായിരിക്കും.

(20) മൺറോ തുരുത്ത് ടൂറിസം പദ്ധതി

ശ്രീ. ഉല്ലാസ് കോവൂർ: സർ, അഷ്ടമുടിക്കായൽ കൊല്ലത്തിന്റെ, കേരളത്തിന്റെ വളരെയധികം ടൂറിസം സാധ്യതകളുള്ള ജലവാഹിനിയാണ്. അഷ്ടമുടിക്കായലിനെക്കുറിച്ച് കുരീപ്പുഴ ശ്രീകുമാർ ' ഇഷ്ടമുടിക്കായൽ' എന്ന ഒരു കവിത എഴുതിയിട്ടുണ്ട്:

"മുടിയെട്ടും കോർത്ത് കെട്ടി
വിരൽ നൂറാൽ കാറ്റൊതുക്കി
വിരിഞ്ഞങ്ങനെ തിരിഞ്ഞങ്ങനെ കിടക്കുന്നോള്..
എന്റെ തുഴത്തണ്ടിൽ താളമിട്ട് തുടിക്കുന്നോള്!!
എന്റെ തുഴത്തണ്ടിൽ താളമിട്ട് തുടിക്കുന്നോള്!!

കല്ലടയാർ തെന്മല പരപ്പാറിൽ നിന്നുതുടങ്ങി കശുവണ്ടി കൊട്ടുവടിയുടെ താളവും കയറുപിരിക്കുന്ന റാട്ടിന്റെ താളവുമൊക്കെ കേട്ട്, എന്റെ നിയോജകമണ്ഡലമായ കുന്നുകളുടെ ഊരിന്റെ, കുന്നത്തൂരിൽ തൊട്ടുതലോടി അഷ്ടമുടിക്കായലിൽ നിപതിക്കുന്ന കല്ലടയാറും അഷ്ടമുടിക്കായലും തമ്മിൽ സംഗമിക്കുന്ന ഇടത്ത് അതിമനോഹരമായ ഒരു തുരുത്തുണ്ട്. അതാണ്

മൺറോത്തുരുത്ത്. വളരെയധികം ടൂറിസം സാധ്യതകളുള്ള ഒരു തുരുത്താണ് മൺറോത്തുരുത്ത്. ഇന്നത് അതിജീവനത്തിന്റെ തുരുത്തായി മാറിയിരിക്കുകയാണ്. ആഗോളതാപനംമൂലം അപ്രത്യക്ഷമാകുന്ന ലോകത്തിലെ 14 തുരുത്തുകളിൽ ഒന്നായി മൺറോത്തുരുത്ത് മാറുകയാണ്. അവിടെനിന്നും നൂറുകണക്കിന് ആളുകളാണ് കൂട്ടപ്പലായനംചെയ്ത് മാറിപ്പോകുന്നത്. ഏറെ പാരിസ്ഥിതിക ദൗർബല്യങ്ങളുള്ളപ്പോഴും അനന്തമായ ടൂറിസം സാധ്യതകളുള്ള ഒരു പ്രദേശമായി മൺറോത്തുരുത്ത് അനുദിനം മാറുകയാണ്. തനിമയാർന്ന കണ്ടൽക്കാടുകളും കായൽ സൗന്ദര്യവും ഗ്രാമീണ ജീവിതശൈലിയും ഒത്തുചേരുന്ന ഈ പ്രദേശം വിദേശ-സ്വദേശി വിനോദസഞ്ചാരികളെ ഒരുപോലെ ആകർഷിക്കുന്ന പ്രമുഖ ഇക്കോ-ടൂറിസം കേന്ദ്രമാണ്. എന്നാൽ നേരത്തെ സൂചിപ്പിച്ചതുപോലെ, ആഗോളതാപനവും കാലാവസ്ഥാ വ്യതിയാനവുംമൂലമുള്ള വേലിയേറ്റ ഭീഷണിയും അനുബന്ധ പ്രശ്നങ്ങളും കാരണം മൺറോത്തുരുത്തിന്റെ നിലനിൽപ്പിനുതന്നെ ഗുരുതരമായ വെല്ലുവിളി നേരിട്ടുകൊണ്ടിരിക്കുകയാണ്. ടൂറിസം സാധ്യതകൾ ഏറെയുണ്ടായിട്ടും ആവശ്യമായ ഭൗതിക

സാഹചര്യങ്ങളുടെയും സർക്കാർ തലത്തിലുള്ള ഏകീകൃത മാസ്റ്റർ പ്ലാനിന്റെയും അഭാവംമൂലം ഈ പ്രദേശത്തിന്റെ ടൂറിസം സാധ്യതകൾ പ്രതികൂലമായി ബാധിക്കുന്നു. ഈ സാഹചര്യത്തിൽ മൺറോത്തുരുത്തിനെ സംരക്ഷിച്ചുകൊണ്ട് അവിടെ സർക്കാർ തലത്തിൽ ആസൂത്രിതമായ ടൂറിസം പദ്ധതികൾ നടപ്പാക്കേണ്ടത് അത്യന്താപേക്ഷിതമാണെന്ന കാര്യം ഞാൻ ഈ സബ്മിഷനിലൂടെ ഉന്നയിക്കുകയാണ്.

വിനോദസഞ്ചാര-സാംസ്കാരിക വകുപ്പുമന്ത്രി (ശ്രീ. പി. സി. വിഷ്ണുനാഥ്): സർ, ബഹുമാനപ്പെട്ട അംഗം മൺറോത്തുരുത്തിനെക്കുറിച്ച് പറഞ്ഞതെല്ലാം നൂറുശതമാനം ശരിയാണ്. സഞ്ചാരികൾ അവരുടെ ജീവിതകാലത്ത് കണ്ടിരിക്കേണ്ട സ്ഥലങ്ങളിലൊന്നാണ് മൺറോത്തുരുത്ത്. മൺറോത്തുരുത്തിന്റെ ചരിത്രപരവും സാംസ്കാരികവുമായ പ്രാധാന്യം, പ്രകൃതിഭംഗി, ജൈവവൈവിധ്യം, കായൽ-തണ്ണീർത്തട ആവാസവ്യവസ്ഥ, പരമ്പരാഗത ഗ്രാമീണ ജീവിതം, ഇതെല്ലാം പരിഗണിക്കുമ്പോൾ വലിയ ടൂറിസം സാധ്യതകൾ സർക്കാരിന്റെ പരിഗണനയിലുണ്ട്. കായൽ ടൂറിസം, കണ്ടൽക്കാടുകൾ, തണ്ണീർത്തടങ്ങൾ, ദേശാടനപ്പക്ഷികൾ ഇവയെല്ലാം

അടിസ്ഥാനമാക്കി പ്രകൃതിയും ജൈവവൈവിധ്യവും സമന്വയിപ്പിച്ചുകൊണ്ടുള്ള പദ്ധതികളാണ് ഇവിടെ ആവിഷ്കരിക്കുന്നത്. അതുകൂടാതെ ആ പ്രദേശത്തിന്റെ ചരിത്ര-സാംസ്കാരിക പൈതൃകം സംരക്ഷിക്കുന്ന തരത്തിലുള്ള പൈതൃക ടൂറിസത്തിനും പ്രാദേശിക ജനങ്ങളുടെ പങ്കാളിത്തവും ഉപജീവന മാർഗ്ഗങ്ങളുടെ വികസനത്തെയും പരിഗണിക്കുന്ന ഉത്തരവാദിത്ത ടൂറിസത്തിനും വലിയ സാധ്യതയും പ്രാധാന്യവുമുള്ള സ്ഥലമാണ് മൺറോത്തുരുത്ത്. അതും സർക്കാർ പരിഗണിക്കുന്നുണ്ട്. ഇതിന്റെയെല്ലാം അടിസ്ഥാനത്തിൽ ചില കാര്യങ്ങൾകൂടി പരിശോധിച്ചുവേണം അവിടെ ടൂറിസം പദ്ധതികൾ കൊണ്ടുവരേണ്ടത്. ഒന്ന്, അവിടെയുള്ള ഭൂമിയുടെ ഉടമസ്ഥാവകാശം, ബന്ധപ്പെട്ട അനുമതികൾ, അതിനാവശ്യമായ എൻ.ഒ.സി., തണ്ണീർത്തടങ്ങൾ, കണ്ടൽക്കാടുകൾ, ജലാശയങ്ങൾ അവയൊക്കെ സംരക്ഷിച്ചുകൊണ്ടുള്ള ഒരു ടൂറിസത്തിനുമാത്രമെ മൺറോത്തുരുത്തിൽ നിലനിൽപ്പുള്ളൂ. അതുപോലെ വെള്ളപ്പൊക്കം, തീരശോഷണം, ജലനിരപ്പിലെ വ്യതിയാനങ്ങൾ എന്നീ പ്രാദേശിക വെല്ലുവിളികളും നമ്മൾ

ഉൾക്കൊള്ളുന്നുണ്ട്. നിർമ്മാണങ്ങളുടെ കാര്യത്തിലും പാരിസ്ഥിതികമായ പ്രാധാന്യത്തെ ഉൾക്കൊണ്ടുകൊണ്ടുള്ള നിർമ്മാണങ്ങളായിരിക്കും അവിടെ ഉണ്ടാകുക. നിലവിലെ ബജറ്റിൽ 2 കോടി രൂപ അനുവദിച്ചിട്ടുണ്ട്. നേരത്തെ സൂചിപ്പിച്ച രൂപത്തിലുള്ള വികസന പദ്ധതികൾ....., അങ്ങ് പറഞ്ഞത് ശരിയാണ്, കേരളത്തിലെ ക്ലൈമറ്റ് റെഫ്യൂജീസ് ഉണ്ടാകുന്ന രണ്ട് സ്ഥലങ്ങളിൽ ഒന്ന് മൺറോത്തുരുത്തും മറ്റൊന്ന് കുട്ടനാടുമാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിയും ഞങ്ങളുമെല്ലാം കഴിഞ്ഞ നിയമസഭയിൽ നടപടികൾ നിർത്തിവയ്ക്കാനുള്ള ഉപക്ഷേപം അവതരിപ്പിച്ചിട്ടുള്ളതാണ്. കുട്ടനാടും മൺറോത്തുരുത്തും കേരളത്തിലെ ക്ലൈമറ്റ് റെഫ്യൂജീസുള്ള സ്ഥലങ്ങളാണ്. അത്തരം പാരിസ്ഥിതിക പ്രാധാന്യത്തെക്കൂടി പരിഗണിച്ചുകൊണ്ട് ബഹുമാനപ്പെട്ട എം.എൽ.എ.-യുടെയും ജനപ്രതിനിധികളുടെയും സാന്നിധ്യത്തിൽ ഞാൻതന്നെ നേരിട്ട് ടൂറിസം വകുപ്പിലെ ഉദ്യോഗസ്ഥരുമായി മൺറോത്തുരുത്ത് സന്ദർശിച്ച് ഭാവിപരിപാടികൾ ആസൂത്രണം ചെയ്ത് നടപ്പാക്കുന്നതാണ്.

Submission

(21) ക്ഷീരമേഖല നേരിടുന്ന പ്രതിസന്ധി

ശ്രീ. എം. ആർ. ബൈജു: സർ, കേരളത്തിലെ ക്ഷീര കർഷകർ അനുഭവിക്കുന്ന പ്രശ്നങ്ങൾ സഭയുടെ ശ്രദ്ധയിൽപ്പെടുത്തുന്നതിനുവേണ്ടിയാണ് ഈ സബ്മിഷൻ അവതരിപ്പിക്കുന്നത്. പാലിന്റെ വിലയും ഉൽപാദന ചെലവും തമ്മിലുള്ള അന്തരം വളരെ വലുതാണ്. തീറ്റയുടെയും മരുന്നിന്റെയും വൈദ്യുതിയുടെയും കൃത്രിമ ബീജസങ്കലനത്തിന്റെയും പരിപാലനത്തിന്റെയും കാലിത്തൊഴുത്തിന്റെയും അറ്റകുറ്റപ്പണികൾ നോക്കുമ്പോൾ വളരെയധികം അന്തരം നിലനിൽക്കുന്നുണ്ട്. സംസ്ഥാനത്തിന്റെ പാൽ ഉൽപാദനം 33.85 ലക്ഷം ലിറ്റർ മെട്രിക് ടൺ വേണമെന്നിരിക്കെ 25.61 ലക്ഷം മാത്രമാണ് ഇവിടെ ഉൽപാദിപ്പിക്കപ്പെടുന്നത്. പോഷക സമൃദ്ധമായ ആഹാരമെന്ന നിലയ്ക്ക് പാൽ എന്ന ഉൽപന്നത്തിനെ മാറ്റിനിർത്താൻ സാധിക്കില്ല. കേരളത്തിൽ മൂവായിരത്തിഅഞ്ഞൂറിലധികം ക്ഷീര സംഘങ്ങളുണ്ടെന്നാണ് കണക്ക്. 3.97 ലക്ഷം കർഷകർ ഈ സംഘങ്ങളിൽ പാൽ കൊടുക്കുന്നുണ്ട്. പക്ഷെ അതിന്റെ ഇരട്ടിയിലധികം ആളുകളാണ് പൊതുവിപണിയിൽ പാൽ വിൽക്കുന്നത്. പാലിന്റെ ഉൽപാദന ചെലവിന് ആനുപാതികമായി

കർഷകന് വില ലഭ്യമല്ലെന്നുള്ളതാണ് ഈ മേഖല അഭിമുഖീകരിക്കുന്ന ഏറ്റവും പ്രധാനപ്പെട്ട പ്രശ്നം. പാലുൽപാദനം കുറഞ്ഞാലും പശുവിന്/കാലിക്ക് കൊടുക്കുന്ന തീറ്റയുടെയും പരിപാലനത്തിന്റെയും കാര്യത്തിലൊന്നും പുറകോട്ടുപോകാൻ കഴിയില്ല. കൃഷിയോടൊപ്പം ആയിരക്കണക്കിന് കർഷകരാണ് കൂടിൽ വ്യവസായംപോലെ വീടുകളിൽ പശുവിനെ വളർത്തി/കാലിയെ വളർത്തി അവരുടെ ഉപജീവനമാർഗം നടത്തിക്കൊണ്ടുപോകുന്നത്. സാധാരണക്കാരുടെ ദിവസവേതന വരുമാനത്തിന്റെ കാര്യത്തിൽ കാലിവളർത്തൽ/പശുവളർത്തൽ ഒരു അവിഭാജ്യഘടകമായി മാറിയിരിക്കുകയാണ്. കാലികളുടെ ഭക്ഷണ ചെലവിന്റെ കാര്യത്തിൽ പ്രത്യേകിച്ചും കാലിത്തീറ്റയുടെയും പിണ്ണാക്കിന്റെയുമൊക്കെ വില വർധനവ്, പച്ചപ്പുല്ലിന്റെയും വൈക്കോലിന്റെയുമൊക്കെ ലഭ്യതക്കുറവ്, പരിപാലനത്തിന്റെ ഭാഗമായുള്ള ചികിത്സാ ചെലവിന്റെയും മരുന്നുകളുടെയും വിലയിലുണ്ടാകുന്ന വർധനവ് ഇവയെല്ലാം കർഷകനെ നേരിട്ട് ബാധിക്കുകയാണ്. ഏറ്റവും പ്രധാനപ്പെട്ട വിഷയങ്ങളിലൊന്ന് പാലിന്റെ വില കാലാകാലങ്ങളിൽ സർക്കാർ

വർധിപ്പിക്കുമ്പോൾ അതിനാനുപാതികമായി കാലിത്തീറ്റയുടെയുമൊക്കെ വിലയിലുണ്ടാകുന്ന വലിയ വർധനവ്, പ്രത്യേകിച്ചും ഏറ്റവും അടുത്ത സമയത്ത് ഒരു ലിറ്റർ പാലിന് നാല് രൂപ എന്ന നിലയിൽ വില വർധിപ്പിച്ചപ്പോൾ കാലിത്തീറ്റയുടെ ഒരു ചാക്കിന് 150 മുതൽ 200 രൂപവരെ വർധിക്കുന്ന സാഹചര്യമുണ്ടായി. ഇത്തരത്തിലുള്ള വില വർധനവ് കർഷകന് താങ്ങാൻ സാധിക്കുന്നില്ലെന്ന് മാത്രമല്ല, കർഷകന് ലഭിക്കേണ്ട ആനുകൂല്യങ്ങൾ/ലാഭം കവർന്നുകൊണ്ടുപോകുന്ന ഒരു സാഹചര്യമുണ്ട്. ക്ഷീര കർഷകനെ സംബന്ധിച്ച് മൃഗങ്ങളുടെ ഇൻഷ്വറൻസ് പരിരക്ഷ പൂർണ്ണമായും സൗജന്യമാക്കുന്നതിനാവശ്യമായ അനുബന്ധ നടപടികൾ സ്വീകരിക്കുമോ?

തൊഴിൽ, മൃഗസംരക്ഷണ-വനിതാ ശിശു വികസന വകുപ്പുമന്ത്രി (ശ്രീമതി ബിന്ദു കൃഷ്ണ): സർ, ബഹുമാനപ്പെട്ട അംഗം ചൂണ്ടിക്കാണിച്ചതുപോലെ, കേരളത്തിലെ ക്ഷീര കർഷകർ നേരിടുന്ന നിരവധി പ്രശ്നങ്ങളുണ്ട്. ആ പ്രതിസന്ധികളും പ്രശ്നങ്ങളും പരിഹരിക്കുന്നതോടൊപ്പം ക്ഷീരമേഖലയുടെ നിലനിൽപ്പിനും നിരവധി പദ്ധതികൾ മൃഗസംരക്ഷണ-ക്ഷീര വികസന വകുപ്പുമുഖേന സംസ്ഥാന

സർക്കാർ നടപ്പാക്കിവരികയാണ്. കേരളത്തിലെ ക്ഷീരമേഖല ചെറുകിട കർഷകരെ കേന്ദ്രീകരിച്ചുള്ളതായതിനാൽ ഉയർന്ന ഉൽപാദന ചെലവും തീറ്റപ്പുൽ ദൗർലഭ്യവും നേരിടുന്നതാണ് ഈ മേഖലയെ പിടിച്ചുലയ്ക്കുന്ന പ്രധാന പ്രശ്നങ്ങൾ. ഇത് പരിഹരിക്കുന്നതിനായി ക്ഷീര സഹകരണ സംഘങ്ങൾ മുഖേന ക്ഷീര കർഷകർക്ക് തീറ്റപ്പുൽ, സൈലേജ്, വൈക്കോൽ, ഉണക്കപ്പുല്ല്, ടി.എം.ആർ. തുടങ്ങിയ തീറ്റഘടകങ്ങൾ സബ്സിഡി നിരക്കിൽ ലഭ്യമാക്കുന്നതിനുള്ള പദ്ധതി നടപ്പാക്കിവരുന്നു. ടി പദ്ധതിക്കായി 6 കോടി 70 ലക്ഷം രൂപ വകയിരുത്തിയിട്ടുണ്ട്. ക്ഷീര സഹകരണ സംഘങ്ങൾവഴി കർഷകർക്ക് നേരിട്ട് തീറ്റ ലഭ്യമാക്കുന്നതിലൂടെ ഇടനില ചെലവുകൾ പരമാവധി കുറയ്ക്കുവാനും കർഷകർക്ക് താരതമ്യേന കുറഞ്ഞ നിരക്കിൽ ഗുണമേന്മയുള്ള തീറ്റ ലഭ്യമാക്കുന്നതിനും പാലുൽപാദന ചെലവ് നിയന്ത്രിക്കാനും സാധിക്കും. കൂടാതെ ഈ പദ്ധതിയിലൂടെ വേനൽക്കാലത്ത് തീറ്റപ്പുൽ, വൈക്കോൽ എന്നിവ ഉറപ്പാക്കുന്നതിനും സാധിക്കുന്നതാണ്. ക്ഷീര കർഷകൻ നൽകുന്ന പാലിന് ന്യായവില ഉറപ്പാക്കുന്നതിനും കർഷകരിൽനിന്നും പാൽ സംഭരിച്ച് വിപണനം നടത്തുന്നതിനും നേരത്തെ

സൂചിപ്പിച്ചതുപോലെ കേരളത്തിലെ ക്ഷീരമേഖലയിൽ ക്ഷീര സംഘങ്ങൾ പ്രധാന പങ്കുവഹിക്കുന്നുണ്ട്. 3500 പ്രാഥമിക സഹകരണ സംഘങ്ങളുണ്ട്. 3.97 കർഷകർ നേരിട്ട് പാൽ നൽകിവരുന്നുണ്ട്. ക്ഷീര സംഘങ്ങളിൽ പാൽ സംഭരണം, പാലിന്റെ അളവും ഗുണനിലവാരവും രേഖപ്പെടുത്തൽ, വില കണക്കാക്കൽ, കർഷകർക്ക് നൽകേണ്ട തുക നിർണ്ണയിക്കൽ, മറ്റു പണമിടപാടുകൾ, അക്കൗണ്ടിങ് സ്റ്റേറ്റ്മെന്റ് തയ്യാറാക്കൽ തുടങ്ങിയ പ്രവർത്തനങ്ങൾ പ്രാദേശികമായി ലഭ്യമായ വ്യത്യസ്ത സോഫറ്റ്വെയറുകളോ മാന്വൽ സംവിധാനങ്ങളോ ഉപയോഗിച്ചാണ് നടത്തിവരുന്നത്. അതുപോലെതന്നെ സംഘങ്ങൾക്കിടയിൽ ഉപയോഗിക്കുന്ന സംവിധാനത്തിലും പ്രവർത്തന രീതികളിലും വ്യത്യാസങ്ങൾ നിലനിൽക്കുന്ന സാഹചര്യത്തിൽ എല്ലാ ക്ഷീര സംഘങ്ങൾക്കും ഒരേ രീതിയിലുള്ള സുതാര്യവും കൃത്യവുമായ ഡിജിറ്റൽ സംവിധാനം ഒരുക്കുന്നതിലേക്ക് ക്ഷീരവികസന വകുപ്പ് 'ക്ഷീര ശ്രീ' പദ്ധതിക്കായി 18 കോടി രൂപ വകയിരുത്തിയിട്ടുണ്ട്. അതോടൊപ്പം എം.എസ്.ഡി.പി., ഉരുക്കളെ വാങ്ങുന്ന പദ്ധതി 2026-27 സാമ്പത്തിക വർഷം ക്ഷീരവികസന വകുപ്പിന്റെ വാർഷിക

പദ്ധതിയിലുൾപ്പെടുത്തി 6500 ഉരുക്കളെ അധികമായി വാങ്ങുന്നതിന് ശ്രമിക്കുന്നുണ്ട്. ഇത്തരത്തിൽ നിരവധി പദ്ധതികൾ നടപ്പാക്കുന്നുണ്ട്. സംസ്ഥാന സർക്കാർ പരമാവധി ഈ മേഖലയിൽ ഏറ്റവും നൂതനമായ പദ്ധതികൾ ആവിഷ്കരിച്ച് ഈ മേഖലയെ സംരക്ഷിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണ്. ബഹുമാനപ്പെട്ട കാട്ടാക്കട അംഗം സൂചിപ്പിച്ചതുപോലെ, ക്ഷീരമേഖലയിൽ അസംസ്കൃത വസ്തുക്കളുടെ ചെലവ് വർധിക്കുന്ന പ്രശ്നമുണ്ട്. എന്നിരുന്നാലും സർക്കാർ പരമാവധി ഇടപെടുന്നതാണ്.

(22) കാട്ടാക്കട മത്സ്യമാർക്കറ്റ് നവീകരണം

ശ്രീ. ജി. സ്റ്റീഫൻ: സർ, തിരുവനന്തപുരം ജില്ലയിലെ ഏറ്റവും പ്രധാനപ്പെട്ട മാർക്കറ്റുകളിലൊന്നാണ് അരുവിക്കര നിയോജകമണ്ഡലത്തിലെ പൂവച്ചൽ പഞ്ചായത്തിൽ കാട്ടാക്കടയ്ക്ക് സമീപം സ്ഥിതിചെയ്യുന്ന കാട്ടാക്കട പബ്ലിക് മാർക്കറ്റ്. ടൗണിന് സമീപംതന്നെ താലൂക്ക് കേന്ദ്രത്തിൽ സ്ഥിതിചെയ്യുന്ന ഏകദേശം രണ്ട് നൂറ്റാണ്ടിലേറെ പഴക്കമുള്ള ഒരു പൊതുമാർക്കറ്റാണത്. കൊളോണിയൽ കാലഘട്ടം മുതൽ

മലയോര കാർഷികോൽപന്നങ്ങളുടെ വ്യാപാരത്തിനും മത്സ്യവില്പനയ്ക്കും പേരുകേട്ട ചരിത്ര പ്രധാനമായൊരു മാർക്കറ്റാണ് കാട്ടാക്കട മാർക്കറ്റ്. ഒന്നേമുക്കാൽ ഏക്കർ സ്ഥലത്തായി വ്യാപിച്ചുകിടക്കുന്ന ഈ മാർക്കറ്റിൽ മത്സ്യവില്പനയാണ് ഏറ്റവും പ്രധാനം. മറ്റ് കാർഷികോൽപന്നങ്ങൾ വിൽക്കുന്നതുൾപ്പെടെ ഏകദേശം അഞ്ഞൂറോളം മൊത്ത, ചില്ലറ വ്യാപാരികൾ ഇവിടെ കച്ചവടം നടത്തുന്നുണ്ട്. സമീപ ഗ്രാമപഞ്ചായത്തിൽനിന്നുള്ളവർ ഉൾപ്പെടെ ആയിരക്കണക്കിന് സാധാരണക്കാരായ ജനങ്ങളും മത്സ്യത്തൊഴിലാളികളും ആശ്രയിക്കുന്ന ഈ പൊതുമത്സ്യമാർക്കറ്റിന്റെ അവസ്ഥ ഇപ്പോൾ ശോചനീയമാണ്. പ്രതിദിനം ഈ മാർക്കറ്റിൽ വലിയ അളവിലാണ് ജൈവമാലിന്യം ഉൽപാദിപ്പിക്കപ്പെടുന്നത്. പ്രധാന മാർക്കറ്റ് ദിവസങ്ങളായ തിങ്കൾ, വ്യാഴം ദിവസങ്ങളിൽ നാല് ടൺ മാലിന്യംവരെ അവിടെ അടിഞ്ഞുകൂടുന്നുണ്ട്. ഈ മാർക്കറ്റിൽ നിലവിൽ അടിസ്ഥാന സൗകര്യങ്ങൾക്ക് കടുത്ത ദൗർലഭ്യമുണ്ട്. വിശാലമായ മാർക്കറ്റിന്റെ നവീകരണത്തിന് ശാസ്ത്രീയമായ പദ്ധതികളില്ലാതെ പോയതാണ് ഈ ശോചനീയാവസ്ഥയ്ക്ക് കാരണം.

ലോകബാങ്കിന്റെ സഹായത്തോടെ രാജ്യാന്തര മാർക്കറ്റായി ഇതിനെ മാറ്റുന്നതിനായി ഒരു പദ്ധതി മുമ്പ് പ്രഖ്യാപിച്ചിരുന്നു. അതിനായി 17 കോടി രൂപയാണ് നീക്കിവച്ചിരുന്നത്. എന്നാൽ ആ പദ്ധതി പ്രഖ്യാപനത്തിൽ മാത്രമായി ഒതുങ്ങിപ്പോയി. സ്ഥല സൗകര്യമില്ലാത്തതിനാൽ മാർക്കറ്റിലേക്ക് ഇറങ്ങുന്ന വഴിയിൽ വളരെയധികം ഗതാഗത തടസ്സം അനുഭവപ്പെടുകയാണ്. ഇത് കാട്ടാക്കട ജങ്ഷനിലുൾപ്പെടെ ഗതാഗത തടസ്സമുണ്ടാകുന്നതിന് കാരണമാകുന്നുണ്ട്. മാർക്കറ്റിൽ വാഹന പാർക്കിങ് ഇല്ലാത്തതും പ്രധാനപ്പെട്ട വിഷയമാണ്. മാർക്കറ്റിലെ മലിനജലം ശരിയായി ഒഴുകിപോകുന്നതിന് ഡ്രെയിനേജ് സൗകര്യമില്ലാത്തത് വളരെയധികം ബുദ്ധിമുട്ടുണ്ടാക്കുന്നുണ്ട്. അതിനാൽ ഇവിടെ സുസ്ഥിരമായ മാലിന്യ സംസ്കരണത്തിനുവേണ്ടിയുള്ള പ്ലാന്റ് സ്ഥാപിക്കേണ്ടതുണ്ട്. കൂടാതെ, കച്ചവടക്കാർക്ക് വൃത്തിയുള്ള സ്റ്റാളുകൾ, ശീതീകരണ സംവിധാനം, വലിയ മത്സ്യവാഹനങ്ങൾ അകത്തേക്ക് പ്രവേശിക്കാനുള്ള റോഡ് സൗകര്യം, പാർക്കിങ് സൗകര്യം, ഉപഭോക്താക്കൾക്ക് നടക്കാനുള്ള സൗകര്യം, ശുദ്ധജല ലഭ്യത, ഹൈജീനിക് വേസ്റ്റ്ബിന്നുകൾ എന്നിവയും ഇവിടെ

ആവശ്യമാണ്. പൊതുജനങ്ങൾക്ക് തികച്ചും ആരോഗ്യകരമായ അന്തരീക്ഷത്തിൽ മത്സ്യവും പച്ചക്കറികളും മറ്റ് ഉൽപന്നങ്ങളും വിൽക്കാനും വാങ്ങാനും സാധിക്കുന്ന തരത്തിൽ ഈ മാർക്കറ്റിനെ ശാസ്ത്രീയമായി നവീകരിച്ച് ആധുനിക മാർക്കറ്റാക്കി മാറ്റാനുള്ള നടപടികൾ തദ്ദേശസ്വയംഭരണ വകുപ്പിന്റെ ഭാഗത്തുനിന്നുണ്ടാകണമെന്ന് ഈ സബ്മിഷനിലൂടെ ഞാൻ അഭ്യർഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി): സർ, തിരുവനന്തപുരം ജില്ലയിലെ പൂവച്ചൽ ഗ്രാമപഞ്ചായത്തിലെ കാട്ടാക്കട മാർക്കറ്റിൽ കഴിഞ്ഞ സാമ്പത്തിക വർഷം ജില്ലാ പഞ്ചായത്ത് മുഖേന പുതുതായി നിർമ്മിച്ച മീൻകച്ചവടം നടത്തുന്നതിനുള്ള ഷെഡ് ഒഴികെ കച്ചവടം നടത്തുന്ന ബാക്കി എല്ലാ സ്റ്റാളുകളും കാലപ്പഴക്കം കാരണം നാശാവസ്ഥയിലാണ്. സ്റ്റാളുകളുടെ അപര്യാപ്തത കാരണം അനേകം കച്ചവടക്കാർ പൊരിവെയിലത്ത് കച്ചവടംചെയ്യുന്ന അവസ്ഥയാണുള്ളത്. മാർക്കറ്റിലെ മാലിന്യ സംസ്കരണ സംവിധാനങ്ങളും അപര്യാപ്തമാണ്. കാട്ടാക്കട-ആര്യനാട് പി.ഡബ്ല്യു.ഡി. റോഡിന്റെ സമീപത്ത് സ്ഥിതി

ചെയ്യുന്ന മാർക്കറ്റിൽ പാർക്കിങ് സൗകര്യം ഫലപ്രദമായി ക്രമീകരിക്കാൻ കഴിയാത്തതിനാൽ മാർക്കറ്റ് പ്രവൃത്തി ദിവസങ്ങളിൽ റോഡിൽ വളരെയധികം ഗതാഗതക്കുരുക്ക് അനുഭവപ്പെടുന്നുണ്ട്. പാർക്കിങ് ഏരിയ ക്രമീകരിക്കൽ, മാർക്കറ്റിലേക്കുള്ള കവാട നിർമ്മാണം, പുതിയ സ്റ്റാളുകൾ, ഷെഡ് മാലിന്യ സംസ്കരണ സംവിധാനങ്ങൾ ക്രമീകരിക്കൽ, മറ്റ് അനുബന്ധ മരാമത്ത് പ്രവൃത്തികൾ എന്നിവയ്ക്കായി ഏകദേശം മൂന്ന് കോടിയിലധികം രൂപ മാർക്കറ്റിന്റെ വികസനത്തിന് ചെലവ് പ്രതീക്ഷിക്കുന്നതായി തിരുവനന്തപുരം ജില്ലാപഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ട്. കാട്ടാക്കട പബ്ലിക് മത്സ്യമാർക്കറ്റിന്റെ അടിസ്ഥാന സൗകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിനും ശുചിത്വപൂർണ്ണവും സൗകര്യപ്രദവുമായ വിപണനാന്തരീക്ഷം ഉറപ്പാക്കുന്നതിനുമാവശ്യമായ വികസന പ്രവൃത്തികളും തുകയും ഏറ്റെടുക്കുന്നതിനുള്ള തുടർനടപടികൾ ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനവുമായി ഏകോപിപ്പിച്ചും ഫണ്ട് ലഭ്യതയ്ക്കനുസരിച്ചും പരിശോധിക്കുന്നതാണ്.

(23) <u>കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ഇളവ്</u>

Submission

<u>ശ്രീ. കല്ലട മാഹിൻ</u>: സർ, കാസർഗോഡ് ജില്ലയുടെ ആസ്ഥാനവും ജില്ലയിലെ ഏറ്റവും സുപ്രധാനമായ നഗരവുമായ കാസർഗോഡിന്റെ ഹൃദയഭാഗമാണ് M.G. റോഡ്. ഹൈവേയിൽ നിന്ന് M.G. റോഡിലേക്ക് പ്രവേശിക്കുന്ന സ്ഥലത്ത് അഞ്ച് പതിറ്റാണ്ടിലേറെയായി വളരെ ഇടുങ്ങിയ റോഡാണ് നിലവിലുള്ളത്. അവിടെയുള്ള കെട്ടിടങ്ങളുടെ ഉടമകൾ ഏകദേശം ഒൻപത് മീറ്ററോളം സ്ഥലം ടൗൺ പ്ലാനിംഗിന്റെ നിർദ്ദേശപ്രകാരം വിട്ടിട്ടുണ്ട്. ആ സ്ഥലം സൗജന്യമായി ലഭ്യമാക്കുന്നതിന് വേണ്ടി അവരെ സമീപിച്ചപ്പോൾ അവർക്ക് കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ചില ഇളവുകൾ വേണമെന്ന അഭിപ്രായമാണ് പറയുന്നത്. ഒന്നുകിൽ നിലവിലുള്ള കെട്ടിടനിർമ്മാണ ചട്ടങ്ങളിൽ ഇളവ് നൽകിക്കൊണ്ട് പ്രസ്തുത സ്ഥലം ലഭ്യമാക്കുന്നതിനുള്ള നടപടികൾ കൈക്കൊള്ളുകയോ അല്ലെങ്കിൽ പ്രസ്തുത സ്ഥലമുടമകൾക്ക് പ്രതിഫലം നൽകിക്കൊണ്ട് സ്ഥലം അക്വയർ ചെയ്യാനുള്ളൊരു സംവിധാനം ഉണ്ടാക്കുകയോ വേണം. അക്വയർ ചെയ്യാനുള്ള ഫണ്ട് മുനിസിപ്പാലിറ്റിയുടെ പക്കലില്ല. പി.ഡബ്ല്യു.ഡി. അത് തരണമെന്നാണ് അഭ്യർത്ഥിക്കുന്നത്.

Submission

ഈ പ്രശ്നം പരിഹരിച്ചില്ലെങ്കിൽ, കാസർഗോഡ് നഗരത്തിൽ ഒന്നര മാസങ്ങൾക്കിടെ രണ്ട് അപകടങ്ങളും ഹനീഫ എന്ന പൊതുപ്രവർത്തകനായ ഒരു വ്യക്തി ദാരുണമായി മരണപ്പെടുകയും ചെയ്ത സംഭവവും ഉണ്ടായിട്ടുണ്ട്. ഇത്തരം പ്രശ്നങ്ങൾ പരിഹരിക്കുന്നതിന് കർണ്ണാടക സംസ്ഥാനത്ത് TDR (Transferable Development Rights) എന്ന പേരിൽ അവിടെ സ്ഥലം ഇത്തരത്തിൽ വിട്ട് നൽകുന്നവർക്ക് ഒരു അവകാശം നൽകുന്നുണ്ട്. അതുപോലെയുള്ള എന്തെങ്കിലും സംവിധാനങ്ങളോ അതല്ലെങ്കിൽ നിലവിലുള്ള കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ എന്തെങ്കിലും ഭേദഗതികൾ വരുത്തിക്കൊണ്ട് അവർക്ക് ഒരു ഫ്ലോർ കൂടുതലായി നിർമ്മിക്കാനുള്ള അനുവാദമോ നൽകിയാൽ സൗജന്യമായി സ്ഥലം ലഭ്യമാക്കാൻ സാധ്യതയുണ്ട്. ഇക്കാര്യം സബ്മിഷനിലൂടെ സഭയിൽ ഉന്നയിക്കുകയാണ്. ഇതനുസരിച്ച് കേരള പഞ്ചായത്ത്-മുനിസിപ്പൽ കെട്ടിട നിർമ്മാണ ചട്ടങ്ങളിൽ ആവശ്യമായ ഭേദഗതികൾ വരുത്തണമെന്ന് അഭ്യർത്ഥിക്കുന്നു.

തദ്ദേശ സ്വയംഭരണ വകുപ്പുമന്ത്രി (ശ്രീ. കെ. എം. ഷാജി) സർ, 2019-ലെ കേരള പഞ്ചായത്ത് കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും 2019-ലെ

കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളുടെയും അദ്ധ്യായം 10-ൽ റോഡ് വികസനത്തിന് ഭൂമി സൗജന്യമായി വിട്ടുകൊടുത്ത പ്ലോട്ടുകളിലെ നിർമ്മാണം സംബന്ധിച്ച വ്യവസ്ഥകൾ ഉൾപ്പെടുത്തിയിട്ടുണ്ട്. പുതിയ റോഡ് നിർമ്മിക്കുന്നതിനോ, റോഡ് വീതി കൂട്ടുന്നതിനോ അല്ലെങ്കിൽ നാൽക്കവലയുടെ നവീകരണത്തിനോ, റോഡ്ഘടനയുമായി ബന്ധപ്പെട്ട ഏതെങ്കിലും സൗകര്യത്തിന്റെ രൂപീകരണത്തിനോ, വികസനത്തിനോ വേണ്ടി ഒരു പഞ്ചായത്തിനോ, വികസന അതോറിറ്റിക്കോ, സർക്കാർ വകുപ്പിനോ, അർദ്ധസർക്കാർ സംഘടനയ്ക്കോ, മുനിസിപ്പാലിറ്റിക്കോ സൗജന്യമായി വിട്ടുകൊടുത്ത സ്ഥലത്തിന്റെ പുതിയ കെട്ടിട നിർമ്മാണമോ, നിലവിലുള്ള ശേഷിക്കുന്ന ഭാഗത്ത് കെട്ടിടങ്ങളിൽ മാറ്റമോ, കൂട്ടിച്ചേർക്കലോ നടത്തുന്ന സാഹചര്യത്തിൽ അദ്ധ്യായം 10-ന് കീഴിലുള്ള ആനുകൂല്യങ്ങൾ ഇപ്പോൾ തന്നെ ലഭ്യമാണ്. ഇതിനുവേണ്ടി അപേക്ഷകർക്ക് നിശ്ചിത ഫോറത്തിൽ അനുബന്ധം-എ 3 ബന്ധപ്പെട്ട തദ്ദേശസ്വയംഭരണ സ്ഥാപനത്തിന്റെ സെക്രട്ടറിക്ക് അപേക്ഷ നൽകാവുന്നതാണ്. എന്നാൽ അദ്ധ്യായം 10-ൽ പറഞ്ഞിട്ടുള്ള ആനുകൂല്യങ്ങൾക്ക് പുറമേയുള്ള മറ്റ് കെട്ടിട

നിർമ്മാണ ചട്ടങ്ങൾ ഈ കെട്ടിടങ്ങൾക്കും ബാധകമായിരിക്കും. അദ്ധ്യായം 10-ലെ ഇളവുകൾ അനുവദിക്കുന്ന നടപടിക്രമങ്ങളിൽ ഏതെങ്കിലും സാങ്കേതിക ബുദ്ധിമുട്ടുകൾ ഉണ്ടെങ്കിൽ ആയത് തീർച്ചയായും പരിശോധിക്കുന്നതാണ്.